അധികാരം ജനങ്ങളിലേക്ക്

9-ാം പദ്ധതി ജനകീയ പദ്ധതി

വികസന റിപ്പോർട്ട്

കരവാളൂർ ഗ്രാമപഞ്ചായത്ത്



MIT COMPUTER CENTER

KARAVALOOR

PHONE : OFF :224692

RESI : 223325

(AFFILIATED TO INDIAN COMPUTER EDUCATION CENTER)

We offer the following course:

Long Term Courses:

1. Advanced PGDCA
2. PGDCA
3. DCA
4. DOA
5. DTP
6. Gulf Packages

Short Term Courses:

1. Windows 3.11
2. Windows '95
3. M.S. Word
4. M.S. Office
5. Word Perfect
6. Page Maker
7. Word Star
8. Corel DRAW
9. Lotus 1-2-3
10. dBASE III +
11. FoxPro
12. BASIC Programming
13. C Programming

Our Special Courses

1. Auto CAD
2. Diploma in Multimedia and Animatioin

Usage:- i) To develop Computer Graphics and Animatioin of Cartoons
ii) Mixing and Editing of Video Cassettes
iii) Titling of Telefilms and Video Cassettes
iv) To give Computerisede sound effects

We undertake Commercial purpose Software Developments & All kinds of job works

Our Branch
FRIENDS COMPUTER DIVISION
VILAKKUDY

അധികാരം ജനങ്ങളിലേക്ക്
9–ാം പദ്ധതി ജനകീയ പദ്ധതി

വികസന റിപ്പോർട്ട്

കരവാളൂർ ഗ്രാമപഞ്ചായത്ത്

സമർപ്പണം

ഒൻപതാം പദ്ധതിയിൽ ജനകീയ പങ്കാളിത്തത്തോടെ നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ഉപകരിക്കത്തക്ക നിലയിൽ തയ്യാറാക്കിയതാണ് ഈ വികസനറിപ്പോർട്ട്. നിരവധി പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് തയ്യാറാക്കപ്പെട്ട ഈ റിപ്പോർട്ട് മികവുറ്റതാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ നൽകി സഹായിച്ച വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. കൂടാതെ ഭൂപ്രകൃതിയും വിഭവങ്ങളും എന്ന അദ്ധ്യായം തയ്യാറാക്കിതന്ന സെന്റർഫോർ എർത്ത് സയൻസ് സ്റ്റഡീസ് ശാസ്ത്രജ്ഞരോടും, ഗ്രാമസഭാ സംഘാടനം തൊട്ട് ഇതുവരെ ഈ കർമ്മ പരിപാടിയുമായി സഹകരിച്ച എല്ലാവരോടുമുള്ള കടപ്പാട് ഹൃദയത്തിൽ സൂക്ഷിച്ചു കൊണ്ട് ഈ രേഖ നിങ്ങൾക്കായി സമർപ്പിക്കുന്നു.

ജില്ലാറിസോർസ് പേർസൺസ്

P. രവീന്ദ്രനാഥൻ നായർ
N. ദിവാകരൻ നായർ
T. ബാബു
സുകുമാരൻ നായർ
നരിക്കൽ ഭാസി
C. രാജശേഖരൻ പിള്ള
B. വിജയ മോഹനനൻ
R. അജിത്കുമാർ.

DIA 3.1

കൊല്ലം ജില്ല

പഞ്ചായത്തുകൾ

Source : PRM Programme. CESS

എഡിറ്റോറിയൽ ബോർഡ്

J. സരോജിനിയമ്മ. (കൺവീനർ)

C. രാജുശേഖരപിള്ള

S. പളനിനാഥപിള്ള

T. സുരേഷ് ബാബു

മറിയാമ്മ ബാബു

P. പ്രകാശ്കുമാർ

ജോസഫ് മാത്യു

B. വിജയമോഹനൻ.

R. അജിത്കുമാർ





മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



P.C. ബേബി

C. രാജശേഖരൻ പിള്ള

K.U. ബഞ്ചമിൻ

മാത്തൻ ഇട്ടി



N. സുഭാഷ് പിള്ള

നിലവിലുള്ള പഞ്ചായത്ത് സമിതി

J സരോജിനിയമ്മ
പ്രസിഡന്റ്

മറിയാമ്മ ബാബു
വൈസ്. പ്രസിഡന്റ്



T സുരേഷ് ബാബു
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

R. സുരേന്ദ്രൻ
വാർഡ് 1



T. ബാബു
വാർഡ് 2



ജോസഫ് മാത്യു
വാർഡ് 4

K. വിജയമ്മ
വാർഡ് 6



S. പളനി നാഥ പിള്ള
വാർഡ് 7

P. പ്രകാശ് കുമാർ
വാർഡ് 9

M. ജമീലബീവി
വാർഡ് 10



M. ചന്ദ്രശേഖരപിള്ള
സെക്രട്ടറി

ഉള്ളടക്കം

1. ആമുഖം
2. പൊതുവിവരണം
3. സാമൂഹ്യ സാംസ്ക്കാരിക ചരിത്രം
4. ജനകീയാസൂത്രണം കരവാളൂർ പഞ്ചായത്തിൽ ഒർമ്മയിൽ നിന്നൊരേട്
5. ഭൂപ്രകൃതിയും വിഭവങ്ങളും
6. വികസന മേഖലകൾ
    1) കൃഷിയും ജലസേചനവും
    2) മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം.
    3) വ്യവസായം
    4) വിദ്യാഭ്യാസം
    5) പൊതുജനാരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം.
    6) ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
    7) പാർപ്പിടവും സാമൂഹ്യക്ഷേമവും
    8) സംസ്ക്കാരം
    9) വനിത
    10) സഹകരണം
    11) പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
    12) വിഭവസമാഹരണം.

ആമുഖം

ഭൂപരിഷ്ക്കരണ നിയമത്തിന് ശേഷം സാമൂഹ്യമായി ഏറെ ചലനങ്ങൾ പ്രതീക്ഷിക്കുന്ന ജനകീയാസൂത്രണ പദ്ധതിയിലൂടെ കേരളം മറ്റൊരു പരീക്ഷണത്തിന് തയ്യാറെടുക്കുകയാണ്. യഥാർത്ഥത്തിൽ കേന്ദ്രഗവൺമെന്റ് പ്ലാനിംഗ് കമ്മീഷനും അവയുടെ സംസ്ഥാന പതിപ്പുകളും ഗ്രാമപ്രദേശങ്ങളുടെയും പട്ടണങ്ങളുടെയും മേൽ വികസനപദ്ധതി അടിച്ചേൽപ്പിക്കുകയായിരുന്നു ഇതു വരെ. ഇത് ജനകീയാവശ്യത്തിന് അനുസൃതമോ, പദ്ധതി പ്രദേശത്തിന്റെ ഭൂമിശാസ്ത്രത്തിന് യോജിച്ചതോ ആയിരുന്നില്ല. മാത്രമല്ല ഒരു പ്രദേശത്തെ പ്രകൃതിവിഭവങ്ങളുടെ ലഭ്യതയേയോ, അവയുടെ വിനിയോഗ സാദ്ധ്യതയേയോ കണക്കിലെടുക്കാതെ പരസ്പരബന്ധമില്ലാത്ത സർക്കാർ

വകുപ്പുകളാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നത്....

അങ്ങനെ ജനങ്ങളിൽ നിന്നും അന്യവൽകരിക്കപ്പെട്ട ആസൂത്രണപദ്ധതി പ്രാദേശിക വിഭവസമാഹരണ സാദ്ധ്യതകളെ ഇല്ലാതാക്കുകയും പദ്ധതി നടത്തപ്പിന്റെ ഗതിയെ പിന്നോക്കം വലിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ബഹു കേരളസർക്കാർ കൊണ്ടു വന്ന ജനകീയാസൂത്രണയജ്ഞത്തിന് പ്രസക്തി കൈവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരമാവധി ജന പങ്കാളിത്തത്തോടെ അതാതു പ്രദേശത്തെ പ്രത്യേകതകൾ ഉൾക്കൊണ്ടു കൊണ്ട് വികസന സ്കീമുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അവയുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുന്നതു വഴി ഒമ്പതാം പദ്ധതിയെ ജനകീയ പദ്ധതിയാക്കുകയാണ് ലക്ഷ്യം.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ, ആസൂത്രണ സങ്കേതങ്ങൾ പകർന്നു കൊടുത്തു കൊണ്ട് കൂടുതൽ ശക്തമാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചാലത്തിൽ എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു ആയിരക്കണക്കിന് ഗ്രാമീണർ ഗ്രാമസഭയിൽ അവരുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചു. ഒട്ടേറെ നിർദ്ദേശങ്ങൾ വച്ചു. ഇവ വിദഗ്ദർ, ഉദ്യോഗസ്ഥന്മാർ, അനുഭവജ്ഞാനമുള്ളവർ എന്നിവരുമായി പലവട്ടം ചർച്ചകൾ വിശദമായി നടത്തി. കൂടാതെ പഞ്ചായത്ത് ഭരണസമിതിയും ഓരോ പ്രശ്നങ്ങളും അതിന്റെ വിശദാംശങ്ങളിലേക്ക് കടന്ന് ചെന്ന് വിലയിരുത്തലുകൾ നടത്തി. ഇതിലൂടെയെല്ലാം ഉരുത്തിരിഞ്ഞ് വന്ന വികസന സമീപനങ്ങളുടെ സംക്ഷിപ്തരൂപമാണ് ഈ റിപ്പോർട്ട്

കരവാളൂർ ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

പഞ്ചായത്തിന്റെ പൊതുവിവരണം.

1. പഞ്ചായത്തിന്റെ പേര്	: കരവാളൂർ
2. ഉൾപ്പെടുന്ന വില്ലേജ്	: കരവാളൂർ
3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	: കരവാളൂർ പഞ്ചായത്തിലെ 1 ഉം 3 ഉം വാർഡുകൾ ഉൾപ്പെടുന്ന അഞ്ചൽ B ഡിവിഷൻ, കരവാളൂർ, ഡിവിഷൻ
4. ബ്ലോക്ക് പഞ്ചായത്ത്	: അഞ്ചൽ
5. ജില്ലാ പഞ്ചായത്ത് ഡിവിഷൻ	: അഞ്ചൽ
6. താലൂക്ക്	: പത്തനാപുരം
7. അസംബ്ളി മണ്ഡലം	: പുനലൂർ
8. പാർലമെന്റ് മണ്ഡലം	: അടൂർ (S.C)
9. വിസ്തീർണ്ണം	: 23 84. Sq.KM:
10 അതിരുകൾ	: കിഴക്ക് : പുനലൂർ മുനിസിപ്പാലിറ്റി, ഏരൂർ പഞ്ചായത്ത്
	പടിഞ്ഞാറ് : വെട്ടിക്കവല പഞ്ചായത്ത്
	വടക്ക് : വിളക്കുടി പഞ്ചായത്ത്, പുനലൂർ മുനിസിപ്പാലിറ്റി
	തെക്ക് : അഞ്ചൽ, ഇടമുളയ്ക്കൽ പഞ്ചായത്തുകൾ
11. ജനസംഖ്യ	: 21727
	പുരുഷൻ : 10500
	സ്ത്രീ : 11227
	പട്ടികജാതി : 3058
	പട്ടികവർഗ്ഗം: 18
12. വാർഡുകളുടെ എണ്ണം	:10
13. പട്ടികജാതിസംവരണം	:1
14. വനിതാസംവരണം	: 4
15. ജനറൽ	: 5
16. രൂപീകരിച്ച വർഷം	:1964

സാമൂഹ്യ സാംസ്ക്കാരിക ചരിത്രം.

സ്വാതന്ത്ര്യ പ്രാപ്തിക്കു മുമ്പ് തിരുവിതാംകൂർ നാട്ടു രാജ്യത്തിന്റെ ഭാഗമായിരുന്നു ഈ പ്രദേശം. തുടർന്ന് വന്ന തിരു കൊച്ചി സംസ്ഥാനത്തിൽ കൊല്ലം ജില്ലയുടെ ഭാഗമായി. 1952-ൽ രൂപീകൃതമായ പുനലൂർ പഞ്ചായത്തിലായിരുന്നു ഇന്നത്തെ കരവാളൂർ പഞ്ചായത്ത് ഉൾപ്പെട്ടിരുന്നത്. അന്ന് ഈ പ്രദേശത്ത് 5 വാർഡുകളാണുണ്ടായിരുന്നത്. വെഞ്ചെമ്പ് (ദ്വയാംഗ വാർഡ്), കരവാളൂർ, മാത്ര, എരിച്ചക്കൽ എന്നിങ്ങനെ. ശ്രീമാന്മാർ V.K കൃഷ്ണൻ, ചാത്തൻ പുല്ലൻ എന്നിവർ വെഞ്ചെമ്പ് വാർഡിലും ശ്രീ. ഭാസ്ക്കരൻ നായർ കരവാളൂർ വാർഡിലും ശ്രീ. ചന്ദ്രശേഖരകുറുപ്പ് എരിച്ചിക്കൽ വാർഡിലും ശ്രീ. മുത്തുഭൈരവൻ പിള്ള മാത്ര വാർഡിലേയും മെമ്പർമാരായിരുന്നത്.

രാമായണ കഥയുമായി ബന്ധപ്പെട്ട് രാവണസോദരനായ ഖരൻ ശ്രീരാമലക്ഷ്മണൻമാരുമായുള്ള യുദ്ധത്തിന് വേണ്ടി വാളൂരിയ സ്ഥലമാണ് എന്ന നിലയിൽ കരവാളൂരായതാണ് എന്ന് ഒരു ഐതിഹ്യം നിലനിൽക്കുന്നുണ്ട്. എന്നാൽ ഇവിടെ കച്ചവടത്തിനായി വന്നിരുന്ന തമിഴ്നാട്ടുകാരിൽ നിന്ന് ഈ പ്രദേശത്തിന് കരൈ വാഴും ഊര് (കരയിൽ വാഴുന്ന സ്ഥലം) എന്ന നിലയിൽ കരവാളൂരായതാണ് എന്ന് ചരിത്രം.

മതപരമായി ഹിന്ദുക്കളും മുസ്ലീംകളും ക്രിസ്ത്യാനികളും മാത്രമാണെങ്കിലും ആചാരാനുഷ്ഠാനങ്ങളിൽ ഇവയുടെ ആവാനന്തര വിഭാഗങ്ങൾ വളരെയേറെയാണ്. ഹിന്ദുക്കളിൽ ജാതിപരമായ ആചാരക്രമങ്ങളിലെ വൈജാത്യം ഇന്നും നിലനില്ക്കുന്നു. മുസ്ലീംങ്ങളിൽ അഹമ്മദീയ പ്രസ്ഥാനക്കാർ, മുജാഹിദുകൾ, സുന്നി വിഭാഗങ്ങളുണ്ട്. ക്രിസ്ത്യാനികളുടെ എല്ലാം വിഭാഗങ്ങളും പഞ്ചായത്തിലുണ്ട്.

സ്വാതന്ത്ര്യത്തിനു മുമ്പും സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും എതാനും ജന്മികുടുംബങ്ങളുടെ കൈകളിലായിരുന്നു ഇവിടത്തെ ഭൂമി നിലനിന്നിരുന്നത്. മറ്റുള്ളവർ പാട്ടത്തിനും അല്ലാതെയും ഇവരുടെ ഭൂമികൾ കൃഷിചെയ്ത് വന്നിരുന്നു. കച്ചവടരംഗത്ത് ക്രിസ്ത്യാനികളായിരുന്നു മുൻപിൽ. 1957-ലെ ഭൂപരിക്ഷ്ക്കരണനിയമത്തോടെ കൈവശക്കാരന് ഭൂമി എന്ന തത്വം അനുസരിച്ച് ധാരാളം കുടുംബങ്ങൾക്ക് സ്വന്തമായി. കൂടുതലായും വർക്കല, ഇടവ എന്നിവിടങ്ങളിൽ നിന്നുള്ള സ്രാങ്കന്മാരുടെ ഭൂമിയാണ് ഇവിടത്തെ ആളുകളുടെ കൈകളിലായത്.

ഇവിടെ സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പ് തന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ശക്തമായിരുന്നു. ശ്രീമാന്മാർ M.N. ഗോവിന്ദൻ നായർ, എ. കുമാരൻ, P.K വാസുദേവൻ നായർ, E.M.S, E.K നായനാർ എന്നിവരും ശ്രീ T.M. വർഗ്ഗീസ്, ശ്രീ. പട്ടംതാണു പിള്ള, ശ്രീ. മന്നത്ത് പത്മനാഭൻ എന്നിവരും ഇവിടുത്തെ രാഷ്ട്രീയ മാറ്റത്തിന് വഴിക്കുറിച്ചിട്ടുണ്ട്. ഇന്ന് ഫാമിംഗ് കോർപ്പറേഷൻ ചെയർമാനായിരിക്കുന്ന ശ്രീ P.O സ്പെൻസറാണ് പത്തനാപുരം താലൂക്കിലെ കമ്മ്യൂണിസ്റ്റ് കാർഡ് ലഭിച്ച ആദ്യ കമ്മ്യൂണിസ്റ്റ്.

കരവാളൂർ പഞ്ചായത്ത് രൂപീകരിച്ചതിനുശേഷം ആദ്യമായി പ്രസിഡന്റായത് ശ്രീ. K.O ബഞ്ചമിനാണ്. തുടർന്ന് ശ്രീമാന്മാർ P.C ബേബി, മാത്തൻ ഇട്ടി, രാജശേഖരൻ പിള്ള, സുഭാഷ് പിള്ള എന്നിവർ പഞ്ചായത്തിനെ നയിച്ചു. തുടർന്ന് 1995-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീമതി J. സരോജിനിയമ്മ പ്രസിഡന്റായും ശ്രീമതി. മറിയാമ്മ ബാബു വൈസ് പ്രസിഡന്റായും ശ്രീ സുരേഷ് ബാബു സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമായ ഭരണ സമിതിയാണ് പഞ്ചായത്തിനെ നയിക്കുന്നത്.

നമ്മുടെ ഗതാഗത, ആരോഗ്യ, വിദ്യാഭ്യാസ കാർഷികരംഗങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾ ഈ കാലയളവുകളിലായി ഉണ്ടായിട്ടുണ്ട്. എങ്കിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ഇന്നും ലക്ഷ്യത്തിൽ എത്തിയിട്ടില്ല. ദരിദ്രജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന പ്രവർത്തനത്തിന് പഴയ കാല രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ നൽകിയ സംഭാവനകൾ അവിസ്മരണീയങ്ങളാണ്.

ജനകീയാസൂത്രണം കരവാളൂർ ഗ്രാമപഞ്ചായത്തിൽ ഓർമ്മയിൽ നിന്നൊരേട്

കേരളം എന്നും ഇന്ത്യക്കൊരു മാതൃകയാണ് ,ലോകരാജ്യങ്ങൾക്ക് പല കാര്യങ്ങളിലും ഒരത്ഭുതവും. വിലനിലവാരം പിടിച്ചു നിർത്തുവാൻ മാവേലി സ്റ്റോറുകൾ പോലെയുള്ള സ്ഥാപനങ്ങൾ തുടങ്ങിയതും, സാക്ഷരതാപ്രസ്ഥാനത്തിന് ജീവനും വായുവും നൽകി പരിപോഷിഷിച്ചതും, ഉൾപ്പടെ ഇന്ത്യക്ക് നമ്മുടെ സംസ്ഥാനം മാതൃകയായിത്തീർന്നതുപോലെ, ലേകചരിത്രത്തിലാദ്യമായി നമ്മുടെ സംസ്ഥാനത്ത് കമ്മ്യുണിസ്റ്റ് പ്രസ്ഥാനം തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നത് ലോകകാരാഷ്ട്രങ്ങൾക്ക് ഒരത്ഭുതവും ആയിത്തീർന്നിട്ടുണ്ട്. ഇന്ന് മറ്റൊരു കാര്യത്തിൽ കൂടി നമ്മുടെ കൊച്ചു സംസ്ഥാനം രാജ്യത്തിന്നൊരു മാതൃകയായിത്തീരുന്നു.

നമ്മുടെ രാഷ്ട്ര പിതാവ് മഹാത്മജി ഇന്ത്യയിലെ ദരിദ്രരായ കോടിക്കണക്കിനാളുകളുടെ മോചനത്തിനു വേണ്ടിയും, ജാതിയുടേയും, മതത്തിന്റേയും , ഉച്ചനീചത്വങ്ങളിൽ നിന്ന് രക്ഷപെടുത്തുന്നതിന് വേണ്ടിയും സ്വന്തം ചോരയും ജീവനും രാഷ്ട്രത്തിന് സമർപ്പിച്ചു. ആ മഹാത്മാവിന്റെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ് - ഓരോ ഗ്രാമവും സ്വന്തം കാലിൽ നില്ക്കുവാൻ കഴിയുന്ന, സ്വതന്ത്രമായ അധികാരാവകാശങ്ങളുള്ള- ഇന്ത്യയിലാദ്യമായി കേരളത്തിൽ സാർത്ഥമാവുകയാണ്. അധികാരം താഴെ തട്ടിലേക്ക് കൈമാറപ്പെട്ടു കൊണ്ട് ഒരോ ഗ്രാമവും സ്വതന്ത്ര സ്ഥാപനങ്ങളാവുകയാണ്. ബഹു: കേരള സർക്കാ രിന്റെ ഈ തീരുമാനം ഹർഷാരവങ്ങളെടെയാണ് ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും സ്വീകരിച്ചത്. പരിമിതമായ സാമ്പത്തിക സമാഹരണം മാത്രമെ നമ്മുടെ പഞ്ചായത്തിന് കഴിയുകയുള്ളുവെങ്കിലും ആത്മാർത്ഥതയോടെ, സത്യസന്ധമായി ജനകീയാസൂത്രണം ഇവിടെ നടപ്പിലാക്കുവാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്.

രാഷ്ട്രീയപരമായ, മതപരമായ, ജാതീയമായ യാതൊരു വിധചേരിതിരുവുകളുമില്ലാതെ മുഴുവൻ ആളുകളുടെയും സഹകരണം ഇക്കാര്യത്തിലുണ്ടായിട്ടുണ്ട് എന്നത് ചാരിതാ ർത്ഥ്യകരമാണ്.

എട്ട് പേരെയാണ് ഈ പഞ്ചായത്തിൽ നിന്നും ജില്ലാതല പരിശീലകരായി (ജില്ലാറിസോഴ്സ് പേഴ്സൺ -D.R.P) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. P. രവീന്ദ്രനാഥൻ നായർ, T. ബാബു, N. ദിവാകരൻ നായർ, നരിക്കൽ ഭാസി, സുകുമാരൻ നായർ, ബി. വിജയമോഹനൻ, സി. രാജശേഖരൻ പിള്ള, R. അജിത് കുമാർ എന്നിവരാണ് നമ്മുടെ D.R.P.മാർ. ആദ്യഘട്ടം മുതൽ തന്നെ പരിപാടിയുടെ പ്രധാനപ്പെട്ട ചുമതലകൾ എല്ലാം ആത്മാർത്ഥതയോടെ ഏറ്റെടുത്ത് പഞ്ചായത്തിൽ മുഴുവൻ നിറഞ്ഞു നിന്നു പ്രവർത്തിക്കുന്ന പ്രഗത്ഭമതികളാണ് D.R.P മാരെന്ന വസ്തുത തുറന്നു പറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

D.R.P മാരുടെ ആദ്യഘട്ട പരിശീലനം 1996 സെപ്റ്റംബർ 8, 9, 10 തീയതികളിലായി പുനലൂർ വൃന്ദാവനം ആഡിറ്റോറിയത്തിൽ നടന്നു. ശ്രീ N. ദിവാകരൻനായരെ D.R.P മാരുടെ കൺവീനറായും തെരഞ്ഞെടുക്കപ്പെട്ടു.

ഓരോ വാർഡിൽ നിന്നും മൂന്ന് പേരെവീതം മൊത്തം 10 വാർഡുകളിൽ നിന്നുമായി 30 പേരെയാണ് പഞ്ചായത്തുതല പരിശീലകരായി (ലോക്കൽ റിസോഴ്സ് പേഴ്സൺ -LRP) തെരഞ്ഞെടുത്തത്. ജില്ലാതലപരിശീലകർ, പഞ്ചായത്ത് തല പരിശീലകർക്ക് അർഹിക്കുന്ന പ്രാധാന്യത്തോടെ തന്നെ പരിശീലനം സെപ്റ്റംബർ 13 ന് നൽകി. പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ നടന്ന ശില്പശാല അഞ്ചൽ ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ K. ഷാജി ഉദ്ഘാടനം

ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജ. സരോജിനിയമ്മയുടെ അദ്ധ്യക്ഷതയിൽ നടന്ന ശില്പശാലയിൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലകരും, ജനപ്രതിനിധികളും, പഞ്ചായത്തു അതിർത്തിക്കുള്ളിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു.

തുടർന്ന്, പഞ്ചായത്തിലെ ജനങ്ങളുടെ മനസ്സിൽ എന്നും കുളിർമ പകരുന്ന, ഓർമിക്കുവാനും ജനപങ്കെടുത്തു കൊണ്ട്, ഇന്നലെ വരെ മനസ്സിൽ കൊണ്ടു നടന്ന ആശകളും അഭിലാഷങ്ങളും, ആവലാതികളും പ്രതിഷേധങ്ങളും ജനപ്രതിനിധികളുടെ മുന്നിൽ വാരിവിതറി ആവലാതികളുടെ കെട്ടഴിക്കാനാണ് പലരും ശ്രമിച്ച് D.R.P മാർ വിശദീകരണം നടത്തിക്കഴിഞ്ഞപ്പോൾ പ്രതീക്ഷയുടെ പ്രതക്ഷയുടെ മനസ്സിൽ സൂക്ഷിക്കുവാനും ധാരാളം വസ്തുതകളുള്ള ഈ ഗ്രാമസഭകളിൽ പങ്കെടുത്തു കൊണ്ട്, ഇന്നലെവരെ മനസ്സിൽ കൊണ്ടുനടന്ന ആശകളും അഭിലാഷങ്ങളും അവലാതികളും പ്രതിഷേധങ്ങളും ജനപ്രതിനിധികളുടെ മുന്നിൽ വാരിവിതറി. ആവലാതികളുടെ കെട്ടഴിക്കാനാണ് പലരും ശ്രമിച്ചത്. D.R.P മാർ വിശദികരണം നടജനപങ്കെടുത്തു കൊണ്ട്, ഇന്നലെ വരെ മനസ്സിൽ കൊണ്ടു നടന്ന ആശകളും അഭിലാഷങ്ങളും, ആവലാതികളും പ്രതിഷേധങ്ങളും ജനപ്രതിനിധികളുടെ മുന്നിൽ വാരിവിതറി ആവലാതികളുടെ കെട്ടഴിക്കാനാണ് പലരും ശ്രമിച്ച് D.R.P മാർ വിശദീകരണം നടത്തിക്കഴിഞ്ഞപ്പോൾ പ്രതീക്ഷയുടെ പ്രകാശകിരണങ്ങൾ ഗ്രാമസഭകളിൽ പങ്കെടുത്തവരുടെ വദനങ്ങളിൽ വന്നു നിറയുന്നത് കാണാമായിരുന്നു.

1996 ഒക്ടോബർ 2 നു് ഗ്രാമസഭകൾ കൂടിത്തീരേണ്ടതാണ് എന്ന നിർദ്ദേശം പൂർണമായി നിറവേറ്റുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഒക്ടോബർ 19, 20, 21 എന്നീ തീയതികളിലാണ് ഗ്രാമസഭകൾ കൂടാൻ കഴിഞ്ഞത്. പുനലൂർ അസ്സംബ്ളി മണ്ഡലത്തിൽ നിന്നും മത്സരിച്ച്. വിജയം അറിയുന്നതിന് മണിക്കുറുകൾക്ക് മാത്രം മുമ്പ് ഈ ലോകത്തോടേ വിട പറഞ്ഞ ഈ നാട്ടിന്റെ നേതാവ്, ശ്രീ. പി. കെ. ശ്രീനിവാസന്റെ ഒഴിവ് അസ്സംബളിയിൽ നികത്തുന്നതിനായി ഉപതിരഞ്ഞെടുപ്പ് നടത്തേണ്ടിവന്ന സാഹചര്യത്തിൽ, ജനങ്ങൾക്ക് പൂർണ്ണമായി ജനകീയ ആസൂത്രണവുമായി ബന്ധപ്പെടുവാൻ കഴിയാത്ത സാഹചര്യം ഉൾക്കൊണ്ടു കൊണ്ട് മാത്രമാണ് ഗ്രാമ സഭാരൂപീകരണം ഒക്ടോബർ 19, 20, 21 തീയതികളിലേക്ക് മാറ്റിയത്.

ഗ്രാമസഭകളിൽ നിന്നുയർന്നു വന്നിടുള്ള നിർദ്ദേശങ്ങൾ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, ആവലാതികൾ എല്ലാം തന്നെ, D.R.P മാർ L.R.P മാർ, ഗ്രൂപ്പ് കൺവീനർമാർ എന്നിവർ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്.

D.R.P മാർക്കുള്ള രണ്ടാംഘട്ട പരിശീലനം അഞ്ചൽ സെന്റ് ജോൺസ് കോളേജ് ആഡിറ്റോറിയത്തിൽ വച്ച് 1996 നവംബർ 15, 16, 17 എന്നീ തീയതികളിലായി നടന്നു. തുടർന്ന് നവംബർ 23നു്, കരവാളൂർ പഞ്ചായത്തിലെ L.R.P മാർക്കു വേണ്ടിയുള്ള ഏകദിനശില്പശാല, വെഞ്ചെമ്പ് N.G.P.M. H.S ൽ നടന്നു പഞ്ചായത്തിലെ ഉദ്യോഗസ്ഥ പ്രമുഖരും ഗ്രൂപ്പ് കൺവീനർമാരും L.R.P മാരോടൊപ്പം പങ്കെടുത്തു.

ഗ്രാമസഭ റിപ്പോർട്ടുകൾ അവലംബമാക്കി, ദ്വിതീയ വിവരശേഖരണം പൂർണമായും ഉപയോഗപ്പെടുത്തിക്കൊണ്ട് വികസനറിപ്പോർട്ടിന് നമ്മുടെ D.R.P മാർ രൂപവും ഭാവവും നൽകി. ആകെയുള്ള 12 വിഷയങ്ങൾ D.R.P മാർക്ക് വീതിച്ചു നൽകിക്കൊണ്ട് പഞ്ചായത്തംഗങ്ങളുടെ ഉപദേശമനുസരിച്ച് തന്നെയാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് കൂടാതെ ഭൂപ്രകൃതിയും വിഭവങ്ങളും എന്ന അദ്ധ്യായം തയ്യാറാക്കുന്നതിൽ സെസ്സിലെ (CESS) പ്രോജക്ട് സയന്റിസ്റ്റ് ശ്രീ വിനയൻ വഹിച്ച പങ്കിനെ നന്ദിപൂർവ്വം സ്മരിക്കുന്നു.

വികസനസെമിനാർ എല്ലാ അർത്ഥത്തിലും വിജയിപ്പിക്കുന്നതിനെക്കുറിച്ചു ആലോചിക്കുന്നതിനും, നടത്തുന്നതിനുമായി 1996 നവംബർ 30നു് വിപുലമായ സ്വാഗതസംഘം കരവാളൂർ A.M.M.H.S. ൽ നടന്നു. സാമൂഹ്യസാംസ്കാരിക രാഷ്ട്രീയരംഗത്തെ പ്രമുഖർ സംബന്ധിച്ചു. ഫിനാൻസ്, പ്രോഗ്രാം പബ്ളിസിറ്റി, ഫുഡ് എന്നീ സബ്ബ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

1996 ജനുവരി 11-നു് വികസന സെമിനാർ നടത്തുവാൻ തിരുമാനിക്കുകയും അതിൽ പങ്കെടുക്കേണ്ടവരെ പഞ്ചായത്ത് കമ്മറ്റി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി. ജെ. സരോജിനി അമ്മ,
ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്.

കരവാളൂർ ഗ്രാമപഞ്ചായത്ത് ഭൂപ്രകൃതിയും വിഭവങ്ങളും ആമുഖം

കൊല്ലം ജില്ലയിൽ, അഞ്ചൽ ബ്ലോക്കിന്റെ പടിഞ്ഞാറെ അതിർത്തിയിലായ ഉത്തര അക്ഷാംശം 8° 58 - 9° 3 നും, പൂർവ്വരേഖാംശം 76° 49 - 76° 56 നും മദ്ധ്യേയായി കരവാളൂർ ഗ്രാമ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിന്റെ വടക്ക് വടക്കുകിഴക്കായി വളക്കുടി പഞ്ചായത്തും, പുനലൂർ നഗരസഭയും പടിഞ്ഞാറായി വെട്ടിക്കവല പഞ്ചായത്തും, തെക്കായി ഇടമുളയ്ക്കൽ, അഞ്ചൽ പഞ്ചായത്തുകളും, കിഴക്കുഭാഗത്ത് ആയരനെല്ലൂർ നിക്ഷിപ്തവനം അതിർത്തിയാക്കി കൊണ്ട് ഏരൂർ പഞ്ചായത്തും സ്ഥിതിചെയ്യുന്നു. ഭൂമിശാസ്ത്രപരമായി ' മലനാട്ടിൽ സ്ഥിതിചെയ്യുന്ന (Highland) ഈ പഞ്ചായത്ത് ജില്ലയുടെ മറ്റ് ഭാഗങ്ങളുമായി റോഡു മാർഗം ബന്ധപ്പെട്ടുകിടക്കുന്നു. പുനലൂർ, കരവാളൂർ-അഞ്ചൽ, അടൂക്കളമുല-വെഞ്ചെമ്പ്, വട്ടമൺ-പുനലൂർ, കരവാളൂർ, ആയിരനെല്ലൂർ തുടങ്ങിയ റോഡുകൾ പഞ്ചായത്തിലെ തടിക്കാടു നിന്നുത്ഭവിച്ച് വെഞ്ചെമ്പ്, തുമ്പാശ്ശേരി (വടക്ക്) മുതലായ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് അടുക്കളമുലയിൽ വച്ച് പിറക്കൽ തോടുമായി ചേരുന്നു. വെഞ്ചെമ്പ് പിറക്കൽ തോട്, കരവാളൂർ തോട്, മാത്ര-അടുക്കള മൂല തോട്, എന്നിവ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ നീർവാർച്ച തോടുകളായി വർത്തിയ്ക്കുന്നു. കല്ലട ജലസേചന പദ്ധതിയുടെ ഇടതുകര കനാൽ (Left bank canal) ഈ ഭൂവിഭാഗത്തിലെ തെക്കൻ പ്രദേശങ്ങൾക്കും, തെക്കു കിഴക്കൻ പ്രദേശങ്ങളുടേയും ജലസേചനേ നാപാധിയായി വർത്തിയ്ക്കുന്നു. ശരാശരി സമുദ്ര നിരപ്പിൽ നിന്നും 35 മീറ്റർ (പിറക്കൽ, അടുക്കളമുല തോടുകൾ) മുതൽ 160 മിറ്റർ (വട്ടമൺ കടന്ന്) വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തിന്റെ 70% വിസ്തൃതിയിൽ ചെമ്മണ്ണും (1655 ഹെ) ബാക്കിവരുന്ന 30% വിസ്തൃതിയിൽ (709 ഹെ) നദിജന്യ എക്കലും കാണപ്പെടുന്നു. കേരളത്തിലെ 13 കാർഷിക കാലാവസ്ഥാ മേഖലകളിൽ (arrclimatic zones) മലനാട് (Aighland) എന്ന മേഖലയിൽ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 60.41% (1428 ഹെ) പ്രദേശത്ത് റബറും, 27, 43% പ്രദേശത്ത് (648.34 ഹെ) തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ തുടങ്ങിയ മിശ്രിതവിളകളും 10.62% പ്രദേശത്ത് (251.02 ഹെ) നെല്ലും കൃഷി ചെയ്തുവരുന്നു. വളരെ കുറഞ്ഞ വിസ്തൃതിയിൽ മിശ്രിത മരങ്ങളും തരിശു ഭൂമിയും കാണപ്പെടുന്നു. കുന്നുകളും, ചരിവുകളും, താഴ്വരകളും, അരുവികളും ഇടകലർന്ന പ്രകൃതി രമണിയമായ ഈ ഭൂവിഭാഗത്തിലെ പ്രധാന സ്ഥലങ്ങൾ കരവാളൂർ മാത്ര നരിക്കൽ എരിച്ചിക്കൽ അടുക്കളമൂല എന്നിവ യാണ്,

ഭൂപ്രകൃതി (Landfrom)

ഒരു പ്രദേശത്തിലെ വിഭിന്ന ഭൂവിഭാഗങ്ങളുടെ സവിശേഷതകളും, അവയിലെ ചരിവും, ചരിവിന്റെ ദിശയും കാണിയ്ക്കുന്നതാണ് ദൂപ്രകൃതി. വിവിധ തരത്തിലുള്ള ഭൂവിനുയോഗപ്രവർത്തനങ്ങൾ എതേതിടങ്ങളിൽ നടപ്പാക്കണം, മണ്ണൊലിപ്പിന് ഇരയായിട്ടുള്ളതും, സദ്ധ്യതയുള്ളതുമായ പ്രദേശങ്ങൾ, ദൂമിയുടെ ക്ഷമതാ നിർണ്ണയം എന്നിവയ്ക്കു ആ പ്രദേശത്തിന്റെ ഭൂപ്രകൃതിയെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിയ്ക്കണം.

കരവാളൂർ പഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച് 5 മേഖലകളിൽ തരം തിരിയ്ക്കാം. ഒരോമേഖലയുടെ യും വിവരണവും, വസ്തീർണ്ണവും അവ ഉൾപ്പെടുന്ന പ്രദേശങ്ങളും താഴെ കൊടുക്കുന്നു. (ചിത്രം 3.3, പട്ടികൾ)

പട്ടിക 1 ൽ വിവരിച്ച ഭൂപ്രകൃതി മേഖലകളിൽ ഒന്നാമത്തെ ഭൂവിഭാഗമായ ഉയർന്ന സമതലം അഥവാ കുന്നിന്റെ മുകൾ ഭാഗത്ത് പരന്ന പ്രദേശം താരതമ്യേന കുറഞ്ഞ വിസ്തീർണ്ണത്തിൽ കാണപ്പെടുന്നു. (96 ഹെ) നരിക്കൽ, വെഞ്ചെമ്പ് (പടിഞ്ഞാറ്), മണിയാർ കുന്നിന്റെ മുകൾഭാഗം തുടങ്ങിയ പ്രദേശങ്ങൾ ഈ ദൂവിഭാഗത്തിൽ ഉൾപ്പെടുന്നു. താരതമ്യേന കുറഞ്ഞ ജലലദ്യതയും അഴം കുറഞ്ഞ മണ്ണും ഈ ഭൂവിഭാഗത്തിന്റെ പ്രത്യേ കതകൾ ആണ്. ഇത്തരം പ്രദേശത്തുള്ള താഴ്വരയു മായി ബന്ധപ്പെടുത്തുന്നത് വിവിധ തരത്തിലുള്ള ചരിവുകൾ ആണ്.

മാത്ര, വെഞ്ചോമ്പ്, കരവാളൂർ, പ്ലാത്തറ (വടക്ക്) തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുന്ന രണ്ടാമത്തെ ഭൂപ്ര

പട്ടിക. 1

ക്രമ നമ്പർ	ഭൂക്രൃതി മേഖല	ഭൂപടത്തിലെ ചിഹ്നം	വിസ്തീർണം ഹെക്ടറിൽ	ശതമാനം	ഉൾപ്പെടുന്ന സ്ഥലങ്ങൾ
1	കുന്നിന്റെ മുകൾഭാഗത്തെ പരന്ന പ്രദേശം- അഥവാ ഉയർന്ന സമതലം	T	96.00	4.06	നരിക്കൽ, വെഞ്ചെമ്പ്(പടിഞ്ഞാറ്) മണിയാർ
2	കുന്നിന്റെ ചരിവ് - 5o യിൽ താഴെ മാത്രം ചരിവുള്ള പ്രദേശങ്ങൾ	S1	661.00	27.95	മാത്ര, വെഞ്ചെമ്പ്, കരവാളൂർ, പ്ലാവറ (വടക്ക്)
3	കുന്നിന്റെ ചരിവ് 5 മുതൽ 10 വരെ ചരിവുള്ള പ്രദേശങ്ങൾ	S2	257.00	10.68	മണിയാർ നെല്ലിക്കുന്ന് (കിഴക്ക്) വട്ടമൺ കുന്നിന്റെ താഴ്ഭാഗങ്ങൾ
4	കുന്നിന്റെ ചരിവ് 10 മുതൽ 18 വരെ ചരിവുള്ള പ്രദേശങ്ങൾ	S3	641.00	27.15	വട്ടമൺ, അടുക്കളമൂല, തുമ്പാശേരി, ഒരുനട നരിക്കൽ
5	തോടുകളോടനുബന്ധിച്ച കാണുന്ന നിരന്ന പ്രദേശം അഥവാ താഴ്വര	V	709.00	29.98	വെഞ്ചെമ്പ്, മാത്ര, കരവാളൂർ അടുക്കളമൂല തുടങ്ങിയ വയൽ പ്രദേശങ്ങൾ

കൃതി മേഖല ശരാശരി 5°യിൽ താഴെ ചരിച്ച് കാണിയ്ക്കുന്നു. ആകെ വിസ്തീർണ്ണത്തിന്റെ 27.95 % വരുന്ന (661 ഹെക്ടർ) കാണിയ്ക്കുന്നു. ആകെ വിസ്തീർണത്തിന്റെ 27.95% വരുന്ന (661 ഹെക്ടർ) ഈ ഭൂവിഭാഗം സാമാന്യം നല്ല ജലലഭ്യത, ആഴം കൂടിയ മണ്ണ് തുടങ്ങിയ പ്രകൃതിദത്ത സവിശേഷതകൾ കാണിയ്ക്കുന്നു. മണിയാർ, നെല്ലിക്കുന്നിന്റെ കിഴക്കൻ ഭാഗങ്ങൾ, വട്ടമൺ കുന്നിന്റെ താഴെ ചരിവുകൾ തുടങ്ങിയ പ്രദേശങ്ങൾ 5° മുതൽ 10° വരെ ചരിവുള്ളവയാകുന്നു. കാര്യമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്താത്ത ഈ ഭൂപ്രകൃതി മേഖല ആകെ വിസ്തീർണ്ണത്തിന്റെ 10.86% വരും. (257. ഹെ). വട്ടമൺ, അടുക്കളമൂല, തുമ്പാശ്ശേരി, ഒരുനട, നരിക്കൽ തുടങ്ങിയ പ്രദേശങ്ങൾ 10° മുതൽ 18° വരെ ചരിവുള്ള ഭൂപ്രകൃതി മേഖലയിൽ ഉൾപ്പെടുന്നു. കുറഞ്ഞ ജലലഭ്യതയും, ആഴം കുറഞ്ഞ മണ്ണും, ഉപരിതലത്തിൽ പാറയുടെ സാനിദ്ധ്യവും കാണിയ്ക്കുന്ന ഈ ഭൂവിഭാഗം പഞ്ചായത്തിന്റെ ആകെ വിസ്തീർണത്തിന്റെ 27.15% വരും. (641. ഹെ). 10° യിൽ കൂടുതൽ ചരിവുള്ള ഈ പ്രദേശങ്ങൾ എല്ലാം തന്നെ മണ്ണൊലിപ്പുള്ളതോ, മണ്ണൊലുപ്പിന് സാധ്യതയുള്ളതോ ആകുന്നു.

തോടുകളോടും പുഴകളോടും അതിനോടനുബന്ധിച്ചും കാണപ്പെടുന്ന നിരന്ന പ്രദേശങ്ങൾ ആണ് താഴ്വര. 709.00 ഹെക്ടർ (29.98%) വിസ്തീർണ്ണമുള്ള ഈ ഭൂപ്രകൃതി മേഖലയിൽ ഈ പഞ്ചായത്തിലെ വെഞ്ചെമ്പ്, മാത്ര, അടുക്കളമൂല, കരവാളൂർ തുടങ്ങിയ മുഴുവൻ വയൽ പ്രദേശങ്ങളും ഉൾപ്പെടുന്നു. നല്ല ഫലഭൂയിഷ്ഠിയുള്ള മണ്ണ്, താരതമ്യേന നല്ല ജലലഭ്യത തുടങ്ങിയ സവിശേഷതകൾ കാണിയ്ക്കുന്ന ഈ ഭൂവിഭാഗം കാർഷികേതര ആവശ്യങ്ങൾ ഉപയോഗിക്കൽ, ഇഷ്ടിക നിർമാണത്തിനുള്ള കളി മണ്ണെടുക്കൽ, വെള്ളകെട്ട് തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്നു.

കാലാവസ്ഥ

കാലാവസ്ഥയനുസരിച്ച് കേരള സംസ്ഥാനം മൊത്തം സമശീതോഷ്ണ മേഖലയിൽ ഉൾപ്പെടുന്നു. എന്നാൽ കരവാളൂർ പഞ്ചായത്തിലെ കാലാവസ്ഥ


Punalur
9° 3'
Vilakkudi
Vettikkavala
Edamulakkal
Anchal
Eroor
8° 58'
76° 49'
76° 56'
KARAVALOOR PANCHAYAT
SOIL, SURFACE MATERIAL &
WATER AVAILABILITY
N
INDEX
Water availability
SEASONAL/ LOW POTENTIAL AREA
STREAM/ INDUS
POND
PANCHAYAT BOUNDARY
Surface material : Soil
ALLUVIUM/ SEMI
LATERITE
ROCK EXPOSURE
Texture
Sandy loam
Gravelly loam
Sandy clay
KARAVALOOR
MATHRA
VENCHEMBU
THUMPASSERY

വിശകലനം ചെയ്യുമ്പോൾ കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ നിന്ന് ചെറിയതോതിൽ വ്യത്യസ്ഥമായൊരു ചിത്രം നമുക്ക് കാണാൻ കഴിയുന്നു. പശ്ചിമഘട്ട മലനിരകളിലെ ചെങ്കോട്ട പ്രദേശത്തെ ചെറിയ വിടവ് ഈ പ്രദേശങ്ങളിലെ പ്രത്യേകച്ചും അഞ്ചൽ ബ്ലോക്കിലെ) കാലാവസ്ഥയിൽ സാമാന്യം മോശമില്ലാത്ത സ്വാധിനം ചെലുത്തുന്നതായാണ് പഠനങ്ങൾ തെളിയിയ്ക്കുന്നത്. അതതു പ്രദേശങ്ങളിൽ നിലനിൽക്കുന്ന കാലവസ്ഥ ചക്രത്തെയും, നടത്തിവരുന്ന കൃഷിയേയും ആസ്പദമാക്കി കേരളത്തെ 13 കാഷിക കാലാവസ്ഥാ മേഖലകളാക്കി തിരിച്ചിട്ടുള്ളതിൽ മലനാട് (Aigh laud) എന്ന മേഖലയിലാണ് ഈ പഞ്ചായത്തിന്റെ സ്ഥാനം. ഇവിടെ നിലനില്ക്കുന്ന പൊതുവായ കാലാസ്ഥ ചക്രം. ചിത്രം 3.4 കാണിയ്ക്കുന്നു.

1. വാർഷപാതം (Rainfull)

കേരളം പോലുള്ള ഒരു സംസ്ഥാനത്തിലെ കാർഷികമായും വ്യാവസായികമായും മറ്റുമുള്ള അഭിവൃദ്ധി മഴയെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ മഴയുടെ ലഭ്യത സമ്പദ് വ്യലസ്ഥയേയും സ്വാധീനിക്കുന്നു. കാലവസ്ഥാ നിരീക്ഷണ കോന്ദ്രത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ വച്ച് ഈ പഞ്ചായത്തുകൾ പ്പെടുന്ന പ്രദേശത്തെ വിശകലനം ചെയ്യുമ്പോൾ, വർഷപാതത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിൽ നുന്നും (പാലക്കാട് ഒഴികെ) ജില്ലയുടെ മറ്റുഭാഗങ്ങളിൽ നുന്നും വ്യത്യസ്ഥമായൊരു ചിത്രം ഒരോ വർഷത്തിലും ഏപ്രിൽ മുതൽ നവംബർ അവസാനം ഡിസംബർ ആദ്യം വരെ മഴലഭിയ്ക്കുന്നുണ്ടെങ്കിലും വർഷത്തിൽ ആകെ ലഭിച്ച മഴയുടെ കണക്കെടുത്ത് പ്രതിമാസ ശരാശരിയേക്കാളും (251 മി.മി), കൊല്ലം ജില്ലയിലെ ശരാശരിയേക്കാളും (221.5 മി.മി) താഴെയാണ് ഇവിടത്തെ മഴയുടെ ലഭ്യത എന്നുകാണാം (206.30 മി.മി) (പട്ടിക. 2) ചിത്രം 3-5) 1994ൽ കേരള സംസ്ഥാനത്ത് 3063 മി.മി റും കൊല്ലം ജീല്ലയിൽ 255 മി.മി റും മഴ ലഭിച്ചപ്പോൾ കരവാളൂർ പഞ്ചായത്തു പ്രദേശത്ത് ലഭിച്ച മഴ 2470 മി. മി. ആണെന്നു കാണാം (പട്ടിക. 3) മാത്രമല്ല ഈ പ്രദേശത്ത് ആകെ ലഭിയ്ക്കുന്ന വർഷപാതത്തിന്റെ 55 മുതൽ 60% വരെ ലഭിക്കുന്നത് ജൂൺ, ജുലായ്, ഒക്ടോബർ മാസങ്ങളിലായാണ്. ഡിസംബർ, ജനുവരി മാസങ്ങളിൽ സാധാരാണയായി കാര്യമായി മഴ ലഭിയ്ക്കുന്നില്ലെന്നു കാണാം.

താപനില (Temperature)

താപനിലയുടെ വ്യതിയാനത്തിലും ഈ പ്രദേശത്തിന്റെ വ്യത്യസ്ഥമായൊരു മുഖമാണ് നമുക്ക് ദർശിയ്ക്കാനും കഴിയുക. സംസ്ഥാനത്തിന്റെ

മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് (പാലക്കാട് ഒഴികെ) താപനില അൽപം കൂടുതലായാണ് കണ്ടു വരുന്നത്. ഏപ്രിൽ മാസത്തിലാണ് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത്. ചില വർഷങ്ങളിൽ, ഈ മാസത്തിൽ താപനില 37.5 സെൽഷ്യസ് വരെ ഉയർന്നിട്ടുണ്ട്. മെയ്മാസം മുതൽ താപനിലയിത് പടിപടിയായി കുറവ് അനുഭവപ്പെടുന്നു. അത് ഡിസംബർ ജനുവരി മാസങ്ങൾ വരെ തുടരുന്നു. ഏറ്റവും കുറഞ്ഞ താപനില രേഖപ്പെടുത്തുനത് ജനുവരി മാസത്തിലാണ്. ചില വർഷങ്ങളിൽ ഈ മാസത്തിൽ താപനില 19.6 സെൽഷ്യസ് വരെയായി കുറയാറുണ്ട്. അതു കഴിഞ്ഞാൽ വീണ്ടും ക്രമേണ താപനില വർധിയ്ക്കുകയും ഈ കാലവസ്ഥാചക്രം ആവർത്തിക്കുകയും ചെയ്യുന്നു. (പട്ടിക4 ചിത്രം 3.7)

ഈർപ്പം (Humidity)

അന്തരിക്ഷതിലെ ഈർപ്പത്തിന്റെ അളവും കാലവസ്ഥാ നിർണ്ണയത്തിലെ പ്രധാനപ്പെട്ട മറ്റൊരു ഘടകമാണ്. അന്തരീക്ഷ ഊഷ്മാവും, ഈർപ്പവും വർഷപാതവും മറ്റും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. കരവാളൂർ പഞ്ചായത്തിൾപ്പെടുന്ന പ്രദേശങ്ങളിലെ ഈർപ്പത്തിന്റെ അളവിനെ കുറിച്ചു ലഭ്യമായ വിവരങ്ങൾ പഠിക്കുമ്പോൾ, ജൂലായ്, ആഗസ്റ്റ്, ഒക്ടോബർ മാസങ്ങളിലാണ് അന്തരീഷത്തിൽ ഏറ്റവും കൂടുതൽ ഈർപ്പ ത്തിന്റെ അളവ് എന്ന് കാണാൻ കഴിയും. ചില വർഷങ്ങളിൽ ഇത് 95% വരെ എത്താറുണ്ട്. ഡിസംബർ, ജനുവരി മാസങ്ങളിലാണ് അന്തരിക്ഷത്തിലെ ഈർപ്പത്തിന്റെ അളവ് ഏറ്റവും കുറഞ്ഞതായി രേഖപ്പെടുത്തുന്നത്. ചിലവർഷങ്ങളിൽ ഈ മാസങ്ങളിൽ ഈർപ്പത്തിന്റെ അളവ് 41% വരെ കുറയാറുണ്ട്. പട്ടിക 5 ചിത്രം 3.8

കവാളൂർ പഞ്ചായത്തുൾപ്പെടുന്ന പ്രദേശങ്ങളിൽ 1994-ൽ രേഖപ്പെടുത്തിയ പ്രതിമാസ ശരാശരി അപേക്ഷിക ഈർപ്പത്തിന്റെ അളവ് 41% വരെ കുറയാറുണ്ട്. (പട്ടിക 5 ചിത്രം 3.8)

കരവാളൂർ പഞ്ചായത്തുൾപ്പെടുന്ന പ്രദേശങ്ങളിൽ 1994-ൽ രേഖപ്പെടുത്തിയ പ്രതിമാസ ശരാശരി അപേക്ഷിക ഈർപ്പത്തിന്റെ അളവ് (ശതമാനത്തിൽ)

പട്ടിക II

ക്രമ നമ്പർ	വിവിധ തലങ്ങൾ	ലഭിച്ച പ്രതിമാസ ശരാശരി വർഷപാതം മില്ലീമീറ്റർ						
		1990	1991	1992	1993	1994	1995	1996
1	സംസ്ഥാന തലം	231.66	258.83	279.41	235.00	NA	NA	NA
2	ജില്ലാ തലം	213.25	228.75	202.50	241.60	NA	NA	NA
3.	കരവാളൂർ പഞ്ചായത്ത്	189.09	205.00	268.78	188.95	212.82	196.65	183.26

പട്ടിക III

1990 ജനുവരി 1 മുതൽ 1996 ഒക്ടോബർ മാസം 13 നു വരെ കരവാളൂർ പഞ്ചായത്തുൾപ്പെടുന്ന പ്രദേശങ്ങയിൽ ലഭിച്ച മഴയുടെ വിവരങ്ങൾ

(ലഭിച്ച വർഷപാതം മില്ലി. മിറ്ററിൽ)

വർഷം / മാസങ്ങൾ	1990	1991	1992	1993	1994	1995	1996
ജനുവരി	40.20	7.60	2.20	0.00	0.00	20.00	16.60
ഫെബ്രുവരി	0.00	0.00	0.00	84.60	128.80	0.00	38.20
മാർച്ച്	48.70	116.80	0.00	19.30	11.20	136.40	159.60
ഏപ്രിൽ	19.70	115.80	45.80	185.60	160.00	216.40	66.00
മെയ്	476.62	94.00	379.60	267.60	181.00	292.20	377.20
ജൂൺ	366.40	892.70	614.60	480.80	501.00	284.20	229.20
ആഗസ്ത്	124.80	148.60	244.40	89.60	440.60	253.40	215.00
സെപ്റ്റംബർ	65.40	66.00	319.00	61.40	189.20	260.00	364.40
ഒക്ടോബർ	422.30	237.60	688.00	415.30	436.40	211.60	73.500
നവംബർ	280.40	394.40	468.60	250.30	143.80	250.20	NA
ഡിസംബർ	2.20	0.00	0.00	28.00	10.00	0.00	0.00 ലഭ
ആകെ	2257.00	2459.20	3225.40	2267.00	2254.00	2369.00	1833.10
പ്രതിമാസ ശരാശരി	188.00	205.00	268.78	188.95	2212.82	196.65	192.95

(അവംബം D.A.F അഞ്ചൽ.)

പട്ടിക IV

കരവാളൂർ പഞ്ചായത്തുൾപ്പെടുന്ന പ്രദേശങ്ങളിൽ 1994. ൽ രേഖപ്പെടുത്തുന്ന പ്രതിമാസ ശരാശരി താപനില.

പ്രതിമാസ ശരാശരി താപനില ഡിഗ്രി സെൽസ്യസിനു.

മാസങ്ങൾ / താപനില	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗ്സ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
കൂടിയതാപനില	34.0	35.9	37.1	35.4	33.6	30.7	30.3	30.6	32.7	31.9	32.4	34.2
കുറഞ്ഞതാപനില	19.6	20.4	22.0	23.7	23.7	23.4	22.3	23.1	22.9	22.8	22.5	21.64

മാസങ്ങൾ	പ്രതിമാസ ശരാശരി അപേക്ഷിക ഈർപ്പത്തിന്റെ അളവ് (ശതമാനത്തിൽ)											
സമയം	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
0830 IST	90	92	92	91	88	94	94	95	93	91	91	98
1730 IST	60	61	57	69	70	79	82	78	69	82	71	59

നിമ്നോന്നതാവസ്ഥ (Relief)

പഞ്ചായത്തിലെ ഒരോ പ്രദേശങ്ങളുടേയും ശരാശരി സമുദ്രനിരപ്പിൽ നിന്നുള്ള (Meau Sea Level) ഉയരമാണ് നിമ്നനോന്നാതാവസ്ഥ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഭൂവിഭാഗത്തെ മൊത്തത്തിൽ വിലയിരുത്തുമ്പോൾ അടുക്കളമുല, മാത്രതോട്, മണിയാർ തോട് എന്നിവ ശരാശരി സമുദ്രനിരപ്പിൽ 160 മീറ്റർ ഉയരമുള്ള വട്ടമൺ കുന്നാണ്. ഇത് ഈ ഭൂവിഭാഗത്തിന്റെ വടക്കുപടിഞ്ഞാറെ അതിർത്തിയിലായി സ്ഥിതിചെയ്യുന്നു. (ചിത്രം 3.9)

തിമ്നനോന്നതാവസ്ഥയനുസരിച്ച് കരവാളൂർ പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ അഞ്ചായി തരം തിരിയ്കാം. ഒരോ മേഖലയുടെ വിവരണവും, വിസ്തീർണ്ണവും അവ ഉൾപ്പടുന്ന പ്രധാനസ്ഥലങ്ങളും താഴെ കൊടുക്കുന്നു.

(പട്ടിക .6 ചിത്രം. 3.9)

അനുസരിച്ച് മാത്ര, അടുകളമൂല, തുമ്പശ്ശേരി, കരവാളൂർ തുടങ്ങിയ കരപ്രദേശങ്ങളും വെഞ്ചെമ്പ് വയൽ പ്രദേശങ്ങളും, ശരാശരി സമുദ്ര നിരപ്പിൽ നിന്ന് 40 മിനം 60 മിനം ഇടയിലായും സ്ഥിതിചെയ്യുന്നു. താഴ്വര എന്ന ഭൂപ്രകൃതിയിൽ വിഭാഗം മുഴുവനായും ഈ രണ്ടു നിമ്നനോന്നത മേഖലകളിലാണ് സ്ഥിതിചെയ്യുന്നത്തെന്നു കാണാം ആദ്യരണ്ടു നിമ്നനോന്നതമേഖലകൾ ഏകദേശം മൊത്തം വിസ്തീർണ്ണത്തിന്റെ 60.32 % (1426 ഹെ) വരും വെഞ്ചെമ്പ്, നരിക്കൽ, നെല്ലിക്കുന്ന് പ്ലാവറ എന്നീ പ്രദേശങ്ങളുടെ താഴ്വരയോടനുബന്ധിച്ചുള്ള സ്ഥലങ്ങൾ ശരാശരി സമുദ്രനിരപ്പിൽ നിന്ന് 60 മി.നും 100 മി.നും ഇടയിലായി സ്ഥിതി ചെയ്യുന്നു. ഇത് ആകെ വിസ്തൃതിയുടെ 26.65% (630.00 ഹെ) ശരാശരി സമുദ്രനിരപ്പിൽ നിന്നും 100 മി.നു മുകളിലായി സ്ഥിതിചെയ്യുന്നു. ഇതിൽ വട്ടമൺ തുമ്പാശ്ശേരി, നരിക്കൽ, ഒരുനട എന്നി കുന്നിൻ

പട്ടിക .6

ക്രമ നമ്പർ	നിമ്നോന്നത മേഖലകൾ ഹെക്ടറിൽ	വിസ്തീർണ്ണം	ശതമാനം	ഉൾപ്പെടുന്ന പ്രധാനസ്ഥലങ്ങൾ
1	ശരാശരി സമുദ്രനിരപ്പിൽ നിരപ്പിൽ നിന്ന് 4.0 മിറ്റും. ം	594.00	25.13	മാത്ര, അടുക്കളമുല, തുമ്പശ്ശേരി, കരവാളൂർ തുടങ്ങിയ കരവാളൂർ തുടങ്ങിയവയൽ പ്രദേശങ്ങൾ
2.	ശരാശരി സമുദ്രനിരപ്പിൽ നിന്ന് 40 മി.നും 60 ഇടയിൽ			
3.	ഉയരമുള്ള പ്രദേശങ്ങൾ ശരാശരി സമുദ്രനിരപ്പിൽ നിന്ന് 60 മി.നം 80 മി നും ഇടയിൽ ഉയരമുള്ള പ്രദേശങ്ങൾ	832.00 396.00	35.19 16.75	മാത്ര, മണിയാർ, കരവാളൂർ, തുടങ്ങിയ കരഭാഗങ്ങൾ വെഞ്ചെമ്പ്, നരിക്കൽ, നെല്ലിക്കുന്ന്, പ്ലാവറ, തുടങ്ങിയ
4.	ശരാശരി സമുദ്രനിരപ്പിൽ നിന്ന് 80 മി. നും 100 മി.നും ഇടയിൽ ഉയരമുള്ള പ്രദേശങ്ങൾ	234.00	9.90	പ്രദേശങ്ങളുടെ താഴ്വാരങ്ങൾ നെല്ലിക്കുന്ന്.
5	ശരാശരി സമുദ്രനിരപ്പിൽ നിന്ന് 100 മി കൂടതൽ ഉയരമുള്ള പ്രദേശങ്ങൾ	308.00	13.03	വട്ടമൺ. തുമ്പാശ്ശേരി, നരിക്കൽ. ഒരുനട.

പട്ടിക 6 ൽ കൊടുത്തിരിയ്കുന്ന നിമ്നോന്നത മേഖലകൾ

പ്രദേശങ്ങൾ ഉൾപ്പെടുന്നു. ഈ ഭൂവിഭാഗങ്ങൾ എല്ലാം തന്നെ കുഞ്ഞ ജലദ്വേത കാണിയ്ക്കുന്നതും, മണ്ണൊലിപ്പുള്ളതോ, മണ്ണൊലിപ്പിനു സാധ്യത യുള്ളതോ ആകുന്നു.

നിർമറി പ്രദേശങ്ങളും, നീർവാർച്ചാ തോടുകളും (watershed areas & drainge)

ഒരു പ്രദേശത്തെ വികസന പ്രവർത്തനം ആസൂത്രണം ചെയ്യുമ്പോൾ ആ പ്രദേശത്തെ അടിസ്ഥവിഭവങ്ങൾ ആയ മണ്ണ് ജലം സസ്യജാലം എന്നിവയ്ക്കു അർഹമായ പ്രധാന്യം നൽകേണ്ടതാ യുണ്ട് സൂഷ്മ തലത്തിൽ ആസൂത്രണ പ്രക്രിയ നടത്തുമ്പോൾ ഭൂവിഭാഗങ്ങളെ നിർമറി അടിസ്ഥാന ത്തിൽ തരംതിരിയ്ക്കുന്നതായിരിക്കും ഉചിതം. ഏതെ കിലും ഒരു അരുവിയിലേയ്ക്കു, അഥവാ തോട്ടിലേയ്ക്കു അല്ലെങ്കിൽ നദിയിലേയ്ക്കോ പുഴയി ലേക്കോ എത്രമാത്രം പ്രദേശത്തെ പെയ്തേൽക്കുന്ന വെള്ളം എത്തിചേരുന്നുവോ അത്രയും പ്രദേശങ്ങൾ ആ ജലവാഹിനിയുടെ നീർമറി അഥവാ ആവാഹക പ്രദേശം (Watershed) എന്നു പറയുന്നു. ഒരു പ്രദേശ ത്ത് പെയ്യുന്ന വെള്ളം എത്രമാത്രം സാവധാനത്തിലാ ണ് പ്രധാന ജലവാഹിനിയിൽ എത്തുക എന്നതിന്റെ അടിസ്ഥാനത്തിലാണ് നീർമറിയുടെ കാര്യക്ഷമത കണക്കാക്കുന്നത്. ഒരു നിർമറിയുടെ കാര്യക്ഷമത പ്രധാനമായും 5 ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

1. **നിർമറി പ്രദേശങ്ങളുടെ ആകൃതി.**

സമചതുരാകൃതിയിലുള്ള നിർമറികളാണ് മറ്റ് ആകൃതിയിലുള്ള നീർമറികളേക്കാൾ കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നത്. വീതി വളരെ കുറഞ്ഞ നീളത്തി ൽ വ്യാപിച്ചു കിടക്കുന്ന നിർമറി പ്രദേശങ്ങൾ ഒട്ടും തന്നെ കാര്യക്ഷമമാക്കുകയില്ല

2. **നീർമറി പ്രദേശത്തിന്റെ ഭൂപ്രകൃതിയും ചരിവും**

ഇതും ജല പ്രവാഹത്തിന്റെ വേഗതയെ നിയന്ത്രിക്കുന്ന ഘടകങ്ങൾ ആണ്. സ്വഭാവികമായും ഭൂപ്രകൃതിയും ചരിവും ഒരു നീർമറി പ്രദേശത്തിന്റെ കാര്യക്ഷമതയെ നിയന്ത്രിയ്ക്കുന്നു

3. നിർമറി പ്രദേശങ്ങളിൽ ലഭ്യമായികൊണ്ടിരിയ്ക്കുന്ന വർഷപാതത്തിന്റെ അളവും മഴപെയ്യുന്ന രീതിയും ഇടവിട്ടുള്ള മഴ ലഭിയ്ക്കുമ്പോൾ പരാമധി ജലസംഭ രണവും, ജലശോഷണവും നടക്കുന്നു. എന്നാൽ ശക്തമായ മഴ പെയ്യുമ്പോൾ അതിന്റെ ഏറിയ പങ്കും കുത്തിയൊലിച്ചു പോകുന്നു.

4. **മൺതരങ്ങൾ**

നിർമറി പ്രദേശത്തെ ആവരണം ചെയ്തുകിട ക്കുന്ന മൺതരങ്ങൾ ആ നീർമറിയുടെ കാര്യക്ഷമതയെ നല്ലൊരളവുവരെ സ്വാധിനിക്കുന്നു. താരതമ്യേന നീർവാർച്ചയുള്ളതും മണലിന്റെ അംശം കുടുതലു ള്ളതുമായ തരം മണ്ണാണ് എങ്കിൽ ജലസംഭരണം നല്ല തോ തിൽ നടക്കുന്നു. എന്നാൽ കളിമണ്ണിന്റെ അംശം കൂടും തോറും നീർവാർച്ച കുറയുകയും ജലസംഭരണശേഷി കുറയകയും ചെയ്യുന്നു

5. **സസ്യാവരണം**

ഒരു നീർമറി പ്രദേശത്തെ ഇടതൂർന്ന് വളരുന്ന സസ്യലതാദികൾ ആ നിർമറിയുടെ കാര്യക്ഷമത വളരെയ ധികം കൂട്ടുന്നു. സസ്യാവരണം നിലനില്ക്കാത്ത പ്രദേശ ങ്ങളിൽ മഴവെള്ളം അതിവേഗം കുത്തിയൊലിച്ചു പോകു കയും ജലസംഭരണം നാമമാത്രമായി തീരുകയും ചെയ്യു ന്നു. . ശാസ്ത്രീയരിതിയിലുള്ള ജലസംരക്ഷണം, മണ്ണു സംരക്ഷണം മറ്റു കൃഷി രീതികൾ എന്നിവ നീർമറി അടി സ്ഥാനത്തിൽ നടപ്പിലാക്കുക വഴി ജലദൗർലഭ്യം, മണ്ണൊ ലിപ്പ് എന്നിവ നല്ലൊരു അളവുവരെ പരിഹരിയ്ക്കാനും ഊഷര ഭൂമികളെ അക്ഷരാർത്ഥത്തിൽ ഊർവ്വരഭൂമിയാക്കി മാറ്റാനും സാധിയ്ക്കും.

കരവാളൂർ പഞ്ചായത്തിലെ നിരവധി പ്രദേശങ്ങളേയും നീർവാർച്ചയേയും തടിക്കാട് വെഞ്ചെമ്പ്, അടുക്കളമൂല തോട് , കരവാളൂർ- അടക്കളമൂലതോട്, മാത്ര അടുക്കള മൂലതോട്,എന്നിവയുവായി ബന്ധപ്പെടുത്തിയേ വിശക ലനം ചെയ്യാൻ കഴിയൂ. ഈ നാലു തോടുകളും പഞ്ചായ ത്തിലെ വ്യത്യസ്ഥ പ്രദേശങ്ങളിൽ നിന്നുത്ഭവിച്ച് അടുക്ക ളമൂല, പിറക്കൽ പ്രദേശങ്ങളിൽ വച്ച് യോജിച്ച് കല്ലടയാ റ്റിൽ ചേരുന്നു. കല്ലടയാറ്റിലേയ്ക്കു ഒഴുകിയെത്തുന്ന ഈ ജലവാഹിനികളെ അടിസ്ഥാനമാക്കി കരവാളൂർ പഞ്ചായത്തിലെ മൊത്തം വിസ്തീർണ്ണത്തെ 10 നീർമറി പ്രദേശങ്ങളായി തരംതിരിയ്ക്കാം, ഒരോ നിർമറിയുടേയും വിവരണവും വിസ്തീർണ്ണവും, അവാഹകപ്രദേശങ്ങളും താഴെ കൊടുക്കുന്നു.

(പട്ടിക 7 ചിത്രം 3.9)

നിർമി നമ്പർ ഭൂപടത്തിൽ രേഖപ്പെടുത്തത് ,	നിർമറി പ്രദേശത്തിന്റെ പേര്	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം	നിർവാർച്ച തോടിന്റെ നീളം കി.മി	ജലപ്രവാഹിനിയുടെ ആവഹക പ്രദേശങ്ങൾ ആവഹകപ്രദേശങ്ങൾ
1	തടിക്കാട് - കരവാളൂർ തോട് നെല്ലിക്കുന്ന് തോടിന്റെയും നിർമറി പ്രദേശങ്ങൾ	290.00	12.26	3.30	നെല്ലിക്കുന്ന് വെഞ്ചമ്പ്
2	നരിക്കൽ തോട്	2227.00	9.60	3.75	നരിക്കൽ, വട്ടമൺ (തെക്ക്)
3.	വെഞ്ചമ്പ് തുമ്പാശ്ശേരി തോട് ഒരുതട തോട്	289.00	12.23	4.77	ഒരുനട
4	തുമ്പശ്ശേരി തോട്	391.00	16.54	7.12	തുമ്പശേ്ശരി.
5	കരവാളൂർ തോട്	391.00	16.54	7.12	കരവാളൂർ തെക്ക്, കരവാളൂർ കിഴക്ക്
6.	എരിച്ചക്കൽ തോട്	184.00	7.78	5.85	കരവാളൂർ കിഴക്ക്, പുത്തയം പ്രദേശങ്ങൾ
7.	മാത്ര - കരവാളൂർ തോട്	249.00	12.44	4.00	മാത്ര. തെക്ക്, കരവാളൂർ വടക്ക് കരവാളൂർ പടിഞ്ഞാറ്
8	മാത്ര - അടുക്കളമൂലതോട്	347.00	14.68	4.57	മാത്ര, വടക്ക്, അടുക്കളമൂല
9	പ	108.00	4.56	0.62	പ
10	വട്ടമൺ തോട്	125.00	5.30	1.12	വട്ടമൺ

പട്ടിക 7 ൽ കൊടുത്തിരിക്കുന്ന നിർമതി പ്രദേശങ്ങളിൽ പ

ഒഴികെയുള്ള 8 നിർമറികളും തടിക്കാട്, വെഞ്ചമ്പ്, അടക്കളമൂല, കരവാളൂർ അടുക്കളമൂല, മണിയാർ, മാത്ര-അടുക്കളമൂല എന്നീതോടുകളുടെ ഉപനിർമറി പ്രദേശങ്ങൾ ആണ്. ഉത് ഏകദേശം പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 77.81% അതായത് 1841 ഹെക്ടർ വരും. പ്ലാവറ, മട്ടമൺ തുടങ്ങിയ നീർമറിയൻ സമീപ പഞ്ചായത്തുകളിലേയ്ക്കാണ് ജല നിർഗ്ഗമനം നടത്തുന്നത് (ചിത്രം 3.9) ശരാശരി വർഷിനു 2470 മി.മി. മഴ ലഭിയ്ക്കുന്ന ഈ പഞ്ചായത്തിലെ നിർമറികൾ എല്ലാം തന്നെ ഫലപ്രമോയും കാര്യക്ഷമമായും പരിപാലിക്കുക യാണെങ്കിൽ ഇവിടത്തെ ജനങ്ങൾ ഇന്ന് അഭിമുഖികരി യ്ക്കുന്ന മണ്ണ്, ജലം എന്നിവയുമായി ബന്ധപ്പെട്ട പരി സ്ഥിതി പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ സാധിയ്ക്കുന്നതാണ്.

നിർവാർച്ചാതോടുകൾ (Drainage)

കരവാളൂർ പഞ്ചായത്തിലെ നിർവാർച്ചാ തോടുകളെ പ്രധാനമായും 5 എണ്ണമായി തിരിയ്ക്കാം ഒരോ നിർവാ ർച്ച തോടിന്റെയും ആവാഹകപ്രദേശങ്ങളും, നീളവും, അവാഹപ്രദേശത്തിന്റെ വിസ്തീർണ്ണവും താഴെ കൊടു ക്കുന്നു

ക്രമ നമ്പർ	ജലവാഹിനിയുടെ പേര്	ഉൾപ്പെടുന്ന ഉപനീർമറികൾ നമ്പൽപ്പെടുത്തിയിട്ടുള്ളത്	ആവഹ പ്രദേശത്തിന്റെ വിസ്തീർണ്ണം ഹെ	ശതമാനം	ജലവാഹിനി നീളം കി.മി.	ജലവാഹിനിയുടെആവാഹക പ്രദേശങ്ങൾ
1.	തടിക്കാട് - വെഞ്ചാമ്പ്	1,2,3,4,7	1205.00	51.14	18.00	നെല്ലിക്കുന്ന്, വെഞ്ചാമ്പ്, നരിക്കൽ, വടമൺ, ഒരു നട, തുമ്പാശേ്ശരി, മാത്ര തെക്ക് കരവാളൂർ പടിഞ്ഞാറ്
2.	കരവാളൂർ - അടുക്കള	5	391.00	16.54	7.12	കരവാളൂർ തെക്ക്കരവാളൂർ കിഴക്ക്
3.	എവിച്ചക്കൽ തോട്	6	184.00	7.78	5.85	മണി ർപഞ്ചായത്തിലെ കിഴക്കൻ
4	മാത്ര അടക്കളമൂല തോട്	8	347.00	14.68	4.57	മാത്ര വടക്ക്, അടുക്കതു മൂല
5	പ		233.00	9.86	1.74	പ

ക്രമ നമ്പർ	മണ്ണ് ഉപരിതല വസ്തുക്കൾ	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം	സംഘടനാ	P.H മൂല്യം	നിർവാർച്ച	പാറ തരം
1	ചെമണ്ണ്	1655.00	70.02	സാന്റി ലോം ഗ്രാവല്ലി ലോം	6-6.5	കൂടിയത്	
2	നദിജന്യം എക്കൽ	709.00	29.98	സാന്റി ക്ലേ സിൽറ്റി ക്ലേ	5.5 - 60	കുറഞ്ഞത്	
3.	പാറ						

പട്ടിക 8 കൊടുത്തിരിയ്ക്കുന്ന ഒന്നാമത്തെ നീർവാർച്ചാ തോട് തടിക്കാട്- വെഞ്ചെമ്പ് - അടുക്കളമൂല തോട്, ഇടമുളയ്ക്കൽ പഞ്ചായത്തിലെ തടിക്കാടു നിന്ന്ത്ഭവിച്ച് വടക്കേട്ടു സഞ്ചരിച്ച് വെഞ്ചെമ്പിൽ വച്ച് നരിക്കൽ തോടുമായി യോജിച്ച് കിഴക്കോട്ട് സഞ്ചരിച്ച് കരവാളൂർ തോടുമായ യോജിയ്ക്കുന്നു ഈ ജലവാഹിനി നെല്ലിക്കുന്ന്, വെഞ്ചോമ്പ്, നരിക്കൽ, വട്ടമൺ, ഒരുനട, തുമ്പാശ്ശേറി, മാത്ര (തെക്ക്) കരവാളൂർ പടിഞ്ഞാറ് തുങ്ങി 1209 ഹെക്ടർ പ്രദേശത്തെ (51.14% നിർവാർച്ച തോടായി വർത്തിയ്ക്കുന്നു

കരവാളൂർ അടുക്കളമുല തോട് ഏരൂർ പഞ്ചായത്തിലെ മുഴത്താക്കൽ, പഴയരേൂർ എന്നിവിടങ്ങളിൽ നിന്നുത്ഭവിച്ച് മാവിള കിഴക്കു ഭാഗത്ത് വച്ച് പഞ്ചായത്ത തിർത്തിയിൽ പ്രവേശിച്ച് വടക്കു പടിഞ്ഞാറ് തെക്കു കിഴക്ക് ദിശയിൽ സഞ്ചരിച്ച് അടുക്കളമൂലയുടെ അടുത്ത പ്രദേശങ്ങളിൽ വച്ച് തടിക്കാട് - വെഞ്ചോമ്പു തോടുമായി യോജിയ്ക്കുന്നു പഞ്ചായത്തതിർത്തിയ്ക്കുള്ളിൽ 7.12 കി.മി. നീളമുള്ള ഈ തോട് കരവാളൂർ തെക്ക് കരവാളൂർ കിഴക്ക് എന്നി പ്രദേശങ്ങളിലെ നിർവാർച്ച തോടായി വരർത്തിയ്ക്കുന്നു

എരിച്ചക്കൽ തോട് ഏരൂർ പഞ്ചായത്തിലെ ആറിരനെല്ലൂർ നിഷിപ്ത വനങ്ങളിലെ തച്ചൻ കുഴിയിൽ നിന്നുത്ഭവിച്ച് വടക്കു പടിഞ്ഞാറ് തൊക്കു കിഴക്ക് ദിശയിൽ സഞ്ചരിച്ച് നിക്ഷിപ്തമന പരിധിയിൽ വച്ച് പഞ്ചായത്തതിർത്തിയിൽ പ്രവേശച്ച് 5.85 കി.മി നീളത്തിൽ അതേ ദിശയിൽ തെന്ന ഒഴുകി അടുക്കളമൂല പ്രദേശത്തു വച്ച് മേൽ പറഞ്ഞ തോടുകളുമായി യോജിയ്ക്കുന്നു പഞ്ചായത്തിലെ 184 ഹെ വിസ്തൃതിയുള്ള കിഴക്കൻ പ്രദേശങ്ങളിലെ നിർവാർച്ചാ തോടിയി വർത്തിയ്ക്കുന്നു.

മാത്ര - അടുക്കള മൂല തോട് വെഞ്ചെമ്പ് ഹൈസ്ക്കൂൾ ജംഗ്ഷൻന്റെ വടക്കുഭാഗത്തു നിന്നുത്ഭവിച്ച് വടക്കു കിഴക്ക് - തെക്കു പടിഞ്ഞാറ് ദിശയിൽ 4.57 കി.മി സഞ്ചരിച്ച് അടുക്കളമൂലയിൽ വച്ച് മണിയർ തോടുമായി യോജിയ്ക്കുന്നു ഇത് മാത്ര വടക്ക്, അടുക്കളമൂല തുടങ്ങി 347 ഹെ പ്രദേശത്തെ നിവാർച്ചാതോടാണ്.

മേൽ പറഞ്ഞ നാലുതോടുളും അടക്കളമൂല പരിസരത്തുവച്ച് യോജിച്ച് മണിയർ എന്നി പേരിൽ വടക്കോട്ടു സഞ്ചരിച്ച് കല്ലടയാറ്റിൽ ചേരുന്നു

പഞ്ചായത്തിന്റെ വാക്കൽ അതിർത്തിയിള്ള പ്ലവറ, വട്ടമൺ തടങ്ങിയ തോടുകൾ സമീപ പഞ്ചായത്തു കളലേയ്ക്കാണ ജല നിർഗ്ഗമനം നടത്തുന്നത്

മണ്ണ്, ഉപരിതല വസ്തുക്കൾ (Soil, Surtace materials)

സംസ്ഥാന സോയിൽ സർവ്വേ ഓർഗനൈസേഷൻ കൊല്ലം ജുല്ലയിലെ പ്രത്യേകിച്ചും കിഴക്കൽ മേഖലയിലെ മണ്ണിനെ ദക്ഷിണ സഹ്യാദ്രിമേഖലയിലെ മൺ വിഭാഗത്തി ലാണ് ഉൾപ്പെുത്തിയിരിക്കുന്നത്, കുന്നുകളും ചരിവു കളും, താഴ്വരകളും, അരുവികളും ഉൾപ്പെടുന്ന ഈ ഭൂവിഭാഗത്തിലെ മണ്ണിന്റെ രൂപീകരണത്തിൽ കാലാവസ്ഥയും, ഭൂപ്രകൃതിയും സസ്യാവരണവും കര്യമായി സ്വാധിനിയ്ക്കുന്നു.

കരവാളൂർ പഞ്ചായത്തിലെ മണ്ണിനെ പൊതുവായി രണ്ടായി തരം തിരിയ്ക്കാം. 1 ചെമ്മണ്ണ് (lateritic Soil) നദീജന്യ എക്കൽ (alluvium) കൂടതെ തുമ്പാശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ പാറ ഉപരിതത്തിൽ കാണപ്പെടുന്നു. ഒരോവി ഭാഗം മണ്ണിന്റെ വിസ്തീർണ്ണവും, വിവരണവും താഴെ കൊടുക്കുന്നു

1 ചെമ്മണ്ണ് (latextic soil)

പഞ്ചായത്തിന്റെ ആകെ വിസ്തിർണ്ണത്തിൽ 70% പ്രദേശത്തും (1655 ഹെ) മഞ്ഞ കലർന്ന ചുവപ്പു നറത്തോടു കൂടിയതോ ആയ ഇത്തരം മണ്ണാണ് കാണപ്പെടുന്നത്. താഴ്വരകളെ മാറ്റി നിർത്തിയാൽ കുന്നിൽ ചരുവുകളിലും, ഇത്തരം മണ്ണ് കാണപ്പെുന്നു. മഴയും വേനലും ഇടവിട്ട് അനഭവപ്പെടുന്ന മൺസൂൺ കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ മാത്രമാണ് ചെങ്കല്ല് (Laterite) കണ്ടു വരുന്നത്. ഈ കാലാവസ്ഥയിൽ പിത്യശില രാസ, ഭൗതീക അപക്ഷയങ്ങൾ വിധേയമായി പൊടിയുകയും ഇതിനെ മാറ്റം നടക്കുമ്പോൾ പിത്യശിലയിലെ ലോഹാംശങ്ങൾ (ഇരുമ്പ്, അലുമിനിയം

DIA 3.5

COMPARATIVE STUDY OF AVERAGE RAINFALL RECEIVED IN KERALA STATE, KOLLAM Dt. AND — KARAVALOOR PANCHAYAT (Year 1994)



(Source - DAF Anchal) PROCESSED BY PRM, CESS.

ഒഴികെ) ജലം വഴി നഷ്ടപ്പെടുകയും പെയ്യുന്നു. പിത്യശില സാവധാനം മാറി ലാറ്ററൈറ്റ് അഥവാ ചെങ്കല്ല് ആയി തിരുന്നു. ലാറ്ററൈട്ടെസേഷൻ Laterxitation പൂർണ്ണമായ സ്ഥലങ്ങളിൽ വ്യത്യസ്ഥ രാസ, ഭൗതീക, ഘടതകൾ കാണിയ്ക്കുന്ന പാളികൾ കാണാം. എന്നാൽ ഇവിടെ ഭൂരിഭാഗം പ്രദേശങ്ങളിലും ലാറ്ററൈട്ടെസേഷൻ പൂർണ്ണമായതിന്റെ മൂന്നു പാളികൾക്കു പകരം രണ്ടു പാളികൾ മാത്രം കണ്ടുവരുന്നു. ഇതിൽ നിന്നു തെന്ന ഇവിടത്തെ പല പ്രദേശങ്ങളിലും പിത്യശിലയിൽ നിന്നുള്ള ചെങ്കല്ലിന്റെ രൂപീകരണം പ്രാരംഭഘട്ടത്തിലാണെു മനസിലാക്കാം. അതു കൊണ്ട് താഴെ ചരുവുകളെ അപേക്ഷിച്ച് മുകൾ ചരിവുകളിലും, കുന്നിൽ മുകളിലും താരതമ്യേന ആഴം കുറഞ്ഞ മണ്ണാണ് കാണപ്പെടുന്നത് മാത്രമല്ല മിക്കവാറും ഈ ഭൂപ്രകൃതി വിഭാഗങ്ങളിൽ പാറ ഉപരിതലത്തിൽ കാണപ്പെടുകയും ചെയ്യുന്നു. ഇതിൽ നിന്നും വ്യത്യസ്ഥമായി കരവാളൂർ, മാത്ര, വെഞ്ചെമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ ആഴം കൂടിയ ചെമ്മണ്ണാണ് കാണപ്പെടുന്നത്.

ഇവിടത്തെ ചെമ്മണ്ണിന്റെ സംഘടന (Texture) പരിശോധിയ്ക്കുമ്പോൾ ചരുവിന്റെ താഴ്ഭാഗങ്ങളിലും, താരതമ്യേന കുറഞ്ഞ ചരിവുള്ള പ്രദേശങ്ങളിലും ഉള്ള മണ്ണ് സാന്റിലോം (Sandy loam) വിഭാഗത്തിൽ ഉൾപ്പെടുന്ന എന്നുകാണാം. എന്നാൽ ചരുവുന്റെ മുകൾ ഭാഗത്തും, കുന്നിന്റെ മുകൾ ഭാഗത്തും, താരതമ്യേന ചരിവു കൂടിയ പ്രദേശങ്ങളിലും ഗ്രാവില്ലിന്റെ ആംശം കൂടതലുള്ളതു കൊണ്ട് അവയെ ഗ്രാവില്ലിലോം (Gravelly Loom) വിഭാഗത്തിലാണ് ഉശപ്പെടുത്തിയിരിയ്ക്കുന്നത് (ചിത്രം. 3.10) പൊതുവായി ഈ വിഭാഗത്തിൽപ്പെട്ട മണ്ണ് നീർവാർച്ച കൂടിയതും ആഴം കുറഞ്ഞതു മുതൽ കൂടിയതുമാണ്. (0.5മി - 2.5 മി). പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ഉള്ള ചെമ്മണ്ണിൽ ജൈവാംശം കൂടുതലുള്ളതുകൊണ്ട് മണ്ണിന്റെ നിറം കടുത്തു ഇരുണ്ടതായി കാറപ്പെുന്നു.

2. നദിജന്യഎക്കൽ (Alluvium)

കുന്നിന്റെ ചരിവുകളിലും, മുകളിലുള്ള മണ്ണും ലവണങ്ങളും മറ്റു വസ്തുക്കളും, മഴയുടേയും മറ്റു അന്തരീക്ഷ പ്രവർത്തനങ്ങളുടെയും ഫലമായി താഴ്വാരങ്ങളിൽ നിക്ഷേപിയ്ക്കപ്പെുടുന്ന അങ്ങനെ ഉണ്ടാവുന്നതാണ് നദിജന്യ എക്കൽ. കരവാളൂർ പഞ്ചായത്തിലെ എല്ലാ താഴ്വരപ്രദേശങ്ങളും, വയലുകളും ഉൾപ്പെടുന്ന 709 ഹെക്ടർ (30%) സ്ഥലത്തും ഇത്തിരത്തിലുള്ള മണ്ണ് കാണപ്പെടുന്നു. നരച്ച് ഇരുണ്ട നിറത്തോടും, ഇരുണ്ട തവിട്ടു നറത്തോടും കൂടി കാണുന്ന ഈ വിഭാഗം മണ്ണ് സംഘടന അനുസരിച്ച് (Texture) മണൽ കലർന്ന കളിമണ്ണോ (Sundy Clayy) സിൽറ്റ് കലർന്ന ചളിയോ (silty Clay) ആകുന്നു. കരവാളൂർ, അടുക്കളമൂല, മാത്ര തുടങ്ങിയ വയൽ പ്രധേശങ്ങളിലെ താഴ്വര പ്രദേശങ്ങളിലെ എക്കൽ മണ്ണ് രണ്ടാമത്തെ വിഭാഗത്തിലും (Silty clay) ഉൾപ്പെടുന്നു. താരതമ്യേന കുറയ നിർവാർ ച്ചയും, ഈർപ്പത്തിന്റെ സാന്നിദ്ധ്യവും 05മി - 1.5 മി വരെ ആഴമുള്ള ഈ മൺ തരത്തിന്റെ പ്രത്യേകതകൾ ആണ്. ഉയർന്ന പ്രദേശങ്ങളിൽ നിന്നുള്ള ജൈവവസ്തുക്കളും, ലവണങ്ങളും ഉടങ്ങിയിരിയ്ക്കുന്നതു കൊണ്ട് ഈ മൺതരം തല്ല ഫലഭൂയഷ്ടിയുള്ളതാണ്.

പാറ RJHU

കരവാളൂർ പഞ്ചായത്തിലെ തുമ്പശ്ശേരി, വട്ടമൺ തുടങ്ങിയ സ്ഥലങ്ങളിൽ പാറ ഉപരിതലത്തിൽ കാണപ്പെടുന്നു വെള്ളത്തു തവിട്ടു. ചെറി നിറത്തോടുകൂടിയ പുള്ളികളുള്ള ഈ പാറ ഖോണ്ടലൈറ്റ് എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു

ജപ മൂല്ല്യം

ഒരു ഭൂവിഭാഗത്തിലെ അല്ലെങ്കിൽ ഒരു സ്ഥലത്തെ മണ്ണിന്റെ അമ്യത അല്ലെങ്കിൽ ക്ഷാരത കണക്കാക്കുന്നതാണ് ജപ മൂല്യം ജപ മുല്ല്യം 7 ൽ താഴെ യാണെങ്കിാ അമ്ലതയേയും, 7 മുതൽ 14 വരെയാണെങ്കിൽ ക്ഷാരതയേയും 7 ആണെങ്കിൽ സംതുലിതാവസ്ഥയേയും കാണിയ്ക്കുന്നു. മണ്ണിന്റെ അമ്ലത/ക്ഷാരത അവിടെയുള്ള സസ്യജാലങ്ങളുടെ വളർച്ചയെ സ്വാധീനിയ്ക്കുന്നതു കൊണ്ട് ശരിയായ സസ്യപരിപാലനത്തിന് ആ പ്രദേശത്തെ മണ്ണിന്റെ PH മൂല്ല്യം അറിഞ്ഞിരിയ്ക്കേണ്ടതാണ്

കരവാളൂർ പഞ്ചായത്തിലെ ജപ മൂല്ല്യ നിർണ്ണയ പഠനത്തിൽ നിന്നും ഇവിടത്തെ പൊതുവായ ജപ മൂല്ല്യത്തിന്റെ വ്യതിയാനം 6 മുതൽ 6.5 വരെ യാണെന്നുകാണാം (പവിക 9). ഇതിൽ നിന്നും പഞ്ചായത്തിലെ മൊത്തം വിസ്തീർണ്ണത്തിലുൾപ്പെടുന്ന മൺതറകളും അമ്ലതയുള്ളതാണെന്നും, കുന്നിൽ ചരുവരളിൽ നിന്നുള്ള ലവണങ്ങളും, ജൈവാംശങ്ങളും മറ്റും താഴ്വരകളിൽ നിക്ഷേപിയ്ക്കപ്പെടുന്നതു കൊണ്ട് താഴ്വരകളിലെ മണ്ണിന്, കുന്നിൽ ചരുവിലേയും, കുന്നിൽ മുകളിലേയും മണ്ണിനേക്കാൾ അമ്ലത കൂടുതലാണെന്നും കാണുന്നു. അതുകെണ്ടു തന്നെ ഓരോ വിഭാഗം കൃഷിക്കാരും വിളയിറക്കുന്നതിനും, വളപ്രയോഗത്തിനും മുഖായി പഞ്ചായത്തിലെ കൃഷിഭവനിൽ നിന്നുള്ള ഉപദേശം തേടേണ്ടതാണ്.

വികസന മേഖലകൾ

- കൃഷിയും ജനസേചനവും
- മൃഗപരിപാലനം, മത്സ്യബന്ധനം ക്ഷീരവികസനം
- വ്യവസായം
- വിദ്യാഭ്യാസം
- കുടിവെള്ളവും പൊതുജനാരോഗ്യവും
- ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- പാർപ്പിടവും, സാമൂഹ്യക്ഷേമവും.
- സംസ്ക്കാരം
- വനിത
- സഹകരണം
- പട്ടികവർഗ്ഗം
- വിഭവസമാഹരണം

കൃഷിയും ജലസേചനവും

കരവാളൂർ ഗ്രാമപഞ്ചായത്ത് തികച്ച് ഒരു കർഷക ഗ്രാമമാണ്. കൃഷിയാണ് പ്രധാന വരുമാനമാർഗ്ഗം. ജനസംഖ്യയുടെ 75 ശതമാനവും കർഷകരാണ്. ഉയർന്ന മലമ്പ്രദേശവും നെൽവയലുകളും അടങ്ങിയതും, വലിയ പുഴകളോ തോടുകളോ ഇല്ലാത്തതുമായ ഒരു പ്രദേശമാണ്. മുഖ്യകൃഷിയിപ്പോൾ റബ്ബറാണ്. നെൽകൃഷിയുടെ വിസ്തൃതി താരതമ്യേന കുറഞ്ഞു വരുന്നു. തെങ്ങ്, മരച്ചീനി, വാഴ എന്നിവയാണ് മറ്റ് പ്രധാനകൃഷികൾ. ഇടവിളയായി കുരുമുളക്, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നീ കൃഷികളും ഉണ്ട്.

കരവാളൂർ ഗ്രാമപഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ നെൽകൃഷിയിൽ നിന്നുള്ള ആദായമായിരുന്നു പ്രധാന ജീവിതമാർഗ്ഗം. നെൽപ്പാടങ്ങളുടെ ഉടമസ്ഥത ഏതാനും കർഷകകുടുംബങ്ങൾക്കു മാത്രമായിരുന്നു. കർഷക തൊഴിലാളികളും ഉടമസ്ഥനും തമ്മിൽ നല്ല ബന്ധം നിലനിന്നിരുന്നു. നാട് സമൃദ്ധമായിരുന്നുവെങ്കിലും ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ കാലത്ത് അരിയുടേയും, മറ്റ് ഭക്ഷ്യധാന്യങ്ങളുടേയും ദൗർലഭ്യം കൊണ്ട് ഈ പഞ്ചായത്തിലെ ജനങ്ങൾ ഒരു നേരത്തെ ആഹാരത്തിനു പോലും ബുദ്ധിമുട്ടിയിട്ടുണ്ട്.

ഭൂരിഭാഗം കർഷകരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്.

ഇത് സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

	പട്ടിക I	
നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം
1	ഒരു ഹെക്ടറിൽ താഴെ	3550
2	ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ	920
3	2 ഹെക്ടറിന് മുകളിൽ	38

അവലംബം വില്ലേജ് രേഖകൾ

അദ്യകാലങ്ങളിൽ കർഷകർ പ്രധാനമായും ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത് നെൽകൃഷിയിലായിരുന്നു. ഹരിത വിപ്ലവത്തിന്റെ ആരംഭത്തോടുകൂടി നെൽകൃഷി ലാഭകരമായ ഒരു കൃഷിയായി മാറി. പത്തുമേനിയിൽ താഴെ മാത്രം വിളവുനൽകിയിരുന്ന പാടങ്ങളിൽ നിന്ന് അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിചെയ്തതോടെ നാൽപതു മേനിയിൽ പരം വിളവുലഭിക്കാൻ തുടങ്ങിയപ്പോൾ എങ്ങും ആഹ്ലാദമായി. പക്ഷെ ഇതു അധികനാൾ നീണ്ടു നിന്നില്ല. കൃഷി ചിലവ് അധികമാവുകയും വേണ്ടത്ര കർഷക തൊഴിലാളികളെ ലഭിക്കാതാകുകയും നെല്ലിന് ന്യായമായ വില ലഭിക്കാതെ വരുകയും ചെയ്തു. പരിഹാരമായി ഗവ: ആവിഷ്കരിച്ച് "ഗ്രൂപ്പ് ഫാമിംഗ്" എന്ന ജനപങ്കാളിത്തത്തോടെയുള്ള കൂട്ടുകൃഷിക്കു പോലും നെൽകൃഷിയെ രക്ഷിക്കാനായില്ല. നെൽകൃഷിക്ക് ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാത്തതുകൊണ്ട് വയലുകൾ തെങ്ങുകൃഷിക്കും ഗൃഹനിർമ്മാണത്തിനും വേണ്ടി നികത്താൻ തീരുമാനിച്ചപ്പോൾ കർഷകൻ പരമ്പരഗതമായി കൃഷി ചെയ്തിരുന്ന മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക്, പച്ചക്കറികൾ എന്നിവയും കുറയാൻ തുടങ്ങി. പകരം ആ സ്ഥാനങ്ങളിൽ റബ്ബർ സ്ഥാനം പിടിച്ചുതുടങ്ങി. വാഴയും, മരച്ചീനിയും, പച്ചക്കറിയും, കോഴിയും, പശുവും ഒക്കെയായി സമ്മിശ്ര കൃഷി നടത്തിയിരുന്ന ഐശ്വര്യ സമ്പൂർണ്ണമായ കരവാളൂരിലെ പരമ്പരാഗതമായ കൃഷിരീതിപാടെ അട്ടിമറിച്ചു കൊണ്ട് പത്ത് സെന്റ് ആയാലും അവിടെ റബ്ബർ കൃഷിമാത്രം ചെയ്യുന്ന ദയനീയ കാഴ്ചയാണ് ഇന്ന് എങ്ങും കാണുന്നത്. പഴവും, പച്ചക്കറിയും, മുട്ടയും തുടങ്ങിയെല്ലാം കമ്പോളത്തിൽ നിന്നും വാങ്ങി ഉപയോഗിക്കുന്നു. റബ്ബറിൽ നിന്നും അധികവരുമാനം ലഭിക്കുന്നെ

KARAVALOOR PANCHAYAT

DIAGRAM REPRESENTS FLUCTUATION OF TEMPERATURE(1994)



PROCESSED BY PRM, CESS

(source- observatory station, Punalur)

കിലും പുത്തൻ തലമുറയുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് കൂടുതൽ തുക ചിലവിടുന്നു. ആദ്യകാലങ്ങളിൽ കശുവണ്ടിയും ഇവിടുത്തെ പ്രധാന കൃഷിയായിരുന്നു. പിന്നീട് വില കുറഞ്ഞപ്പോൾ വെട്ടിമാറ്റി കൊക്കൊ, മൾബറി തുടങ്ങിയ കൃഷികളും ഇടക്കാലത്ത് വ്യാപകമായിരുന്നെ കിലും വിപണിയും വിലയും ഇല്ലാത്തതിനാൽ ഏറെ നാൾ നീണ്ടുനിന്നില്ല.

ഇന്ന് തെങ്ങൊഴികെ മറ്റ് കൃഷിയെല്ലാം നാമമാത്രമാ യേയുള്ളു എന്നു പറയാം. മറ്റ് കാർഷിക വിളകളെ താര തമ്യം ചെയ്യുമ്പോൾ തെങ്ങിന് കുറഞ്ഞ പരുചരണമേ ആ വശ്യമുള്ളു എന്ന വസ്തുത ഇതിന് ഒരു കാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. ജനസംഖ്യയിലുണ്ടാകുന്ന വർദ്ധനവ് ഭൂമിയെ തുണ്ടുവൽക്കരിക്കുകയും കാർഷിക മേഖലയെ തകർക്കുന്നതിന് കാരണമാവുകയും ചെയ്തി ട്ടുണ്ട്.

ഭക്ഷ്യോൽപ്പാദനം കുറവുവന്നതിനൊപ്പം തന്നെ വയലുകൾ നികത്തിയത് സ്വാഭാവിക നിരൊഴുക്ക് തടസ്സപ്പെടുത്തുകയും പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

ജലസേചനത്തിനായി വലിയ നദികളോ അതുപോലെയുള്ള ജനശ്രോതസ്സുകളോ ഈ പഞ്ചായത്തിൽ ഇല്ല. ചെറിയ തോടുകളും കുളങ്ങളുമാണ് ജലസേചനത്തിനായി ഉപയോഗിച്ചിരുന്നത്. കൈതകൾ വച്ചും മറ്റും തോടിന്റെ അരുവുകൾ സംരക്ഷിച്ചിരുന്നു. ഇപ്പോൾ തോടിന്റെയും കുളങ്ങളുടേയും കരയിടിഞ്ഞ് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളോ, തോടുകളോ ശരിയായരീതിയൽ സംരക്ഷിക്കപ്പെടുന്നില്ല. എന്നതാണ് പരമാർത്ഥം. തോടിന്റെ സൈഡുകൾ കെട്ടി ബലപ്പെടുത്തിയാൽ വെള്ളപ്പൊക്കം തടയാവുന്നതാണ്.

ഭൂവിനിയോഗം

പഞ്ചായത്തിലെ ആകെ കൃഷിഭൂമിയുടെ വിസ്തൃതി 2026 ഹെക്ടർ ആണ്. ഇതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പട്ടിക 2-3

പഞ്ചായത്തിൽ മണലിന്റെ അംശം ഉള്ള ലാറ്ററൈറ്റ് മണ്ണാണ് കാണുന്നത്.

പട്ടിക - II

	ഭൂപ്രകൃതി	
നമ്പർ	ഇനം	വിസ്തീർണ്ണം
1	നിലം	251 ഹെക്ടർ
2	പുരയിടം	1740 ഹെക്ടർ
3	പുറമ്പോക്ക്	10 ഹെക്ടർ
4	കൃഷിയോഗ്യമായ, തരിശ്	10 ഹെക്ടർ
5	കൃഷിയോഗ്യമല്ലാത്ത, തരിശ്	15 ഹെക്ടർ
	ആകെ	**2026 ഹെക്ടർ**

അവലംബം വില്ലേജ് രേഖ

കാലാവസ്ഥ : തുലാവർഷവും ഇടവപ്പാതിയും ലഭിക്കാറുണ്ട്. ജനുവരി മുതൽ ഏപ്രിൽ വരെ ചൂടുള്ളതും വരണ്ടതുമായ കാലാവസ്ഥയാണ്. മഴ 220 സെന്റീമീറ്ററാണ്.

പട്ടിക - III

	ഭൂവിനിയോഗം	
നമ്പർ	ഇനം	വിസ്തീർണ്ണം
1	നെല്ല്	251 ഹെക്ടർ
2	പയർ	20 ഹെക്ടർ
3	പച്ചക്കറികൾ	25 ഹെക്ടർ
4	തെങ്ങ്	401 ഹെക്ടർ
5	വാഴ	175 ഹെക്ടർ
6	മരച്ചീനി	130 ഹെക്ടർ
7	കുരുമുളക്	60 ഹെക്ടർ
8	റബ്ബർ	700 ഹെക്ടർ
9	കവുങ്ങ്	39 ഹെക്ടർ
10	മറ്റ് കൃഷികൾ	200 ഹെക്ടർ

വർദ്ധിച്ചുവരുന്ന രാസവളപ്രയോഗവും മഴയും മൂലം മണ്ണിന്റെ ആസ്വസ്വാഭാവം വർദ്ധിച്ചുവരുന്നതായി കണുന്നു. 89-90 ൽ P.H. 5-7 മുതൽ 6.4 വരെയായിരുന്നത് 95-96 ആയപ്പോൾ 5 മുതൽ 5.5 വരെയായി കുറഞ്ഞു. കുമ്മായം മണ്ണിൽ ചേർന്നാൽ P.H കൂടുവാൻ കഴിയും.

പട്ടിക - IV		
വിള വിസ്തീർണ്ണം		
നമ്പർ	വിള	വിസ്തീർണ്ണം
1	നെല്ല് (വിരിഷ്)	251 ഹെക്ടർ
2	നെല്ല് (മുണ്ടകൻ)	250 ഹെക്ടർ
3	നെല്ല് (പുഞ്ച)	ഇല്ല

അവലംബം - കൃഷിഭവൻ രേഖകൾ

നെൽകൃഷിയുടെ ഉല്പാദനം നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 1600 കി:ഗ്രാമും സങ്കരയിനങ്ങൾക്ക് 3000-3200 കി:ഗ്രമുമാണ്. സങ്കരയിനം നെൽ വിത്തുകൾ കൃഷിചെയ്യുന്നതിനാണ് കർഷകർക്ക് താല്പര്യം. കൃഷി ഭവൻ മുഖാന്തിരം ഇക്കൊല്ലം 1500kg പവിഴം,ജ്യോതി, ആതിര, ഐശ്വര്യ തുടങ്ങിയ സങ്കരയിനം നെൽവിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. നെൽകൃഷിക്കു ശേഷം നിലം പലപ്പോഴും തരിശിടുകയാണ് പതിവ് 25% പാടങ്ങളിൽ മാത്രമാണ് ഇടവിളയായി പയറ്, പച്ചക്കറികൾ ഇവ കൃഷിചെയ്യുന്നത്. പയറ് ഇടവിളയായി കൃഷിചെയ്യുന്നത് മണ്ണിന്റെ ഫലഭൂയിഷ്ടത കൂട്ടും.

വളപ്രയോഗം ശാസ്ത്രീയമായ രീതിയിലല്ല ചെയ്യുന്നത്. ജലസേചനം നെൽകൃഷിക്ക് സാധാരണമല്ലാ. സൗകര്യങ്ങളും തുലോം കുറവാണ്.

പാടങ്ങളോടു ചേർന്ന തോടുകളുടെ വരമ്പുകൾ ഇടിഞ്ഞ് നശിച്ചുകൊണ്ടിരിക്കുന്നു. അതു കൊണ്ട് വെള്ളപ്പൊക്കമുണ്ടാകുന്നു. തോടുകളിൽ ആവശ്യമുള്ള ഭാഗങ്ങളിൽ ചെക്ക് ഡാമുകൾ കെട്ടി വെള്ളം തടഞ്ഞുനിർത്തിയാൽ ഏലായിലെ ജലാംശം നഷ്ടപ്പെടാതിരിക്കും.

ഭൂമിയിലെ ജലവിതാനം ഉയർത്താനും കിണറുകളിലെ ജലവിതാനം താഴാതിരിക്കുവാനും അതിലൂടെ കുടിവെള്ളക്ഷാമം പരിപഹരിക്കുവാനും സാധിക്കുന്നതാണ്.

പാടശേഖരണ സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് 14 പാടശേഖരണ സമിതികൾ ഇന്ന് നിലവിലുണ്ട്. പലതും വേണ്ടത്ര ഫലപ്രദമായ രീതിയിലല്ല പ്രവർത്തിക്കുന്നത്. പാടശേഖരണ സമിതി കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക- V			
നമ്പർ	പാടശേഖരണ സമതിയുടെ പേര്	വിസ്തീർണ്ണം	കർഷകരുടെ എണ്ണം
1	വെഞ്ചേമ്പ് ഏലാ	17.468 ഹെക്ടർ	64
2	തേവിയോട് ഏലാ	15.112 ഹെക്ടർ	51
3	പുതുവീട്ടിൽ ഏലാ	29.49 ഹെക്ടർ	78
4	കല്ലിറങ്ങിൽ ഏലാ	5.504 ഹെക്ടർ	28
5	കല്ലുവറ ഏലാ	17 ഹെക്ടർ	40
6	മഞ്ഞിളറ ഏലാ	12 ഹെക്ടർ	51
7	തച്ചക്കോട് ഏലാ	13 ഹെക്ടർ	49
8	വല്ലാറ്റ് ഏലാ	15.484 ഹെക്ടർ	61
9	പാണങ്ങാട്ട് ഏലാ	12.95 ഹെക്ടർ	43
10	കാരോട്ട് ഏലാ	12 ഹെക്ടർ	51
11	അടുക്കളമൂല ഏലാ	17.68 ഹെക്ടർ	70
12	മഠത്തിൽ വാതുക്കൽ	11.24 ഹെക്ടർ	44
13	നരിക്കുഴി ഏലാ	16 ഹെക്ടർ	50
14	ഏരിച്ചക്കൽ ഏലാ	16.42 ഹെക്ടർ	49

DIA 3.12

KARAVALOOR PANCHAYAT



SOURCE - PRM, CESS.

തെങ്ങുകൃഷി

റബ്ബർ കഴിഞ്ഞാൽ രണ്ടാം സ്ഥാനം തെങ്ങുകൃഷിക്കാണ്. 401 ഹെക്ടർ ആണ് മൊത്തം വിസ്തൃതി. വാർഷിക ഉല്പാദനക്ഷമത 30 നാളികേരമാണ്. ഇത് സംസ്ഥാന ശരാശരിയായ 38 നോട് അടുപ്പം ഉണ്ട്. ഏങ്കിലും ഇനിയും ലാഭകരമാകണമെങ്കിൽ ഉല്പാദനം വർദ്ധിപ്പിച്ചേ മതിയാകൂ. ജലസേചന സൗകര്യംവളരെ കുറവാണ്. നല്ലയിനം വിത്തുകൾ തെരഞ്ഞെടുക്കുന്നതിലുള്ള അപാകതയും പ്രധാന വിഷയമാണ്. ശാസ്ത്രീയ കൃഷിരീതി യിലും വളപ്രയോഗത്തിലും ശ്രദ്ധ തുലോം കുറവാണ്. മണ്ടചീയലും, മഞ്ഞളിപ്പും, ചെല്ലിയുടെ ശല്ല്യവും വ്യാപക മായി കാണുന്നുണ്ട്. കാറ്റ് വിഴ്ച വ്യാപകമായി കണ്ടു വരുന്നുണ്ട്.

മറ്റ് കൃഷികൾ

മറ്റ് കൃഷികളിൽ വാഴയാണ് പ്രധാനം. പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക്, അടയ്ക്ക എന്നിവയും സാധാരണയായി കണ്ടുവരുന്നുണ്ട്. ഫലവർഗ്ഗവിളകൾ കുറവാണ്. കൈതച്ചക്ക കൃഷിക്ക് വിപുലമായ സാധ്യതകൾ ഉണ്ട്. വേണ്ടത്ര പ്രോത്സാഹനം നൽകാമെങ്കിൽ പുഷ്പകൃഷിയും വിജയപ്രദമാക്കാൻ കഴിയുന്ന സാഹചര്യമാണ് ഉള്ളത്. ഇഞ്ചി, മഞ്ഞൾ തുടങ്ങിയ കൃഷികൾ ചില കർഷകരിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഔഷധ സസ്യകൃഷിക്കും അനുയോജ്യമായ ഭൂപ്രകൃതിയാണുള്ളത്. വേണ്ടത്ര പ്രോത്സാഹനം കൊടുത്താൽ ലാഭകരമായി ചെയ്യാവുന്നതാണ് അക്കൂറിയവും, ഓർക്കിടും കൃഷികൾ

വളം, കീടനാശിനികൾ

സഹകരണ മേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ രണ്ടും ഉൾപ്പെടെ നാല് വളം കീടനാശിനി വിപണന കേന്ദ്രങ്ങളാണ് ഉള്ളത്. ജൈവ വളത്തിന്റെ ലഭ്യത കുറവായതു കൊണ്ട് ഉപയോഗം കുറവാണ്. 90 ശതമാനവും രാസവളമാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. ഇത് ശാസ്ത്രിയ രീതിയിലല്ല ഉപയോഗിക്കുന്നത്. അതിനാൽ കൃഷിച്ചിലവിന്റെ അനാവശ്യ വർദ്ധനവ് കാരണമാകുന്നു.

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ കൂടുതാലായും ഉപയോഗിച്ച് വരുന്നത്.

കാർഷികോപകരണങ്ങൾ

ആധുനിക കൃഷിയന്ത്രങ്ങളിൽ ഒരു ട്രാക്ടറും 2 ടില്ലറും മാത്രമേ ഈ പഞ്ചായത്തിൽ ഉള്ളു. എകദേശം 75 റോക്കർസ് പയർകളും 95 നാപ്സാക്ക് ഡ്രെയറുകളും ഉണ്ട് 4 തെങ്ങ് കയറ്റയന്ത്രങ്ങൾ കൃഷിഭവൻ മുഖേന വിതരണം ചെയ്തിട്ടുണ്ട്. ജലസേചനത്തിനായി എകദേശം 75 പമ്പുസെറ്റുകൾ ഉണ്ട്. 50 ജോടി ഉഴവുകാളകൾ ഉണ്ട്. എങ്കിലും സമയത്തിന് നിലം ഒരുക്കുന്നതിന് ഇവ മതിയാവുകയില്ല. തൊഴിലാളികളെ ലഭ്യമല്ലാത്ത സാഹചര്യത്തിൽ നെൽകൃഷിയെ രക്ഷിക്കുന്നതിന് യന്ത്രവൽക്കരണം അത്യന്താപേക്ഷിതമാണ്.

തൊഴിലാളികളും കൂലിനിരക്കും

കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം അനുദിനം കുറഞ്ഞു വരുകയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള താല്പര്യക്കുറവ് ഇവ ഇതിന് കാരണമാണ്.

ഇവരുടെ ശരാശരി കൂലിനിരക്ക് പുരുഷന് 100 രൂപായും സ്ത്രീക്ക് 80 രൂപായും ആണ് ഏകീകൃത നിരക്ക്. തൊഴിലാളികളും കുറവാണ്.

കാർഷിക വായ്പ

ഒരു ദേശവൽകൃത ബാങ്കും സഹകരണ ബാങ്കും ഈ പഞ്ചായത്തിന്റെ പരിധിയിലുണ്ട്. കൃഷിക്ക് അനുവദിക്കുന്ന വായ്പ പലപ്പോഴും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന് പൊതുവേ അഭിപ്രായമുണ്ട്. അതുകൊണ്ട് വായ്പ കൂടുന്നതനുസരിച്ച് ഉല്പാദന വർദ്ധനവ് ഉണ്ടാകാറില്ല.

കാർഷിക ആവശ്യത്തിനുള്ള വായ്പയുടെ പലിശ നിരക്ക് കുറയുകയും യഥാർത്ഥ കർഷകർക്ക് വായ്പ ലഭ്യമാകുകയും ചെയ്താൽ ഉല്പാദന വർദ്ധനവ് ഉണ്ടാകും.

ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചു മാത്രം കൃഷി ചെയ്യുന്ന പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും സെപ്റ്റംബർ മുതൽ നവംബർ വരെ

കിട്ടുന്ന തുലാവർഷവും ശരാശരി വർഷത്തിൽ 300 Cm മഴ ലഭിക്കുന്നു. എങ്കിലും ഈ ജലം സംരക്ഷിച്ച് വേനൽ കാലത്ത് ജലസേചനം നടത്തുവാൻ വേണ്ട സൗകര്യങ്ങൾ ഇല്ല

തോടുകൾ

വലിയ തോടുകൾ നന്നേ കുറവാണ്. തോടുകളുടെ കര മിക്കവാറും ഇടിഞ്ഞ് ആഴവും വീതിയും കുറഞ്ഞ് നികന്ന അവസ്ഥയിലാണ്. ഇത്മൂലം വർഷകാലത്ത് വെള്ളം കൃഷിയിടങ്ങളിലേക്ക് കയറി കൃഷിനാശം ഉ ണ്ടാകുന്നു. വേനൽ കാലത്ത് ജലം തടഞ്ഞുനിർത്താ നുള്ള ചീർപ്പുകൾ വിവധ വാർഡുകളിലായി ഏകദേശം 15 എണ്ണം ഉണ്ടെങ്കിലും രണ്ടെണ്ണം ഒഴികെ എല്ലാം പ്രവർ ത്തന രഹിതമായതു കൊണ്ട് ജലസേചനത്തിന് ഉപയോ ഗിക്കപ്പെടുന്നില്ല. പൊതു പമ്പുസെറ്റുകൾ ഇല്ല. കല്ലട ജലസേചന പദ്ധതിയും കമ്മിഷൻ ചെയ്താൽ കുറെയെ ങ്കിലും പ്രയോജനം ലഭിക്കും എന്ന പ്രതീക്ഷയാണു ള്ളത്

കുളങ്ങൾ, കുഴൽക്കിണറുകൾ

വലുതും ചെറുതുമായ 30 ഓളം കുളങ്ങൾ ഉണ്ട്. ഇവ യഥാവിധി സംരക്ഷിക്കുകയോ കൃഷിയാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നില്ല. പലതും നികന്ന് ആഴം കുറഞ്ഞതായതു കൊണ്ട് വേണ്ടത്ര ജലം സംഭരിക്കപ്പെടുന്നില്ല. അതു കൊണ്ട് വേനൽ കാലത്ത് ഇവ മിക്കതും ഉണങ്ങി വരളുന്നു.

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 16 ഓളം കുഴൽകിണറുകൾ ഉണ്ട് എങ്കിലും കൃഷിയാവശ്യത്തിന് വേണ്ടത്ര ജലം ലഭ്യമല്ല. ഭൂഗർഭ ജലം വളരെ ആഴത്തിലാണ്. അതു കെണ്ട് കുഴൽ കിണർ കുഴിക്കുന്നത് ചിലവുകൂടിയ ഏർപ്പാടാണ്.

നടീൽ വസ്തുക്കളുടെ വിതരണം നഴ്സറികൾ

വിവിധ കൃഷിക്കാവശ്യമായ നടീൽ വസ്തുക്കളും മിക്കതും പഞ്ചായത്തിന് പുറത്തു നിന്നു കൊണ്ടു വരുകയാണ് പതിവ്. അതിനാൽ ഗുണമേന്മയിൽ കുറഞ്ഞ നടിൽ വസ്തുക്കളാണ് പലപ്പോഴും കർഷകർക്ക് ലഭുക്കുന്നത്.

നല്ല രീതിയിൽ പ്രവർത്തിക്കുന്ന നഴ്സറികൾ തന്നെ പഞ്ചായത്തിൽ ഇല്ല. കർഷകരെ തെരഞ്ഞെടുത്ത് പ്രോൽ സാഹനം കൊടുത്ത് ഒരോ വാർഡിലും ഒരോ നഴ്സറികൾ തുടങ്ങണം.

പട്ടിക -6

കുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ

കുളത്തിന്റെ പേര്	വാർഡ്	ജലസേചനത്തിന് ഉപയോഗപ്പെടുത്താവുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം.
പുതുവീട്ടിച്ചിറ	9	20 ഹെക്ടർ
മഞ്ഞിളറ ഏലാതല കുളം	5	12 ഹെക്ടർ
കരവാളൂർ ദേവസ്വം കുളം	3	12 ഹെക്ടർ
കാരോട്ട് ഏലാകുളം	6	18 ഹെക്ടർ

കൃഷിഭവൻ

1987 സെപ്റ്റംബർ ഒന്നിന് കൃഷിഭവൻ നിലവിൽ വന്നു. കർഷികമേഖലയിൽ കുറെയൊക്കെ ഉണർവ്വ് വരുത്താൻ ഈ സർക്കാർ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. എങ്കിലും പ്രവർത്തനം ഇനിയും വിപുലപ്പെടുത്തേണ്ടതാണ്. ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റന്റുമാരും മറ്റും ഉള്ള ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്.

മണ്ണ് ജലസംരക്ഷണം

കയ്യാലകൾ കെട്ടിയും വരമ്പുകൾ കൈതപോലുള്ള ചെടികൾ വച്ചുമാണ് മുൻ കാലങ്ങളിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഭൂമിയുടെ തുണ്ടുവൽക്കരണവും കർഷിക വ്യദ്ധിയോടുള്ള വിമുഖതയും കാരണം ഈ പ്രവർത്തനങ്ങൾ ഇന്ന് നന്നേ കുറഞ്ഞിരിക്കുന്നു.

മണ്ണൊലിപ്പ് മുഖാന്തരം മണ്ണിന്റെ ഫലപുഷ്ടതയും

KARAVALOOR PANCHAYAT

Comparative study of rainfall received in the area - in the years 1990 & 1995



PROCESSED BY PRM, CESS.

(Source DAF Anchal.)

ഘടനയും വ്യത്യാസപ്പെട്ടിട്ടുണ്ട്. ജൈവവളവും രാസവളവും കൂടുതലായി ഉപയോഗിച്ചാൽ മാത്രമേ വിളവ് ലഭിക്കുകയുള്ളൂ. എന്ന നിലയിൽ എത്തിയിരുക്കുന്നു.

1500 ഹെക്ടർ സ്ഥലത്ത് വിഭാവനം ചെയ്തിട്ടുള്ള നീർമറി വികസന പദ്ധതി മണ്ണു ജലസംരക്ഷണത്തിൽ ഏറെ സഹായകമാക്കും എന്ന് പ്രതീക്ഷിക്കാം.

പ്രശ്നങ്ങൾ

1. തുണ്ടു ഭൂമികളിൽ ലാഭകരമായി കൃഷി ചെയ്യുന്നതിന് കഴിയുന്നില്ല.

2 ഉയർന്ന പ്രദേശങ്ങളിൽ നിന്നുള്ള മണ്ണൊലിപ്പ് കൃഷിയെ സാരമായി ബാധിക്കുന്നു.

3. കർഷക തൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നില്ല. ഇത് കൃഷിയെ പ്രത്യേകിച്ച് നെൽകൃഷിയെ സാരമായി ബാധിക്കുന്നു. ഇതിനാൽ കൃഷി ഉപജീവനമാർഗ്ഗ മാക്കിയവരുടെ എണ്ണം ദിനം പ്രതി കുറയുന്നു.

4. തെങ്ങിന്റെ ഉല്പാദനക്ഷമത മുഖ്യമായും ജലസേചനത്തിന്റെ അഭാവം കൊണ്ട് വളരെ കുറവാണ് മാത്രമല്ല നാളികേരത്തിന് വേണ്ടത്ര വില ലഭിക്കുന്നു മില്ല.

5. കാർഷികേതര ആവശ്യങ്ങൾക്ക് ഭൂമിനികത്തി ഉപയോഗിക്കുന്നത് നെൽകൃഷികുറയാൻ കാരണമാ കുന്നു.

6. രാസവളത്തിന്റെ അമിതമായ ഉപയോഗവും ജൈവവളത്തിന്റെ ലഭ്യതക്കുറവും മണ്ണിന്റെ ഘടനയേ യും ഫലപുഷ്ടതയേയും കാര്യമായി ബാധിച്ചിട്ടുണ്ട്.

7. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വള പ്രയോഗം മിക്കവാറും ശാസ്ത്രീയമായ രീതിയിലാണ് നടത്തുന്നത്.

8. മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തു ന്നത് മണ്ണൊലിപ്പ് തടയും

9. നെൽപാടങ്ങളിൽ മറ്റും ഇടവിള കൃഷി വ്യാപകമായി നടത്തുന്നില്ല. നെല്ലിന് മുഞ്ഞ, പോളരോഗം വെള്ളക്കുല തുടങ്ങിയ രോഗങ്ങൾ സാധാരണയായി കാണാറുണ്ട്.

10 തെങ്ങിന് കൂമ്പുചീയലും ചെല്ലിയും കാറ്റു വീഴ് ച രോഗങ്ങളും കണ്ടു വരുന്നു.

11 പഞ്ചായത്തിൽ കാർഷികയന്ത്രോപകരണങ്ങൾ തീരെ അപര്യാപ്തമാണ്.

12. ലാഭകരമായി കൃഷി ചെയ്യാവുന്ന പച്ചക്കറികൃഷി വേണ്ടത്ര വർദ്ധിച്ചിട്ടില്ല. നല്ലയിനം വിത്തുകളും നാട്ടിൽ വസ്തുകളും ലഭ്യമല്ല.

13 കൃഷിഭവന്റെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തണം.

14 കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുക.

15 നെൽകൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ സബ്സിഡികൾ വർദ്ധിപ്പിക്കുക. നിലവിലുള്ള സബ്സിഡി അപര്യാപ്തമാണ്.

16. റോഡുകളുടെ ഇരുവശങ്ങളിലും കനാലുകളുടെ അരുകുകളിലും ഫലവൃക്ഷങ്ങൾ മുഖ്യമായും കശുമാവ്, മാവ് ഇവ വച്ച് പിടിപ്പിക്കണം. ഇപ്പോൾ ഉള്ള അക്കേഷ്യ നടുന്നത് ഒഴിവാക്കണം.

17 കർഷകരുടെ വിനോദമായ മരമടി മത്സരങ്ങൾ കരവാളൂർ ഏലായിലും കഴിഞ്ഞ ഏറെ വർഷങ്ങളായി മുടങ്ങി കിടക്കുന്നു. വിനോദത്തോടൊപ്പം ഉരുക്കളെ വളർത്തുന്നതിന് കർഷകർക്ക് ഉത്തേജനം നൽകുന്ന മരമടി മത്സരം എല്ലാവർഷവും നടത്താൻ സംവിധാനം ഉണ്ടാക്കണം

നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. തുണ്ടുഭൂമികളിൽ ലാഭകരമായി കൃഷിയിറക്കാൻ വേണ്ട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.

2.മണ്ണ്, ജലം ഇവ സംരക്ഷിക്കുന്നതിന് സമഗ്രമായ പദ്ധതികൾ സത്വരം നടപ്പാക്കണം

3.കർഷകത്തൊഴിലാളികളെ കൂടുതൽ കാർഷിക മേഖലകളിലേക്ക് ആകർഷിക്കുവാൻ നടപടികൾ സ്വീകരിക്കണം

4.കാർഷികോല്പന്നങ്ങൾ പ്രത്യേകിച്ച് നെല്ലിനും നാളികേരത്തിനും ന്യായമായ വില ഉറപ്പാക്കണം

5. തൊടുകളും കുളങ്ങളും സംരക്ഷിക്കുകയും ജലസേചനത്തിന് കൂടുതൽ ഉപാധികൾ കണ്ടെത്തു കയും വേണം.

6. കൃഷിരംഗത്ത് സഹകരണം ഇന്നത്തെ സാഹചര്യത്തിൽ കൂട്ടുകൃഷി വളരെ പ്രധാന്യമുള്ളതാണ്.

6. കൃഷിരംഗത്ത് സഹകരണം ഇന്നത്തെ സാഹചര്യത്തിൽ കൂട്ടുകൃഷി വളരെ പ്രധാന്യമുള്ള നതാണ്. നെല്ല് പച്ചക്കറി തെങ്ങുകൃഷി തു4ങ്ങിയവയിൽ ഗ്രൂച്ച് ഫാമിംങ്ങ് പോലെയുള്ള കൃഷിരീതി കൊണ്ടുവ രുവാൻ കർഷകർ ഉത്സാഹിക്കണം.

7. രാസവളത്തിന്റെ ഉപയോഗം പരമാവധി കുറക്കുകയും ജൈവ വളത്തിന്റെ ഉപയോഗം പ്രോത് സാഹിപ്പിക്കുകയും വേണം.

8. ഇടവിള കൃഷിയെയും സമിശ്രകൃഷിയെയും പ്രേത്സാഹിപ്പിക്കണം.

9. ഉല്പാദനശേഷിയുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതുമായ നടീൽ വസ്തുക്കളും വിത്തിന ങ്ങളും കർഷകർക്ക് യഥാസമയം ലഭ്യമാക്കണം.

10 ഒരോ വാർഡിലും ഓരോ നഴ്സറി ഉണ്ടാകണം

11 ഔഷദ സസ്യങ്ങൾക്ക് വളരെ സാധ്യതകൾ ഇണ്ടങ്കിൽ തീരെ അവഗണിക്കപ്പെട്ടു കിടക്കുന്ന മേഖല യാണ്. കാര്യമായ പ്രേത്സാഹനം ഉണ്ടാകണം.

12. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകണം. സഹകരണ അടിസ്ഥാന ത്തിൽ പച്ചക്കറി കൃഷി പഞ്ചായത്തിന്റെ എല്ലാ വാർഡുക ളിലും നടപ്പിലാക്കണം. ഓരോ വിടും ഓരോ യൂണിറ്റാ കണം സ്കൂൾ തലത്തിലും കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കു ന്നത് വിദ്യാർത്ഥികളിൽ കൃഷിയിൽ ആദിമുഖ്യം ഉണ്ടാക്കും

13. കീടനാശിനികൾ, കീടരോഗനിയന്ത്രണത്തിൽ ഒഴിച്ച് കീട്ടുവാൻ പറ്റില്ലങ്കിൽ അശാസ്ത്രീയരീതി യിലാണം കാർഷകർ ഉപയോഗിക്കുന്നത്. ജൈവവിക കീട നിയന്ത്രണത്തെ കൂടുതൽ പ്രേത് സാഹിപ്പിക്കണം.

14. ജലസേചനം പ്രധാനമായും തെങ്ങുകൃഷിക്ക് കഴിയുന്നത്ര വർദ്ധിപ്പികണം. ആധുനിക രീതിക ളായ കേടുവന്ന തടയണകൾ നന്നാ കുകയും പുതിയവ പണിയുകയും വേണം.

15. പഞ്ചായത്ത് തലത്തിൽ തന്നെ വിപണന കേന്ദ്രങ്ങൾ ഉണ്ടാക്കുകയും തെങ്ങ്, നെല്ല്, ഇഞ്ചി, വാഴക്കുല, റബ്ബർ ഇവയ് ന്യായമായ വില ലഭിക്കുകയും വേണം സഹകരണചന്തകൾ ഒഴിവാക്കി യാൽ ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കാം

16. പുഷ്പകൃഷിയും കൂൺ കൃഷിയും മാറിവരുന്ന സാഹചര്യ ങ്ങളിൽ ഏറെ പ്രധാന്യമുള്ള ഇവരണ്ടും വേണ്ടത്ര പ്രോത്സാഹിപ്പിക്കണം

17. നെൽകൃഷിസ്ഥലം ഇനിയും നികത്തി മറ്റ് കൃഷികൾ നടത്തു ന്നതും കെട്ടിടങ്ങൾ പണിയുന്നതും നിയമംമൂലം തടയണം.

18. കാർഷികത്തൊഴിലാളികളെ വേണ്ടത്ര ലഭ്യമല്ലാത്ത സാഹചര്യ ത്തിൽ കാർഷികയന്ത്രോപകരണ ങ്ങൾ വിതരണം ചെയ്യണം. ഞാറു നടുന്നതിനും, കൊയ്യുന്നതിനും മെതിക്കുന്നതിനും യോജിച്ചയന്ത്ര ങ്ങൾ ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങ ൾക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കണം.

19 തേനിച്ച വളർത്തൽ പ്രോത്സാഹിപ്പിക്കണ്. നാടൻ തേനിച്ചകൾ രോഗംമൂലം നശിച്ച സാഹചര്യത്തിൽ രോഗപ്രതി രോധശേഷിയുള്ള ഇറ്റാലിയൻ തേനിച്ച കൂടും മറ്റുപകരണങ്ങൾ സഹിതം റബ്ബർ എസ്റ്റേറ്റിനടുത്ത് താമസിക്കുന്ന താമസിക്കുന്ന കർഷക തോഴിലാളികൾക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

20. മണ്ണു പരിശോധനയും അടിസ്ഥാനത്തിൽ വളം. ചെയ്യുന്നത് ലാഭകരമാണന്ന ശാസ്ത്രീയതത്ത്വം കണക്കിലെ ടുത്ത് ഇപ്പോൾ ജില്ലഅടിസ്ഥാനത്തിൽ മാത്രമുള്ള മണ്ണു പരിശോ ധന ലാബട്രി ബ്ലോക്കടിസ്ഥാ നത്തിൽ സ്ഥാപിച്ച് കർഷകരെ സഹായിക്കണം

മൃഗസംരക്ഷണം

ഒരു കർഷികഗ്രമമായ കരവാളൂരിലെ ജനങ്ങൾക്ക് മൃഗപരിപാലനം ഒഴിവാക്കാനാവാത്തതാണ്. കർഷികോൽപ്പാദനവുമായി ബന്ധപ്പെട്ട മനുഷ്യന് ആവശ്യമില്ലാത്ത വൈയ്ക്കോൽ, ധാന്യഅവശിഷ്ടങ്ങൾ, മറ്റ് സസ്യാവശിഷ്ടങ്ങൾ എന്നിവ കന്നുകാലികളുടെ ഭക്ഷണമാക്കി, നക്ഷുടെ പോഷകമുഖ്യ ആഹാരങ്ങളായ പാൽ, മാംസം, മുട്ട എന്നിവ ഉൽപാദിഷ്ക്കുക എന്നതാണ് മൃഗപരിപാലനം വഴി ഉദ്ദേശിക്കുന്നത്. മൃഗളുടെ വിസർജ്ജ്യങ്ങൾ ജൈവവളമായി കാർഷികമേകലക്ക് മുതൽ കൂട്ടാവുകയും ചെയ്യുന്നു. മാത്രമല്ല ഇന്ന് ഒരു സാമൂഹ്യദുരന്തമായി മാറിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മക്ക് ഒരുറുതി വരുത്തുന്നതിനും ഇത് ഉപതരിക്കുന്നു.

പശു, കാള, എരുമ, ആട്, നായ്, കേഴി എന്നിവയാണ് നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും വളർത്തിവരുന്ന പക്ഷിമൃഗാതികൾ ഇവയിൽ സങ്കരയിനം പശുക്കളും ആടുകളുമാണ് എണ്ണത്തിൽ കൂടുതൽ. ഇതോടൊപ്പം വളർത്തു നായ്ക്കളുമുണ്ട്. നല്ലയിനം കോഴികളും നാടൻ കോഴികളും പഞ്ചായത്തിൽ സുലഭമാണ്.

ഇന്ന് വണ്ടിവലിക്കുന്നതിനും, നിലം ഉഴുന്നതിനും മറ്റും കലികളെ ഉപയൊഗിക്കുന്നത് വളരെ വിരളമാണ്. പാലുല്പാദത്തിനു വേണ്ടിയാണ് മുഖ്യമായും കാലികളെ വളർത്തുന്നത് വയലുകൾ കുറെയൊക്കെ നിരത്തി കെട്ടിടം പണിയും തെങ്ങുകൃഷിയും, വ്യാപകമായതൊടെ കന്നുകാലികളുടെ ചെച്ചിലിടകആ വളരെ കുറഞ്ഞിരിക്കുന്നു.

പഞ്ചായത്തിൽനിലവിലുള്ള വളർത്തു മൃഗങ്ങളുടെ വിവരം

ഇനം	ആകെ	സങ്കരവർഗ്ഗം	നാടൻ
കാള	52	-	52
പശു	2596	1658	938
എരുമ	15	-	15
പോത്ത്	21	-	21
ആട്	1412	216	1196
പട്ടി	1588	100	1588

അവലംബം ദ്വതിയവുവരണശേകരണം

ഇക്കാരണങ്ങളാൽ ഉഴവുമാടുകളുടെ എണ്ണത്തിൽ കുറവ്വന്നിട്ടുണ്ട്.പഞ്ചായത്തിൽ മൃഗസംരക്ഷണത്തിനായിവളർത്തുപക്ഷികളുടെ വിവരം

ഇനം	എണ്ണം
കോഴി	9788
താറാവ്	89
മറ്റുള്ളവ	25

അവലംബം : ദ്വതീയവിവരശേകരണം

വെഞ്ചെമ്പ് കേന്ദ്രമാക്കി ഒരു വെറ്റിനറി ഡിസ്പൻസറിയും കരവാളൂർ കേന്ദ്രമാക്കി ഒരു I.C.D.P സെന്ററും പ്രവർത്തിക്കുന്നു. കൂടുതൽ I.C.D.P സെന്ററുകളും കരവാളർ കേന്ദ്രീകരിച്ച് ഒരു ഡിസ്പൻസറി അനുവദിക്കുകയും വെഞ്ചെമ്പ് ഡിസ്പൻസറിയെ മൃഗാശുപത്രിയുടെ നിലവാരത്തിലേക്കുയർത്തുകയും വേണം.

ഭക്ഷണാവശ്യത്തിനായി ദിനം പ്രതി മൃഗങ്ങൾ കൊല്ലപ്പെടുന്നുണ്ട്. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് കൂടുതൽ മാംസം ആവശ്യമായി വരുന്നു. ഇതിനു വേണ്ട മൃഗങ്ങളെ അന്യസംസ്ഥാനങ്ങളിൽ നിന്നു കൊണ്ടു വരികയാണ്ചെയ്യുന്നത്.മുട്ടയും പഞ്ചായത്തിനാവശ്യമുള്ളതിന്റെ ഭൂരിഭാഗവും മറ്റ് പ്രദേശങ്ങളിൽ നിന്നും കൊണ്ടു വരുന്നയാണ്

പ്രശനങ്ങൾ

1) കാലിതീറ്റയുടെ അമിതമായ വിലവർദ്ധനവ്, ഗുണനിലവാരക്കുറവ്

2) ചികിത്സക്ക് അവശ്യമായ മരുന്നുകളുടെ വിലവർദ്ധനവ്.

3) കന്നകാലി വളർത്തലിന് ആവശ്യമായ കൃഷിഭൂമിയുടെ അഭാവം.

4) മൃഗസംരക്ഷണവകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കാത്തത്.

5) നരിക്കൽ, വട്ടമൺ, നീലാമ്മാൾ മേഖലകളിൽ മൃഗഡോക്ടറുടെ സേവനം ലഭിക്കാത്തത്.

6) നല്ലയിനം ആടുകൾ, കോഴികൾ ഇവയുടെ ലഭ്യതകുറവ്.

7) കന്നുകാലി ഇൻഷുറൻസ് പ്രീമിയം സാധാരണക്കാരന് താങ്ങാനാവാത്തത്.

8) പേവിഷബാധയുണ്ടാകാതിരിക്കുന്നതിനായി അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക.

നിർദ്ദേസശങ്ങൾ

1. താൽപര്യമുള്ള കൃഷിക്കാരെ കണ്ടെത്തി സങ്കരയിനം പശുക്കളെ വാങ്ങാൻ സാമ്പത്തിക സഹായം നൽകുക.

2. എല്ലാ കന്നുകൽലികൾക്കും ഇൻഷുറൻസ് കവറേജ് ലഭിക്കുമെന്ന് ഉറപ്പാക്കുക.

3. വരുമാനമുണ്ടാക്കാൻ ഒരുപാധി എന്ന നിലയിൽ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുക

4. ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തലിന് വായ്പാ സൗകര്യവും പ്രേൽത്സാനവും നൽകുക.

5. വട്ടമൺ കേന്ദ്രമാക്കി ഒരു ICDP സബ് സെന്റർ അനുവധിക്കുക.

6. കരവാളൂരിലെ കന്നുകാലി ചന്ത വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുക.

7. ഗുണനിലവാരമുള്ള ഇറച്ചി ലഭ്യമാക്കുന്നതിന് അറവ് മാടുകളെ വൈദ്യപരിശോധനക്ക് വിധേയ മാക്കുക. ഇറച്ചി കച്ചവടസ്ഥാപനം പഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടറുടെ നിരന്തര നിരീക്ഷണത്തിലാക്കുക.

8. പഞ്ചായത്തിൽ മൃഗസംരക്ഷണ സേവനം ലഭ്യമല്ലാത്ത മേഖലകളിൽ ആഴ്ചയിൽ ഒരു ദിവസം വെറ്റിനറി സർജനും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും മാറിമാറി സന്ദർശിക്കുന്നതിന് നടപടി സ്വീകരിക്കുക.

9. നായ്ക്കളെ രോഗ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുകയും അലഞ്ഞുതിരിയുന്നവയെ നശിപ്പിക്കുകയും ചെയ്യുക.

ക്ഷീരവികസനം

കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതി ക്ഷീരവികസനത്തിന് അനുയോജ്യമാണ് നിലവിലുള്ള ക്ഷീരവികസനത്തിന്റെയും മൃഗസംരക്ഷണത്തിന്റെയും വളർച്ച മനസ്സിലാക്കിയാൽ പഞ്ചായത്തിൽ ഏതാണ്ട് 80% കുടുംബങ്ങളും മൃഗപരിപാലനം നടത്തിവരുന്നു. ഇതിൽ 70% കുടുംബങ്ങളിലും പാൽ ഉൽപാദിപ്പിക്കുന്ന തരത്തിലുള്ള മൃഗങ്ങളെയാണ് വളർത്തുന്നത്. ഇതിൽ കുടിയും അത്യുൽപാദനശോഷിയുള്ള പശുക്കളെയാണ്. ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ ക്ഷീരസംഘങ്ങളിലും വീടുകളിലും ചായക്കടകളിലും വിറ്റഴിക്കുന്നു. 1980 മുതലാണ് പഞ്ചായത്തിൽ ക്ഷീരസംഘങ്ങൾ പ്രവർത്തനം തുടങ്ങിയത്.

പഞ്ചായത്തിലെ 1, 2, 3 വാർഡുകൾ കേന്ദ്രീകരിച്ച് കരവാളൂർ ക്ഷീരോൽപാദന സഹകരണ സംഘവും 4, 5, 6, വാർഡുകൾ, 9-ാം വാർഡിന്റെ ഭാഗീകം ഇവ മേഖലയാക്കി മാത്രയിലെ മങ്കുന്ന് ക്ഷീരോൽപാദക സഹകരണസംഘവും പ്രവർത്തിക്കുന്നു.

കരവാളൂർ സംഘം.

കരവാളൂർ സംഘത്തിൽ നിലവിൽ അംഗങ്ങളാണുള്ളത്. ഇവിടെ 50 ലിറ്റർ പാലിന് മുകളിൽ ദിസസേന ശേഖരിക്കുന്നു. സംഘം ഓഫീസിൽ മാത്രമാണ് പാൽശേഖകരണവും വിതരണവും നടക്കുന്നത്. സംഘത്തിന് കൂടുതൽ പാൽ ശേകരിക്കാൻ കഴിയും. ഒരു മിൽക്ക് കളക്റ്ററെ റൂട്ടിൽ വിട്ടുകയാണെങ്കിൽ കൂടുതൽ പാൽ ശേഖരിക്കാൻ കഴിയും. എന്നാൽ ഇത്തരത്തിൽ ശേഖരിക്കുന്ന പാൽ പ്രാദേശിക വിൽപന കഴിഞ്ഞ് വിൽക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

മങ്കുന്ന് ക്ഷിരോൽപാദക സംഘം

മങ്കുന്ന് സംഘത്തിൽ 238 അംഗങ്ങളും 125 ലിറ്ററിനു മുകളിൽ പാൽ ശേഖരണവും നടക്കുന്നു. സംഘത്തിൽ ശേഖരിക്കുന്നതും കൂടാതെ വെഞ്ചെമ്പ് L.P.S ജംഷൻ വരെ മിൽക്ക് കളക്ടർ റൂട്ട് കളക്ഷനും നടത്തിവരുന്നു. ഇതിനോടൊപ്പം സംഘവുമായി ബന്ധപ്പെട്ട് ഒരു ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റും കാലിത്തിറ്റ, മിനറൽ, മിശ്രിതം ഇവയുടെ വില്പനയും നടന്നു വരുന്നു. സംഘത്തിൽ കൂടുതൽ പാൽ ശേഖരിക്കാൻ കഴിയുമെങ്കിലുംപ്രാദേശിക വിൽപന കഴിഞ്ഞ് ബാക്കി വിതരണം കഴിയുന്നതിന് നിലവിൽ സംവിധാനം ഇല്ല. കാലിത്തീറ്റ വില വർദ്ധനവ് എന്നാൽ ഇത്തരത്തിൽ സംവിധാനം നിലവിലില്ല. കാലിത്തീറ്റ വില വർദ്ധനവ് ക്ഷീരോത്പാദന രംഗത്തു നിന്നു തന്നെ

പിൻവാങ്ങുന്നതിന് കർഷകരെപ്രേരിപ്പിക്കുന്നുമുണ്ട്.

.അഞ്ചൽ ബ്ലോക്കിൽ എട്ട് പഞ്ചായത്തുകൾ ഒരു മുനിസിപ്പാലിറ്റി എന്നിവ ഉൾപ്പെടുന്ന പ്രദേശത്ത് ഒരു ക്ഷീരവികസന യൂണിറ്റാണ് പ്രവർത്തിച്ചുവരുന്നത് (ഏരൂർ ക്ഷീരവിരവിതസന യൂണിറ്റാണ് ഒരു എക്സ്റ്റൻഷൻ ഓഫീസർ,രണ്ട് ഡയറിഫാം ഇൻസ്ട്രക്ടർ, ഉൾപ്പെടെ 7 ജീവനക്കാരാണുള്ളത്. ഇവരുടെ സേവനം ബ്ലോക്ക് മുഴുവൻ യഥാസമയം ലഭിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തുതലത്തിൽ തന്നെ ഒരു ക്ഷീരവികസന യൂണിറ്റ് ആരംഭിക്കേണ്ടതാണ്. ഇങ്ങിനെ വന്നാൽ ക്ഷീര വികസന വകുപ്പിന്റെ പദ്ധതികൾ പഞ്ചായത്തുകളിൽ നടപ്പിലാക്കി തൊഴിലായ്മ പരിഹരിക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനും സാധ്യമാകും.

പ്രശനങ്ങൾ

1. സംഘങ്ങളിൽ ബാക്കി വരുന്ന പാൽ വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുക.

2. വെഞ്ചോമ്പ്, നരിക്കൽ, കേന്ദ്രങ്ങളിൽ പാൽ വിപണനത്തിന് മാർഗ്ഗങ്ങളില്ല.

3. ക്ഷീര സഹകരണ സംഘം ജീവനക്കാർക്ക് ക്ഷീര വികസനവകുപ്പോ, സഹകരണ ഡിപ്പാർട്ട് മെന്റ്തലത്തിലോ ന്യായമായ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കാത്തത്.

4. അത്യുൽപാദന ശേഷിയുള്ള പശുക്കളെ വളർത്തേണ്ടതിന്റെ പ്രാധാന്യം കർഷകർ ഇനിയും തിരിച്ചറിയാത്തത്

5. മിതമായ നിരക്കിൽ കാലിതീറ്റ ലഭ്യമല്ലാത്തത്

6. കൂടുതൽ കൊഴുപ്പുള്ള പാലും ജൈവവളവും നൽകുന്ന ഏരുമയുടെ പ്രാധാന്യം മനസ്സിലാക്കാത്തത്.

7. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ക്ഷീരവ്യവസായത്തിലുള്ള ആനുകൂല്യങ്ങൾ ഏതൊക്കെയെന്ന് അറിവില്ലാത്തത്.

8. ഇപ്പോഴുള്ള കന്നുകാലി ഇൻഷുറൻസ് പ്രീമിയം കർഷകന് താങ്ങാവുന്നതല്ല.

സാധ്യതകൾ

1.സംഘങ്ങളിൽ ബാക്കി വരുന്ന പാൽ ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച് അവിടെ ശേഖരിക്കുകയും ഇവ പഞ്ചായത്തിലെ അഗൻവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനും സംവിധാനമുണ്ടാക്കുക.

2. വെഞ്ചോമ്പ് നരിക്കൽ കേന്ദ്രമാക്കി പുതിയ ക്ഷീരോൽ പന്ന സംഘങ്ങൾ രൂപീകരിക്കുക.

3. ക്ഷീരസംഘം ജീവനക്കാർക്ക് ന്യായമായ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കുക.

4. ക്ഷീരമേഖലയുടെ സാധ്യതകളെപ്പറ്റി കർക്ഷകരെ മനസ്സിലാക്കുന്നതിന് സെമിനാറുകളും, ചർച്ചാക്ലാസുകളും സംഘടിപ്പിക്കുക.

5. പഞ്ചായത്തുതലത്തിൽ സംകരയിനം പശുക്കളുടെ പ്രദർശനം സംഘടിപ്പിച്ച ഇവയെക്കണ്ടു മനസിലാക്കുന്നതിന് കർഷകർക്കമ അവസരം നൽകുക.

6. 2 സങ്കരയിനം കറവപശുക്കൾ, കാലിത്തൊഴുത്ത്, ജലസേചന സൗകര്യം, തീറ്റപുൽകൃഷി എന്നിവ ഉൾപ്പെടുന്ന ഒരു മാതൃകാ ഡയറി യൂണിറ്റ് മൊത്തം ചെലവുവരുന്ന 50000 രൂപക്ക് പരമവധി 15000 രൂപ സബ്സിഡി നൽകി ആരംഭിക്കുവുന്നതാണ്.

7. കർഷകർക്ക് തങ്ങളുടെ കാലികളെ സൗജന്യമായി ഇൻഷുർ ചേയ്യുന്നതിന് വേണ്ട പദ്ധതി നടപ്പിലാക്കുക.

8. 15 കുടുബിനികളുടെ ഒരു സംഘത്തെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ഇതിലൊരാളെ കൺവീനറാക്കി ഡയറികൾ ആരംഭിക്കുക ഇവിടെ ഉൽപാദിക്കപ്പെടുന്ന പാൽ ഒൽഡർ ഡപകാരം തൈര്, അച്ചാർ, പാൽ ഉൽപന്നങ്ങൾ എന്നിവയാക്കുന്നതിന് സൗകര്യം ചെയ തു കൊടുക്കുക.

9. അത്യുൽപ്പാദന ശേഷിയുള്ള ദീർഘകാല പുല്ലിനങ്ങൾ കൃഷി ചെയ്യുന്നതിലേക്ക് 25 സെറ്റിൽ 1000 രൂപയും ചെലവും ഇതിന് ധനസഹായകമായി 500രൂപവരെ അനുവതിക്കാവുന്നതാണ്. ഏറ്റവും കുറഞ്ഞ 5 സെന്റ് സ്ഥലത്ത് കൃഷിചെയ്യുന്നതിന് സബ്സിഡി ലഭ്യമാക്കുക.

10. ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽക്കുന്ന കാർഷകർക്ക് 50% ശതമാനം സബ്സിഡി കാലിതീറ്റക്ക് അനുവദിക്കുക.

11 സമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഡയറിയൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക.

12. നിലവിലുള്ള കാലിതൊഴുത്തുകൾ മെയ്ന്റനൻസ് ചെയ്യുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും ധന സഹായം നൽകുക.

മത്സ്യബന്ധനം

കരവാളൂർ ഗ്രാമ പഞ്ചായത്തിൽ മത്സ്യബന്ധനം ഉപജീവനമാക്കിയവർ അധികമില്ല. ഉള്ളവർ തന്നെ പുനലൂർ മുനിസിപ്പാലിറ്റിയെയാണ് മുഖ്യമായും ആശ്രയിക്കുന്നത്. പഞ്ചായത്തിൽ മത്സ്യസമ്പത്ത് വളരെ കുറവാണ്. പുഴകളോ, കടലോ ഇല്ലാത്തതിനാൽ മത്സ്യബന്ധനം നടക്കുന്നില്ല. ചെമ്മീൻ കെട്ടുകളും പഞ്ചായത്തിൽ ഇല്ല.

മത്സ്യവിപണനത്തിലേർപ്പെട്ട 100-ൽപരം കുടുംബങ്ങളുണ്ട്. കരവാളൂർ, മാത്ര, വെഞ്ചമ്പ്, നരിക്കൽ മേഖലകളിൽ വിപണന കേന്ദ്രങ്ങളുമുണ്ട്. കൂടാതെ സൈക്കിളുകളിലും തലച്ചുമടായും പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ വിപണനം നടത്തുന്ന ഏതാനും തൊഴിലാളികളും ഉണ്ട്.

മത്സ്യവളർത്തൽ രംഗത്ത് സാദ്ധ്യത ഉണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ചുടുകട്ട നിർമാണത്തിനുപയോഗിക്കുന്ന കുളങ്ങളും, മറ്റ് ചിറകളും മറ്റും പ്രയോജനപ്പെടുത്തിയാൽ ഈ രംഗത്ത് വലിയൊരു മാറ്റം വരുത്താൻ കഴിയും.

പ്രശ്നങ്ങൾ

1 മത്സ്യവളർത്തലിനെക്കുറിച്ചുള്ള അറിവില്ലായ്മ.

2 മത്സ്യത്തൊഴിലാളികൾക്ക് വായ്പാസൗകര്യം ലഭിക്കുന്നതിനുള്ള അപര്യാപ്തത

നിർദ്ദേശങ്ങൾ

1ചുടുകട്ട നിർമ്മാണാവശിഷ്ടങ്ങളായി മാറിയിരിക്കുന്ന കുളങ്ങൾപ്രയോജനപ്പെടുത്തി മത്സ്യവളർത്തൽ പ്രോത്സാഹിപ്പിക്കുക

2 മത്സ്യ ഫെഡുമായി ബന്ധപ്പെട്ട് നടത്താവുന്ന ചെറുകിട പദ്ധതികൾ ആവിഷ്കരിക്കുക.

3 മത്സ്യത്തൊഴിലാളികൾക്ക് ഒരു സഹകരണ സംഘം രൂപീകരിക്കുക.

വിഭവസമാഹരണം

കൊല്ലം ജില്ലയിൽ പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ വിഭവ സമാഹരണത്തിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് കരവാളൂർ പഞ്ചായത്ത് . പഞ്ചായത്തിന്റെ മൊത്തം വിസ്തീർണം. 23.64 ച.കി.മീളം, ജനസംഖ്യ 23899 ഉം ആണ്. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ പ്രധാനം കെട്ടിടനികുതിയാണ് . കൂടാതെ തൊഴിൽ നികുതി ലൈസൻസ് ഫീസ്, ചന്തലേലം മുതലായവയും പ്രധാന വരുമാനമാർഗ്ഗങ്ങളാണ്.

സർക്കാർ ഗ്രാന്റിനത്തിൽ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാനനികുതി, വി.ആർ.എം, വി.റ്റി.സി വസ്തു കൈമാറ്റ നികുതി എന്നീ ഇനങ്ങളിലായി 95-96 ൽ 786843 രൂപ കിട്ടിയിട്ടുണ്ട്. ഇത് കൂടാതെ ഉപാധി രഹിത ഫണ്ട്, JRY എന്നീ പദ്ധതികളിലും പഞ്ചായത്തിന് നല്ലൊരു തുക സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

എന്നാൽ ചെലവിന്റെ കാര്യത്തിലേക്കു കടക്കുമ്പോൾ ഏറ്റവും കൂടുതൽ തുക ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിലേക്കും മറ്റ് ഭരണപരമായ ചെലവുകളിലേക്കുമാണ് ചെലവഴിക്കപ്പെടുന്നത്. നല്ലൊരു ശതമാനം തുക മരാമത്ത് പദ്ധതികൾക്ക് ചെലവഴിച്ചതായിക്കാണാം. ഉത്പാദന മേഖലയിലോ പഞ്ചായത്തിന് വരുമാനമുണ്ടാക്കുന്ന മറ്റ് മേഖലയിലോ ഒറ്റരൂപാപോലും ചെലവഴിച്ചതായിക്കാണുന്നില്ല.

പഞ്ചായത്തിലെ ഒരു നിശ്ചിത ശതമാനം ആളുകളും ജോലി അന്വേഷിച്ച് വിദേശങ്ങളിൽ പോയിട്ടുണ്ട്. ഇത് അവരുടേയും അവരുൾപ്പെടുന്ന സമൂഹത്തിന്റേയും ജീവിത നിലവാരം ഉയർത്താൻ സഹായിച്ചിട്ടുണ്ട്. ഇവരിൽ നിന്നും ലഭിക്കുന്ന പണത്തിൽ നമ്മുടെ നാട്ടിലെ ബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്നവ ഇവിടുത്തെതന്നെ ജനങ്ങൾക്ക് വായ്പകൾ നൽകുന്നതിന് ബാങ്കുകൾ ഉപയോഗിക്കപ്പെടുന്നു.

പഞ്ചായത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ശാഖയും മാത്ര സർവ്വീസ് സഹകരണബാങ്കിന്റെ ഹെഡ് ഓഫീസ് 2 ബ്രാഞ്ചുകളും (കരവാളൂർ, നരിക്കൽ) ഉൾപ്പെടെ 4 ബാങ്കുകൾ പൊതുമേഖല, സഹകരണ രംഗത്തും 8 സ്വകാര്യ ബാങ്കുകളും (രജിസ്റ്റേഡ്) ആണ്

പ്രധാനപ്പെട്ടബാങ്കിംഗ് സംവിധാനങ്ങൾ കൂടാതെ മാത്ര സർവ്വീസ് സഹകരണബാങ്കിന്റെ വക രജിസ്റ്റേഡ് ചിട്ടികളും രജിസ്റ്റർ ചെയ്തിട്ടുള്ള25 ഓളം സ്വകാര്യചിട്ടി ഫണ്ടുകകളും പഞ്ചായത്തിലുണ്ട്.

പഞ്ചാത്തിലെ ലീഡിംഗ് ബാങ്ക് മാത്ര സർവ്വീസ് സഹകരണ ബാങ്കാണ്. ഹെഡ് ഓഫീസ് കൂടാതെ കരവാളൂരിലും നരിക്കലും 2 ബ്രാഞ്ചുകൾ കൂടിയുള്ള ഈ ബാങ്ക് കൊല്ലം ജില്ലയിലെ ക്ലാസ് 1 സഹകരണ ബാങ്കുകളിലൊന്നാണ്.

19 ജീവനക്കാർ ജോലി ചെയ്യുന്ന ഈ സ്ഥാപനം പഞ്ചായത്തിലെ സാധാരണക്കാരന്റേയും ഇടത്തരക്കാരന്റേയും ആവശ്യങ്ങൾ പരിഹരിക്കാൻ ബദ്ധശ്രദ്ധമാണ്. ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിലും ലോൺ കൊടുക്കുന്നതിലും ഏതൊരു പൊതുമേഖലാ ബാങ്കിനോടും കിടപിടിക്കുന്നതാണ് ഈ ബാങ്ക്. കാർഷിക ലോണാണ് പ്രധാനം. ഇത് കൂടാതെ സ്റ്റേറ്റ്ബാങ്കിന്റെ ഒരു ശാഖയും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. 9 ജീവനക്കാർ ഉള്ള ഈ ബാങ്കിൽ ധാരാളം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ ലോൺ സൗകര്യം കിട്ടുന്നുള്ളു. എന്നതിനാൽ സാധാരണക്കാരൻ വേണ്ടാത്തതരത്തിൽ ഉപയോഗിക്കപ്പെടുന്നില്ല. സ്വകാര്യബാങ്കുകളും ഡിപ്പോസിറ്റ് സ്വീകരിക്കുകയും ലോൺ (പ്രധാനമായും സ്വർണ്ണവായ്പ) കൊടക്കാറുണ്ടെങ്കിലും കാര്യ മായ കണക്കുകൾ ലഭ്യമല്ല.

പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ കഴിഞ്ഞ കാലങ്ങളിലെ വരവുചെ ലവുക ളായിരുന്നു. കൂടാതെ പഞ്ചായ ത്തിൽ മറ്റ് സാമ്പത്തിക സ്ഥാപ നങ്ങൾ വഴി ചെലവഴിച്ച തുകകളും , എന്നാൽ ഈ വിക സന രേഖ മുഖ്യമായും ലക്ഷ്യം വയ്ക്കുന്നത് വരും ഭാവിയിൽ നമ്മുടെ സമ്പത്ഘടനയിൽ മാറ്റം വരുത്താനും പഞ്ചാത്തിലെ ഈ ജീവിതത്തിൽ ഉണ്ടാക്കാവുന്ന സാമ്പത്തികവും സാമൂഹികവുമായുള്ള ഉന്നമനത്തിനായുള്ള വിഭവ സമാഹരണമാണ് ഇനിയുള്ള സാദ്ധ്യതകൾ താഴെപറയുന്നവയാണ്.

6019 കെട്ടിടങ്ങളുള്ള പഞ്ചായത്തിന്റെ കെട്ടിടനികുതി 157245 രൂപയാണ്. (1995-96 ലെ കണക്ക്) കെട്ടിട നികുതി നിശ്ചയിക്കുന്നത് കെട്ടിടത്തിനു ലഭിക്കാവുന്ന വാർഷിക വാടകയുടെ 10% തുക അറ്റകുറ്റപണികൾക്ക് മാറ്റി ബാക്കി വരുന്ന തുകയ്ക്ക് 6% മുതൽ 10% നികുതി ചുമത്താവുന്നതാണെങ്കിലും പഞ്ചായത്തങ്ങിനെ ചെയ്യുന്നില്ല. പഞ്ചായത്ത് രാജ് നിയമപ്രകാരം കെട്ടിടനികുതി നിശ്ചയിക്കാനുള്ള അധികാരം ജനകീയ സമിതിയായ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്കാണ്. അവർക്ക് കെട്ടിടത്തിന്റെ വലിപ്പവും നിർമ്മാണ സാമഗ്രികളുടെ കാര്യങ്ങളും കണക്കിലെടുത്ത്

പട്ടിക 1
പഞ്ചായത്തിലെ കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ

വാർഡ്	നികുതി ചുമത്തിയകെട്ടിടങ്ങൾ	ഒഴിവാക്കിയ കെട്ടിടങ്ങളുടെ എണ്ണം	ആകെ
1	343	152	495
2	514	135	649
3	472	100	572
4	693	158	851
5	389	142	531
6	328	230	558
7	635	200	835
8	245	100	255
9	414	100	514
10	472	197	669
ആകെ	4505	1514	6019

അവലംബം: പഞ്ചായത്തുരേഖ

നികുതിക്ക് ഒരു സ്ലാബ് നിശ്ചയിച്ചാൽ നികുതിയിനത്തിൽ വന്നിച്ച വർദ്ധനവുണ്ടാകുന്നതോടൊപ്പം നികുതിനിർണ്ണയത്തിൽ പൊതുജനങ്ങളുടെ ഇടയിൽ നിന്നുള്ള പരാതികളും ഒഴിവായികിട്ടും. മറ്റൊന്ന് ഇപ്പോൾ കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് മുമ്പ് പലരും കെട്ടിട നമ്പറിനായി പഞ്ചായത്തിനെ സമീപിക്കുബോൾ നിശ്ചയിക്കുന്ന നികുതി താൽക്കാലികമായി നിർത്തുകയും പണിപൂർത്തീകരിച്ചതിനു ശേഷം ശരിയായ നികുതി ചുമത്തുന്നതിനുള്ള സംവിധാനം ഉണ്ടാകുന്നു.

തൊഴിൽ നികുതി

തൊഴിൽ നികുതി ഇനത്തിൽ 134600 രൂപയാണ് പഞ്ചായത്തിന് വരുമാനം (1995-95 ലെ കണക്ക്) പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഒരു വരുമാനമാർഗ്ഗമാണ് തൊഴിൽ നികുതി. ഇത് ശാസ്ത്രീയമായി പിരിച്ചെടുക്കുന്നില്ല. മാസ ശമ്പള ക്കാരായ ഉദ്യോഗസ്ഥന്മാരിൽ നിന്നും മറ്റ് തൊഴിലാളി കളിൽ നിന്നും മാത്രമാണ് ഇപ്പോൾ തൊഴിൽ നികുതി ഈടാക്കുന്നത്. ഏതെ കിലും മേഖല കളിൽ ജോലി ചെയ്യു ന്നവരിൽനിന്ന് ഇത് ഈടാക്കാൻ കഴിയു മെന്നതി നെക്കുറിച്ച് ഒരു പഠനം നടത്തു ന്നത് സ്വാഹതാർഹ മായിരിക്കും.

പരസ്യനികുതി.

പരസ്യനികുതിയിനത്തിൽ ഇപ്പോൾ 290രൂപ മാത്രമാണ് പഞ്ചായത്തിന് ല ഭി ക്കു ന്ന ത് . പഞ്ചാ യത്തിനതിരിനുള്ളിൽ പതിക്കപ്പെടുന്ന ഏതു പരസ്യവും പഞ്ചായത്തിന്റെ മുൻകൂർ അ നു മ തി ക്കു ശേഷമായിരിക്കണമെന്നും അതിന് ശാസ്ത്രീയമായ നികുതി ചുമത്തുക കൂടി ചെയ്താൽ ഈ ഇനത്തിൽ നല്ല ഒരു വരുമാനം കിട്ടുന്നതാണ്.

ലൈസൻസ്

ലൈസൻസ് ഇനത്തിൽ 8950 രൂപയാണ് വരവ്. ഈ ഇനത്തിൽ വരുനമാനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഓരോ ഇനത്തിലും ഓരോവർഷവും ഉണ്ടാകേണ്ട വർദ്ധനവിന്റെ ശതമാനം കണക്കാക്കണം. ഇപ്പോൾ ലൈസൻസ് എടുക്കാൻ പഞ്ചായത്തിൽ വരുന്നത് ബാങ്കുവായ്പയ്ക്കും മറ്റുമായിട്ടാണ്. ഇതിനു വേണ്ട ബോധവൽക്കരണം നടത്തി പഞ്ചായത്തിലെ മുഴുവൻ കച്ചവടക്കാർക്കും മറ്റ് അനുബന്ധ മേഖലയിലും ലൈസൻസ് നിർബന്ധമാക്കുന്നു.

ക്രമനമ്പർ	ഇനം	രൂപ
1	കരവാളൂർ ചന്ത	30005
2	മാത്ര ചന്ത	500
3	കരവാളൂർ മാട്വ്യാപാരം	51010
4	വെഞ്ചമ്പ് " "	31010
5	നരിക്കൽ " " "	18010
6	മണൽ	7030
7	കരവാളൂർ ഫലവൃക്ഷം	2050
ആകെ		139615

പട്ടിക 3
ബാങ്കുകളുടെ നിക്ഷേപ- വായ്പ വിവരങ്ങൾ.

1 മാത്ര സർവ്വീസ് സഹകരണ ബാങ്ക് ഹെഡ് ഓഫീസ്

	നിക്ഷേപം		വായ്പ			
വർഷം	ഹ്രസ്വകാലം	ദീർഘകാലം	NRE	കാർഷികം	മറ്റിനം	പ്രത്യേകം
1994-95	26.56ലക്ഷം	1കോടി 29.82ലക്ഷം	ഇല്ല	2കോടി4.79	28.76ലക്ഷം	12.85ലക്ഷം
1995-96	23.85ലക്ഷം	1കോടി 43.33ലക്ഷം	ഇല്ല	1കോടി64.84	30.94ലക്ഷം	2.03ലക്ഷം

2 മാത്ര സർവ്വീസ് സഹകരണബാങ്ക് (കരവാളൂർ ബ്രാഞ്ച്)

19994-95	25.78ലക്ഷം	1കോടി 34.43ലക്ഷം	ഇല്ല	66.34ലക്ഷം	17.50ലക്ഷം	81.41ലക്ഷം
1995.96	20.26ലക്ഷം	1കോടി65.75ലക്ഷം	ഇല്ല	83.98ലക്ഷം	20.26ലക്ഷം	15.19ലക്ഷം

3 മാത്രസർവ്വീസ് സഹകരണ ബ്രാഞ്ച്(നരിക്കൽ ബ്രാഞ്ച്)

1995-96	47826	98695	ഇല്ല	16400	284875	550600

4 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കരവീളൂർ ബ്രാഞ്ച്.

1994-95	1കോടി1ലക്ഷം	2കോടി 20ലക്ഷം	55ലക്ഷം	64.34ലക്ഷം	55ലക്ഷം	19ലക്ഷം
1995-96	1കോടി3ലക്ഷം	2കോടി16ലക്ഷം	65ലക്ഷം	60ലക്ഷം	39ലക്ഷം	20ലക്ഷം

ചന്തലേലം

ചന്തലേലം ഇനത്തിൽ 30005 രൂപയും ഇറച്ചിലേലം ഇനത്തിൽ 100630 രൂപയുമാണ് വരുമാനം. കരവാളൂർ ചന്തയാണ് പ്രധാനമായിട്ടുള്ളത്. മാത്രയിൽ ഒരു ചന്തയുണ്ടെങ്കിലും 500 രൂപ മാത്രമേ വരുമാനമുള്ളു. മാസത്തിൽ രണ്ടു ദിവസം കന്നുകാലി ചന്തയും കരവാളൂരിലുണ്ട്. വെഞ്ചമ്പ്, നരിക്കൽ മേഖലയിലും ഓരോചന്ത പ്രവർത്തിക്കുന്നു. അന്തിചന്തകൾ ആരംഭിക്കാവുന്ന മേഖലകൾ പഞ്ചായത്തിലുണ്ട്. അത് പ്രായോഗിക മാക്കിയാൽ ഈ ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്ത് രേഖ

പട്ടിക 4
പഞ്ചായത്ത് വരുമാനത്തിന്റെ പ്രധാന മാർഗ്ഗങ്ങൾ

ക്രമനമ്പർ	ഇനം	തുക
1	UnfiedFiend	786843
2	VTC	417789
3	MI	2670
4	EstablishmentGrant	36951
5	Duty	253640
6	VRM	49031
7	Basictax	35832
8	JRY	70675

അവലംബം: പഞ്ചായത്തുരേഖ

പ്രശ്നങ്ങൾ

1 ഭരണചെലവുകളിലെ വർദ്ധനവ്

2ടാക്സ് തീരുമാനങ്ങളിലെ അപാകതകൾ

3 വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം.

4 സന്നദ്ധ പ്രവർത്തനങ്ങളുടെ താല്പര്യക്കുറവ്

5 കോൺട്രാക്ടർമാരും മറ്റിടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിത ലാഭം

6 ശരിയായ പ്ലാനിംഗ് ഇല്ലാതെയുള്ള ഫണ്ട് ഉപയോഗം.

7 കാർഷിക ഉത്പന്നങ്ങൾ ഗൾഫ് പണം എന്നിവ ശരിയായ രീതിയിൽ സംഭരിക്കാനും വിനിയോഗിക്കാനും കഴിയുന്ന തരത്തിലുള്ള സ്ഥാപനങ്ങളുടെ കുറവ്

നിർദ്ദേശങ്ങൾ

1 ഭരണചെലവ് പരമാവധി കുറയ്ക്കുക

2 പ്രദേശിക സമിതികൾ രൂപീകരിച്ച് പഞ്ചായത്തിലെ ജോലികൾ അവരെ ഏൽപിക്കുക

3 സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന പ്രസ്ഥാനങ്ങൾക്ക് മാത്രമായി ഗ്രാന്റ് ചുരുക്കുക.

4 പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മുഴുവൻ പരസ്യബോഡുകൾക്കും സൈൻ ബോഡുകൾക്കും നികുതി ഏർപ്പെടുത്തുക

5 വീടുകൾക്ക് ചെലവാകുന്ന തുകയും സൗകര്യങ്ങളും കണക്കാക്കി നികുതി നിശ്ചയിക്കുക

6 ഗൾഫ് പണം പഞ്ചായത്തിൽ തന്നെ ഉത്പാദനപരമായ നിലയിൽ നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മുൻകൈയ്യെടുക്കുക

7 പഞ്ചായത്തിലെ മുഴുവൻ ടുട്ടോറിയൽ കോളേജുദുകൾക്കും സ്വകാര്യ ആശുപത്രികൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കുക

8 പഞ്ചായത്ത് കേന്ദ്രമായ കരവാളൂരിൽ ടാക്സി, ഓട്ടോസ്റ്റാൻഡുകൾ നിർമ്മിച്ച് പ്രവേശന നികുതി നിശ്ചയിക്കുക

9 വ്യാപാരഅടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ വിൽപനകേന്ദ്രങ്ങൾ ആരംഭിക്കുക

10 പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭവമായ മനുഷ്യ വിഭവ ശേഷി ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുക

11 ജനങ്ങളിൽ സംമ്പാദ്യശീലം വളർത്തി പഞ്ചായത്തിന് ബജറ്റ്പഞ്ചായത്താക്കുക പിരിക്കുന്ന നിക്ഷേപങ്ങളുടെ നിശ്ചിത ശതമാനം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുക

12 ചെറുകിട വ്യവസായങ്ങൾക്ക് സാദ്ധ്യതയുള്ള പഞ്ചായത്തിൽ മുതൽ മുടക്കുന്നവർക്ക് പഞ്ചായത്തിനകത്തുള്ള സഹകരണ വാണിജ്യ ബാങ്കുകളിൽ നിന്നമ വായ്പാ സൗകര്യം ലഭ്യമാക്കുക.

13 സ്കൂൾ കെട്ടിടങ്ങൾ കളിസ്ഥലം എന്നിവയടെ അറ്റകുറ്റ പണികളിൽ PTA ബഹുജനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുക.

14 പഞ്ചായത്തിന്റെ കീഴിൽ ഒരുട്രസ്റ്റ് രൂപീകരിക്കുക,

പൊതുജനങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുക അതുവഴി സംഭാവന നൽകുന്നവർക്ക് ആദായ നികുതി ഇനത്തിൽ ഇളവുകൾ നൽകുകയും ചെയ്യുക

15പഞ്ചായത്തിൽ നിന്നും പുറത്തേക്കു പോകുന്ന അസംസ്കൃത വസ്തുക്കൾക്ക് (ഉദാ: റബ്ബർ, അൽപീസ, വട്ട മുതലായവ) ടാക്സ് ഏർപ്പെടുത്തുക.

വിഭവസമാഹരണത്തിന്റെ മറ്റുമേഖലകൾ കണ്ടെത്തുന്നതിനായി ശാസ്ത്രീയമായി പഞ്ചായത്തിന്റെ നേതൃത്ത്വത്തിൽ ഒരു സാമൂഹ്യ സാമ്പത്തിക സർവ്വേ സംഘടിപ്പിക്കാവുന്നതാണ്.

സംസ്കാരം

സമത്വത്തിന്റെയും സഹവർത്തിത്വത്തിന്റേയും സംസ്കാരമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ജനങ്ങൾ മെത്തത്തിൽ സമാധാന പ്രിയരരാണ്. സംഘർഷങ്ങൾക്ക്, അത് പ്രദേശികമായാലും മതപരമായാലും രാഷ്ട്രീയപരമായാലും ജനങ്ങൾക്കിടയിൽ സ്ഥാനമില്ല.

പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഹിന്ദുക്കളും ക്രിസ്ത്യാനികളും നല്ല അയൽക്കാരായി കഴിയുന്നു. 10,8,2,5 വാർഡുകളിൽ മുസ്ലീംകളുംഒ നിർണ്ണായകമായി അവരോടൊപ്പമുണ്ട്. ഈ ജന വിഭാഗങ്ങളുടെ എല്ലാ ചിന്താധാരകളും, ആചാരങ്ങളും അനുഷ്ടാനങ്ങളും ചേർന്നു രൂപംകൊണ്ടതാണ് നമ്മുടെ പഞ്ചായത്തിന്റെ പൊതു സംസ്കാരം.

ഉത്സവങ്ങളും ആഘോഷങ്ങളും

കരവാളൂർ പീടിക ഭഗവതി ക്ഷേത്രമാണ് പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ടക്ഷേത്രം. ഇവിടുത്തെ ഉത്സവം 8 ദിവസം നീണ്ടു നിൽക്കുന്നു. തിരുവാതിര ദിവസം പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നിന്നും ഇവിടുത്തെഎഴിന്നെള്ളത്തും അതിനോടനു ബന്ധിച്ചുള്ള കെട്ടുകാഴ്ചകളും കാണുന്നതിനായി ആയിരക്കണക്കിന് ആൾക്കാർഎത്താറുണ്ട്. മാത്ര ആയിരവല്ലിക്ഷേത്രം,

പഞ്ചായത്തിലെ പ്രധാനപ്പെട്ട കലാകായിക സാംസ്കാരിക കേന്ദ്രങ്ങൾ

ക്രമനമ്പർ	പേര്	സ്ഥലം	വാർഡ്
1	പ്രതിഭ ആർട്ട്സ്&സ്പോർട്ട്സ്ക്ലബ്	നീലാംമാൾ	1
2	സംസ്കാര ആർട്ട്സ്&സ്പോർട്ട്സ്ക്ലബ്	എരിച്ചക്കൽ	1
3	ന്യു ആർട്ട്സ്&സ്പോർട്ട്സ്ക്ലബ്	പടിഞ്ഞാറ്റിൻകര	2
4	സംഘം സാംസ്കാരികസമിതി	കരവാളൂർ	2
5	നവഭാവന ആർട്ട്സ്&സ്പോർട്ട്സ്ക്ലബ്	കുരിയിലും മുകൾ	3
6	കരവാളൂർ ആർട്ട്സ്&സ്പോർട്ട്സ്ക്ലബ്	കരവാളൂർ	4
7	ധന്യ ആർട്ട്സ്&സ്പോർട്ട്സ്ക്ലബ്	തിരുവഴിമുക്ക്	4
8	കുണ്ടമൺവില്ലേജ് ക്ലബ്	കുണ്ടമൺ	4
9	അനശ്വരആർട്ട്സ്&സ്പോർട്ട്സ്ക്ലബ്	വെഞ്ചെമ്പ്	9
10	അരുണോദയആർട്ട്സ്&സ്പോർട്ട്സ്ക്ലബ്	മാത്ര	5
11	സാംസ്കാരികനിലയം	വട്ടമൺ	6
12	ക്ലാസിക് കലാസാംസ്കാരിക സമിതി	വെഞ്ചെമ്പ്	10
13	സമർജ്ജോതി ക്ലബ്	വേലംകോണം	10
14	ബ്രദേഷ്സ് ക്ലബ്	വെഞ്ചെമ്പ്	10
15	മദർലാന്റ് ക്ലബ്		വാഴവിള 8
16	സമദർശി ആർട്ട്സ്&സ്പോർട്ട്സ്ക്ലബ്	നരിക്കൽ	8
17	കലാഭവൻആർട്ട്സ്&സ്പോർട്ട്സ്ക്ലബ്	പ	8

DIA 3.2


KARAVALOOR PANCHAYAT
ADMINISTRATIVE MAP
N
INDEX
HIGH SCHOOL
R.C.C. QUARRY
POND
PANCHAYAT BOUNDARY
KRISHI BHAVAN
TAR ROAD
BRIMETALLED ROAD
STREAM THODI
CANAL
TEMPLE
CHURCH
MOSQUE
POST OFFICE
PANCHAYAT OFFICE
PRIMARY HEALTH CENTRE
VILLAGE OFFICE
Punalur
Vilakkudi
Vettikkavala
Edamulakkal
Anchal
Eroor
9°3'
8°58'
76°49'
76°56'
PIRAKAL
KARAVALOOR
MATHIRA
VENCHEMBU
THUMBASIPPU
VATTAMAL
ADURAL THODU

വെഞ്ചെമ്പ് ശിവക്ഷേത്രം, വിഷ്ണു ക്ഷേത്രം എന്നിവിടങ്ങളിലെ ഉത്സവങ്ങളും പ്രധാനപ്പെട്ടതാണ്. പേന്നട ഉൾപ്പെടെ ചെറുതുംഒവലുതുമായ ക്ഷേത്രങ്ങൾ മിക്കവാറും എല്ലാ വാർഡുകളിലും ഉണ്ട്. പള്ളിപെരുനാളുകൾ, മുസ്ലീംങ്ങളുടെ പുണ്യദിനാഘോഷങ്ങൾ, ഓണം, വിഷു എന്നിവയെല്ലാം വിശേഷങ്ങളും സ്നേഹസാന്ദ്രമായ മനസോടെ ഒത്തൊരുമിച്ച് ആഘോഷിക്കുന്നു.

സാഹിത്യം, സംഗീതം,നൃത്തം തുടങ്ങിയ വിവിധ മേഘലകളിൽ പ്രാവീണ്യരായവർ നമ്മുടെ പഞ്ചായത്തിൽ വിരളമല്ല. കായിക രംഗത്തും മോശമല്ലാത്ത പ്രകടനം കാഴ്ചവെയ്ക്കുന്ന ൻട്ടേറെ ചെറുപ്പക്കാർ നമ്മുടെ പഞ്ചായത്തിലുണ്ട്.

കലാസാംസ്കാരിക സംഘടനകൾ

പഞ്ചായത്തിൽ നിരവധി കലാ സാാംസ്കാരിക സംഘടനകൾ ഉണ്ടെങ്കിലും സജീവമായിട്ടുള്ളത് വിരലിൽ എണ്ണാവുന്നതു മാത്രമാണ്. വട്ടമണ്ണിലെ സാംസ്കാരിക നിലയം കെട്ടിടമുണ്ടെങ്കിലും പ്രവർത്തന രഹിതമാണ്. മിക്ക സംസ്കാരിക സംഘടനകളുടേയും പ്രവർത്തനം വാർഷികം നടത്തുന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

തപാൽരംഗം

കരവാളൂർ പഞ്ചായത്തിൽ 4 ED പോസ്റ്റാഫീസുകളാണ് നിലവിലുള്ളത്. ഇവ കരവാളൂർ മാത്ര, വെഞ്ചെമ്പ് എന്നിവിടങ്ങളിലാണ് 1958-ൽ സ്ഥാപിച്ച കരവാളൂർ പോസ്റ്റാഫീസ് സബ്പോസ്റ്റാഫീസ് നിലവാരത്തിലെത്തിയിട്ട് നാലു വർഷം കഴിഞ്ഞു. ടെലിഫോൺ ബില്ലടയ്ക്കാനുള്ള സൗകര്യം നമ്മുടെ പോസ്റ്റാഫീസുകളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ പല വാർഡുകളിലും ആവശ്യത്തിനു പോസ്റ്റുബോക്സ് ഇല്ലാത്തസാഹചരര്യവും ഉണ്ട്.

ഗ്രന്ഥശാലകൾ

മാത്രയിലെ ജയഭാരത് വായലശാലയാണ് പഞ്ചായത്തിലെ ഏറ്റവും നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാല. 1950-ൽ ആരംഭിച്ച ഈ വായനശാല ഇപ്പോൾ 1321 അംഗങ്ങളും 6594 പുസ്തകങ്ങളും ഉണ്ട്. വെഞ്ചെമ്പ് ദേശ സേവിനി വായനശാല 1951-ൽ ആരംഭിച്ചതാണ്. ഇപ്പോൾ പ്രവർത്തനം സജീവമാണ്. 268 അംഗങ്ങളും 2665 പുസ്തകങ്ങളും ഉണ്ട്. പത്തനാപുരം താലൂക്കിലെ തന്നെ അറിയപ്പെടുന്ന ഒന്നാഞ്ഞിരുന്ന കരവാളൂർ ഗ്രാമീണവായനശാല ഇപ്പോൾ പ്രവർത്തന രഹിതമാണ്. സ്വന്തമായി സ്ഥലം വായനശാലയ്ക്കുണ്ട്. ഈ സ്ഥലത്ത് വായനശാല കെട്ടിടംഒ നിർമ്മിച്ച് പ്രവർത്തനം പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. സാക്ഷരതാ പ്രവർത്തനം ഇപ്പോൾ നിലച്ചമട്ടാണ്.

സിനിമ

പഞ്ചായത്തിൽ സിനിമാ തീയറ്ററുകളില്ല. ജനങ്ങൾ പുനലൂർ, അഞ്ചൽ പ്രദേശങ്ങളിലെ തീയറ്ററുകളെയാണ്

പത്രത്തിന്റെപേര്	സർക്കുലേഷന്റെ എണ്ണം	വരികദൈവാരിക,മാസിക	സർക്കുലേഷൻഎണ്ണം
മലയാളമനോരമ	640	മംഗളം	600
മാതൃഭൂമി	415	മനോരമ	500
കേരളാകൗമുദി	115	മാന്യഭൂമി	60
ദേശാഭിമാനി	65	തെഴിൽവാർത്ത	80
മാധ്യമം	35	ബാലരമ	50
മംഗളം	15	ബാലമംഗളം	100
രാഷ്ട്രദീപിക	10	ചിത്രകഥകൾ	100
		കർഷകശ്രീ	5
		ചിന്ത	5
		വീക്ക്	10
		ഇന്ത്യാടുടെ	10

മുഖ്യമായും സിനിമ കാണുന്നതിന് ആശ്രയിക്കുന്നത്. കേബിൾ ടി.വി, സാസറ്റുകൾ എന്നിവയിലൂടെ സിനിമ കാണുന്നവരും ഉണ്ട്. ഇവിടെ KSFDC വക ഒരു തീയറ്റർ സ്ഥാപിച്ചാൽ ഉപകാരപ്രദമായിരിക്കും

നാടകം.

നാടകം അകതരിപ്പിക്കുന്ന പ്രധാന ട്രൂപ്പുകൾ ഒന്നും തന്നെ പഞ്ചായത്തിലില്ല.

പത്രം

മലയാളത്തിലെ പ്രധാന പത്രങ്ങൾക്കെല്ലാമെന്ന പോലെ ഇംഗ്ലീഷ് പത്രങ്ങൾക്കും വായനക്കാരുണ്ട് . സായാഹ്ന പത്രങ്ങൾക്ക് വായനക്കാർ കുറവാണ്. പ്രമുഖ ദിനപത്രങ്ങളുടേയും ആഴ്ചപതിപ്പുകളുടേയും പഞ്ചായത്തിലെ സർക്കുലേഷൻ താഴെക്കോടുക്കുന്നു

സാംസ്കാരിക രംഗത്തെ പ്രശ്നങ്ങളും സാദ്ധ്യതകളും

1 പഞ്ചായത്ത് സാംസ്കാരിക കേന്ദ്രത്തെ കൂടുതൽ വിപുലീകരിച്ച് എല്ലാ സാംസ്കാരിക പ്രവർത്തനങ്ങളുടേയും കേന്ദ്രമാക്കുക. പഞ്ചായത്തിലെ മുഴുവൻ കലാകായിക ക്ലാസുകളുടേയും പ്രവർത്തനത്തെ സാംസ്കാരിക കേന്ദ്രവുമായി ബന്ധിപ്പിക്കുക.

2സാംസ്കാരിക കേന്ദ്രത്തിന്റെ കീഴിൽ ഒരു മീഡിയ ക്ലാസിന് രൂപം കൊടുക്കുക. വാർഡുതലത്തിൽ മീഡിയക്ലാസുകളുണ്ടാക്കി നല്ല ചലചിത്ര പ്രദർശനവും പഠനക്ലാസുകളും സംഘടിപ്പിക്കുക

3 പഞ്ചായത്തുതലത്തിൽ ഒരു സാംസ്കാരിക സെമിനാർ വിളിച്ചുകൂട്ടുക. സെമിനാറിൽ വെച്ച് രൂപം കെള്ളുന്ന പരിപാടികളെ ക്രോഡീകരിച്ച് പഞ്ചായത്തിന്റെ ഒരു സാംസ്കാരിക രേഖ തയ്യാറാക്കുക.

4 എല്ലാ വർഷവും കേരളോൽസവത്തോടനുബന്ധിച്ച് നാടൻ കലാമത്സരങ്ങൾ സംഘടിപ്പിക്കുക.

5 വായനശാലകളുടെ പ്രവർത്തനം എല്ലാ വാർഡുകളിലേക്കും വ്യാപിപ്പിക്കുക.

6 കലാപരിപാടികളും പൊതുപരിപാടികളും അവതരിപ്പിക്കുന്നതിന് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

7 പ്രാദേശികമായും പരിപാടികൾ അവതരിപ്പിക്കുന്നതിന് കുറഞ്ഞ വാടക നിരക്കിൽ മൈക്ക്, ലൈറ്റ് സംവിധാനങ്ങൾ, കർട്ടൻ, വാദ്യോപകരണങ്ങൾ തുടങ്ങിവ ലഭ്യമാക്കാൻ പഞ്ചായത്ത് സാംസ്കാരിക സമിതി മുൻകൈയെടുക്കുക.

8 പഞ്ചായത്തിന്റെ നേതൃത്ത്വത്തിൽ ഒരു സ്പോർട്ട്സ് കൗൺസിൽ രൂപീകരിച്ച് യുവതീ യുവാക്കളുടെ കായികമായ കഴിവുകൾ വികസിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം പഞ്ചായത്തിലെ കളിസ്ഥലം വിപുലീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

പൊതുജനാരോഗ്യം

രാഷ്ട്രത്തിന്റെ പ്രധാന സമ്പത്താണ് ആരോഗ്യമുള്ള ജനത. ജനങ്ങളുടെ ആരോഗ്യത്തിന് നമ്മുടെ രാഷ്ട്രം, പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനം മുന്തിയ പരിഗണന നൽകിവരുന്നു. നമ്മുടെ വരുമാനത്തിന്റെ വലുതായൊരു ഭാഗം ആരോഗ്യ രക്ഷയ്ക്കായി വകകൊള്ളിക്കുകയും ചെലവഴിക്കുകയും ചെയ്തുവരുന്നു. ആരോഗ്യ ദൃഢഗാത്രരായ ആളുകളുടെ അത്യധ്വാനം കൊണ്ടു മാത്രം വികസിതമായി തീർന്ന പരശ്ശതം രാജ്യങ്ങളുടെ ചരിത്രം തന്നെ നമ്മുടെ മുന്നിലുണ്ട്.

1974-ലാണ് ഈ പഞ്ചായത്തിൽ ഒരു ആരോഗ്യകേന്ദ്രം സ്ഥാപിതമാകുന്നത്. ഗവ: ആയുർവേദ ഡിസ്പൻസറി. വെഞ്ചെമ്പിലാണ് അതി സ്ഥാപിതമായത് .ഒരു വർഷക്കാലം യാതൊരു വിധ വാടകയുമില്ലാതെ വെഞ്ചമ്പിലെ NSS കരയോഗമന്ദിരം ഡിസ്പൻസറിയുടെ പ്രവർത്തനത്തിനായി വിട്ടുകൊടുത്തിരുന്നു. ഈ ഡിസ്പൻസറിക്ക് ,സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിന് വെഞ്ചെമ്പിലുള്ള ശ്രീ. ഉണ്ണികൃഷ്ണ പിള്ള 25 സെൻഡ് വസ്തു വിട്ടുകൊടുക്കുകയും സർക്കാർ ഇന്നുകാണുന്ന കെട്ടിടം പണികഴിപ്പിക്കുകയും ചെയ്തു.

ആദ്യമായി ഒരു അലോപ്പതി ചികിത്സാ കേന്ദ്രം തുടങ്ങുന്നത് 1996-ൽ ആണ്. പ്രൈമറി ഹെൽത്ത് സെൻഡർ എന്ന പേരിൽ ഉള്ള ഈ ആതുര ചികിത്സാകേന്ദ്രം ഇപ്പോൾ മാത്രയിലുള്ള ഒരു വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്വന്തമായി സ്ഥലം വാങ്ങി കൂടുതൽ സൗകര്യപ്രദമായ സ്ഥലത്ത് എത്രയും വേഗം പ്രവർത്തനം ആരംഭിക്കേണ്ടിയിരിക്കുന്നു.

കരവാളൂരിൽ സ്വകാര്യവ്യക്തി നടത്തുന്ന ഒരു ആശുപത്രിയുണ്ട്. വിദഗ്ദ ഡോക്ടർമാരോ സ്പെഷിലിസ്റ്റുകളോ ആധുനിക സൗകര്യങ്ങളോ ഒന്നും തന്നെ അവിടെ ലഭ്യമല്ല. ഒരു വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

ഹോമിയോ മേഖലയിലെ, യുനാനി, സിദ്ധ എന്നീ വിഭാഗങ്ങളിൽപെട്ട ഒരു ചികിത്സാകേന്ദ്രവും സർക്കാർമേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

1996-ൽ സ്ഥാപിതമായ പ്രൈമറി ഹെൽത്ത് സെൻഡറിലെ ഡോക്ടർക്ക് താമസിക്കുവാൻ ഈ പ്രദേശത്ത് സൗകര്യമില്ല. പഞ്ചായത്തിലെ എല്ലാപ്രദേശങ്ങളിൽ നിന്ന് എത്തപ്പെടുവാൻ പ്രയാസമുള്ള സ്ഥലത്താണ് ആശുപത്രി താൽക്കാലികമായി പ്രവർത്തിക്കുന്നത്. പഞ്ചായത്തു പ്രദേശത്തെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പര്യാപ്തമല്ലച്ച ഈ സ്ഥാപനം.

ക്രമനമ്പർ	സ്ഥാപനം	സ്ഥാപിച്ചവർഷം	സ്ഥലം
1	ഗവ:ആയൂർവേദ ഡിസ്പൻസറി	1974	വെഞ്ചെമ്പ്
2	ഗവ:പ്രൈമറി ഹെൽത്ത് സെൻഡൻ	1996	മാത്ര

ആയുർവേദ ഡിസ്പൻസറിയിലെ പ്രതിദിന ഒ.പി 75-മുതൽ 80 വരെയാണ്. വാതം, ചൊറി, പിത്തം, തുടങ്ങിയ ചികിത്സകൾക്കായിട്ടാണ് ഇവിടെ പ്രധാനമായും ആളുകൾ വരാറുള്ളത്. സ്ത്രീകളും ഹരിജൻവിഭാഗത്തിൽ പെട്ടവരുമാണ് ഇവിടെ എത്തുന്ന രോഗികളിൽ ഏറിയ പങ്കും. രക്തവാതം, കരവാളൂർ പ്രദേശത്ത് സഅദാരണയായി കണ്ടുവരുന്ന രോഗമാണ്. മണ്ണൻ, വയറിളക്കം, മഞ്ഞപിത്തം, ചൊറിച്ചിൽ എന്നിവ കൂടെക്കൂടെ ഈ പഞ്ചായത്തിൽ പടർന്നു പിടിക്കാറുണ്ട്. ആയുർവേദ ഡിസ്പൻസറിക്ക് സ്വന്തം കെട്ടിടമുണ്ടെങ്കിലും നാളിതുവരെ വൈദ്യുതീകരിച്ചിട്ടില്ല. മെഡിക്കൽ ആഫീസർക്ക് താമസ സൗകര്യം ഈ അവികസിത പ്രദേശത്ത് ലഭ്യമല്ലാത്തതിനാൽ പുനലൂരിലാണ് താമസം. അതിന്റെ അപാകത വളരെ വലുതാണ്. ഈ ഡിസ്പൻസറി ആശുപത്രിയായിഉയർത്തണമെന്ന മുറവിളിക്ക് വർഷങ്ങളുടെ പഴക്കമുണ്ട്.

പഞ്ചായത്തിലെ പൊതു മരണനിരക്ക് 5.9ആണ്. കേരളത്തിലെ പൊതു മരണ നിരക്കും ഇതു തന്നെയാണ്. കേരളത്തിലെ ശിശു മരണനിരക്ക് 16-ും നമ്മുടേത് 17-ും ആണ്. ഇത് സംസ്ഥാന നിരക്കിനേക്കാൾ അല്പം ഉയർന്നതാണ്. ശരാശരി ജനനനിരക്ക് 11 ആണ്. എന്നാൽ നമ്മുടെ സംസ്ഥാനത്തെ മൊത്തമായി എടുത്താൽ അത് 17 ആണ്. ഈ പഞ്ചായത്തിൽ സ്ഥിരമായി ജനന നിയന്ത്രണമാർഗം സ്വീകരിച്ചവരുടെ എണ്ണം 2342-ും താൽക്കാലിക മാർഗം തിരഞ്ഞെടുത്തവർ 453-ും ഒരു മാർഗവും

ആയുർവേദ ഡിസ്പൻസറി വെഞ്ചെമ്പ്

സ്റ്റാഫ് സ്ട്രംഗ്ത്	1ദിവസം എത്തുന്ന രോഗികളുടെഎണ്ണം	സാധാരണകണ്ടു വരുന്നരോഗങ്ങൾ	കുട്ടികൾ	സ്ത്രീകൾ	പുരുഷൻമാർ
ഡോക്ടർ1	80	വാതം	18	40	22
ഫാർമസിസ്റ്റ്		ചൊറി			
അറ്റൻഡർ1		പിത്തം			
പി.റ്റി. എസ്	1	തലവേദന			

പഞ്ചായത്തിലെ സർക്കാർ അലോപ്പതി ചികിത്സാകേന്ദ്രങ്ങൾ

ക്രമനമ്പർ	സ്ഥാപനം	വാർഡ്	ജീവനക്കാരുടെ എണ്ണം	കെട്ടിടംസ്വന്തം വാടക
1	പ്രൈമറിഹെൽത്ത് സെന്റർ മാത്ര	5	16	വാടക
2	FW സെന്റർ തിരുവഴിമുക്ക്	4	1	സ്വന്തം
3	FWസെന്റർ നരിക്കൽ	8	1	സ്വന്തം
4	സബ്സെന്റർ മണലിൽ	1	1	വാടക

സ്വീകരിക്കാത്തവർ 340 ആണ്.

ഈ പഞ്ചായത്തിലെ ജനസംഖ്യ 21727 പേരാണ്. (1991-ലെ സെൻസസ് അനുസരിച്ച്) ഇതിൽ 10500 പേർ പുരുഷൻമാരും 11227 സ്ത്രീകളുമാണ്.

കുട്ടികളുടെ ക്ഷേമത്തിനു വേണ്ടി പ്രധിരോധകുത്തിവയ്പുകൾ ലഭ്യമാക്കുന്നുണ്ട്. അയൺ ഗുളികകൾ, വിറ്റാമിൻ എ. ടാബിലെറ് എന്നിവയും വിതരണം നടത്തിവരുന്നു. 60 വയസിനു മുകളിലുള്ളവനരുടെ ആകെ എണ്ണം 7166 ആണ്.

പ്രൈമറി ഹെൽത്ത് സെന്റർ മാത്ര

ജീവനക്കാരുടെ നിലവാരം	ഒരുദിവസംഎത്തുന്ന രോഗഹികളുടെഎണ്ണം	സാധാരണകണ്ടുവരുന്ന രോഗങ്ങൾ
ഡോക്ടർ 1 ഫാർമസിസ്റ്റ് 1 ക്ലാർക്ക് 1 സ്റ്റാഫ് നേഴ്സ് 1 നേഴ്സിഗ് അസിസ്റ്റന്റ് 1 അറ്റർ ഗ്രേഡ് 2 ഹെൽത്ത് ഇൻസ്പെക്ടർ 1 LHI 1 JPHN 4 JHI 1 Peun 1 PTS ലെപ്രസി ഇൻസ്പെക്ടർ 1	150	ത്വക്കുരോഗം വാതരോഗം പകർച്ചവ്യാധികൾ

കുട്ടികളുടെ പ്രായഘടന		
1വയസിനു താഴെയുള്ള കുട്ടികളുടെ എണ്ണം	1മുതൽ 5വയസുവരെ	6മുതൽ 12 വരെ
283	1415	1981

ഇവരുടെ ക്ഷേമത്തിനു വേണ്ടിയുള്ള പ്രത്യേക പരിപാടികളൊന്നും തന്നെ പഞ്ചായത്തിൽ നിലവിൽ ഇല്ല.ആലംബമില്ലാത്തവരും വരുമാനമില്ലാത്തലവരുമായ ധാരാളം വൃദ്ധജനങ്ങൾ പരസഹായത്തിനായി കേഴുന്നവരായി ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഇവരുത്തെ പുനരധിവാസം പ്രത്യേക ചികിത്സ എന്നിവയ്ക്കൊന്നും **തന്നെ** യാതൊരുവിധ നടപടികളും ഉണ്ടാക്കുവാൻ **കഴിഞ്ഞിട്ടില്ല**.

മുഴുവനാളുകളുടേയും രക്ത പരിശോധനയ്ക്ക് ഒരു സംവിധാനം ഉഎാകേണ്ടതാണ്.

കുടുംബക്ഷേമപ്രവർത്തനങ്ങൾ**ക്ക്** താൽകാലിക സംവിധാനങ്ങൾ നൽകാൻ **മാത്രമേ** ഇവിടെ കഴിയുന്നുള്ളു. സ്ഥിരമാർഗങ്ങൾ**ക്കായി** അഞ്ചൽ, പുനലൂർ, ന്നിവിടങ്ങളിലേക്ക് ജനങ്ങളെ **അയയ്ക്കേണ്ടി**

ക്രമനമ്പർ	പ്രായഗ്രൂപ്പ്	എണ്ണം
1	15നും 20നും ഇടയ്ക്ക്	43
2	21നും 25നും ഇടയ്ക്ക്	456
3	26നും 30നും ഇടയ്ക്ക്	840
4	31നും 35നും ഇടയ്ക്ക്	8734
5	36നും 40നും ഇടയ്ക്ക്	670
6	41നും 44നും ഇടയ്ക്ക്	297
ആകെ		3138

വികലാംഗരെ സംബന്ധിച്ച് ഒരു സർവ്വേ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിഞ്ഞെങ്കിലും അതിന്റെ ഒരു വിവരവും പഞ്ചായത്താഫീസിൽ ലഭ്യമല്ല. വൈകല്ല്യമുള്ള 100 കണക്കിനാളുകൾ ഈ പഞ്ചായത്തിലുണ്ട് അവരുടെ ക്ഷേമത്തിനായി ഒരു പ്രവർത്തനവും നടക്കുന്നില്ല.

പകർച്ചവ്യാധികൾ പല ഭാഗങ്ങളിലും പടർന്നു പിടിക്കുന്നുണ്ട്. ീക്കൻഫോക്സ്, മഞ്ഞപിത്തം, ശ്വാസകോശസംബന്ധമായ അസുഖങ്ങൾ ധാരായമായി കണ്ടുവരുന്നു. തമിഴ് നാടുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശമായതിനാലും 100കണക്കിനാളുകൾ ബോംബേ, ഡൽഹി, എന്നീ സ്ഥലങ്ങളിൽ ജോലി ചെയ്തു വരുന്നതിനാലും എയിഡ്സ് രോഗികൾ ഏറെയുണ്ടാകാൻ സാദ്ധ്യതയുണ്ട്. എയിഡ്സ് മൂലമുള്ള മരണം റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട് വാർഡ് അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വരുന്നു. ഇതിന്റെ അസൗകര്യം മൂലം പല ദമ്പതിമാരും സ്ഥിരമായ മാർഗം സ്വീകരിക്കാകെതക മാറി നിൽക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ മറ്റൊരു സവിശേഷതയാണ് 'ആത്മഹത്യാപ്രവണത' ധാരാളം ആളുകൾ പറയത്തക്ക കാരണം കൂടാതെ തന്നെ ആത്മഹത്യചെയ്യുകയോ അതിന് ശ്രമിക്കുകയോ ചെയ്തുവരുന്നു. ഇതിനേപ്പറ്റി മനസിലാക്കുവാനും പഠിക്കുവാനും ആളുകളെ ബോധവാൻമാരാക്കുന്നതിനും ഒരു സൈക്യാട്രിസ്റ്റിന്റെ സേവനം പഞ്ചായത്തിൽ നത്തപ്പിലാക്കണം

പഞ്ചായത്തിലെ പ്രായാടിസ്ഥാനത്തിലുള്ള ദമ്പതികൾ

ജീവിച്ചിരിക്കുന്ന കുട്ടികളുടെ അനുപാതത്തിലുള്ള അമ്മമാരുടെ എണ്ണം

ക്രമനമ്പർ	ഇനം	എണ്ണം
1	കുട്ടികളില്ലാത്ത അമ്മമാർ	170
2	1കുട്ടിയുള്ള അമ്മമാർ	583
3	രണ്ടുകുട്ടിയുള്ള അമ്മമാർ	1689
4	മൂന്നുകുട്ടിയുള്ള അമ്മമാർ	522
5	4ഉം അതിനുമുകളിൽ കുട്ടികളുള്ള അമ്മമാർ	175
ആകെ		3139

വ്യവസായം

സമ്പന്നമായ ഒരു കാർഷിക അടിത്തറയുള്ള കരവാളൂർ ഗ്രാമപഞ്ചായത്ത് കുടിൽ-ചെറുകിട വ്യവസായങ്ങൾക്കും മറ്റും പരമ്പരാഗത വ്യവസായങ്ങൾ പോലും ആരംഭിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളും മനുഷ്യ വിഭവശേഷിയുമുണ്ട്. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ തൊഴിൽ രഹിതർ പഞ്ചായത്തിൽ ധാരാളമുണ്ട്. ഉൽപാദനപരമായ തൊഴിലുകളിൽ ഏർപ്പെടുന്നതിനു ഇവർക്ക് അവസരമുണ്ടാക്കണമെങ്കിൽ വ്യാവസായങ്ങൾ ആരംഭിച്ചേ മതിയാകൂ. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ പഞ്ചായത്ത് രൂപികരണകാലം മുതൽ ഇന്നോളം അമ്പതു പേർക്കേകിലും തൊഴിലെക്കാൻ കഴിയുന്ന വ്യവസായങ്ങൾ ആരംഭിച്ചേ മതിയാകൂ. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ പഞ്ചായത്ത് രൂപികണകാലം മുതൽ ഇന്നോളം നമ്മുടെ പന്നായത്ത് തൊഴിലെടുക്കാൻ കഴിയുന്ന വ്യവസായങ്ങൾ ഉണ്ടായിട്ടില്ല എന്നത് ഖേദകരമായ വസ്തുതയാണ്

നമ്മുടെ പഞ്ചായത്തിൽ ചിലകാലങ്ങളിൽഅവിടെവിടെയായി ചില ചെറുകിട വ്യവസായ യൂണിയറ്റുകളും മറ്റും പൊട്ടിമുളയ്ക്കറുണ്ടെങ്കിലും വളരെ താമസിയാതെ തന്നെ അടച്ചുപൂട്ടുന്ന ദുരാവസ്ഥയാണ് നിലനിൽക്കുന്നത്. ഇതിന്റെ കാരണങ്ങൾ മനസ്സിലാക്കി പരിഹരിക്കുവാൻ കൂട്ടായ പരിശ്രമം ആത്യാവശ്യമാണ്.

സർക്കാർ സർവ്വീസുകളിൽ ഗർഫുനാടുകളിലും മറ്റും പണിയെടുക്കുന്നവരെ ഒഴിച്ചുനിർത്തിയാൽ പഞ്ചായത്തിലെ പിന്നീടുള്ള തൊഴിൽ മേഖലകൾ പ്രധാനമായും കൂലിപ്പണി, കെട്ടിടനിർമ്മാണം, വാഹനങ്ങളിലെ ഡ്രൈവർ, കണ്ടക്ടർ ജോലികൾ, പാറക്കോറിയങ്ങളിലെ പണികആ മുതലായവയാണ് ഇവയൊന്നും തന്നെ വ്യാവസായിക അടിത്തറയുള്ളതോ പ്രത്യുൽപ്പാദനപരമാണെന്ന് പറയാനീകില്ല.

സ്ത്രീതൊഴിലാളികളുടെ അവസ്ഥ പരിശോധിച്ചാൽ ചുരുക്കം ചിലർ തയ്യൽ, മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടള്ളതല്ലതെ എടുത്തു പറയത്തക്ക വ്യവസായങ്ങളോ തൊഴിൽവേവലകളോ പഞ്ചായത്തിൽ ഇല്ല. അതു പോലെ വേതന വ്യവസ്ഥകളിലും സ്ത്രീ തൊഴിലാളികൾ പുരഷതൊഴിലാളികളെക്കാൾ പിന്നിലാണ്. അതു കൊണ്ട് തന്നെ പരമ്പരാഗത വ്യവസായങ്ങളെ പരിപോഷിപ്പിച്ചും ചെറുകിട വ്യവസാധ സംരംഭങ്ങൾ ആരംഭിച്ചും നമ്മുടെ വ്യവസായനേഖല പുഷ്ടിപ്പെടുത്താവുന്നതാണ്. കൂടാതെ 700 ബെക്ടറോളം ഭൂമി റബ്ബർ കൃഷി ചെച്ചുകയും ഏകദേശം ഓളം പേർ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട് റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിച്ച് ഇടത്തരം വ്യവസായ യൂണിയറ്റുകൾ ആരംഭിക്കാം.

എത് വ്യവസായം തുടങ്ങണമെന്നോ എങ്ങനെ തുടങ്ങണമെന്നോ ഉള്ള ആശയ വ്യക്തതയില്ലാത്തതും ശരിയായ തൊഴിലധിഷ്ഠിത പരിശിലനം ലഭിക്കാത്തതും പഞ്ചായത്തിലെ വ്യാവസായ വകുപ്പും, പഞ്ചായത്ത് സമിനികളും ബാങ്കിംഗ് സ്ഥാപനങ്ങളും ശരിയായ ബോധവൽക്കരണവും വായ്പ സൗകര്യങ്ങളും തൊഴിൽ പരിശിലനവും നൽണ്ടേത് അത്യാവശ്യമായാണ്. ഇതിനു വേണ്ടി പഞ്ചായത്തിന്റെ വിവധ കേന്ദ്രങ്ങളിൽ നമ്മുടെ ഭിതീക സാഹചര്യങ്ങൾക്ക് അനുസൃതമായി വ്യവസായ യൂണിയറ്റുകൾ തുടങ്ങുന്നതിനാവശ്യമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. അത് വുപുലമായ കേന്ദ്രങ്ങൾ മാത്രമാവൗതെ ചില പ്രധാന വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ പദ്യമാക്കുന്നതിനും സംസ്കരിച്ച വസ്തുക്കൾ ശേഖരിച്ച് വിതരണം ചെയ്യുന്നതുമായ ഒരു കേന്ദ്രവും കൂടിയാകണം.

വായ്പ സൗകര്യങ്ങളും അരര്യാപ്തത വ്യവസായ സംരഭകരെ വളരെയധികം തിരാബോധത്തിലേക്കും നയിക്കുന്നു. വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നൂലാമാലകളും തുടങ്ങുന്ന വ്യവസായ സ്ഥാപനങ്ങൾ തന്നെ ഈമ്മാക്കി തണക്കാക്കി വായ്പകൾ നൽകുകയും വേണം ന്യൂനപക്ഷമായ സമ്പന്നവിഭാഗം പഞ്ചായത്തിൽ ഗൾഫ് മലളാളികളാണ്. ഇതിൽ നല്ലെരു വിഭാഗവും പണം ആഡംഹര പൂർണ്ണമായ കെട്ടിട നിർമ്മാണത്തിനും ഉപയോഗിക്കുകയോ സ്ഥിരം നിക്ഷേപം നടത്തുകയോ ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഈ പണം ആനുയോജ്യമായ വ്യവസായ തുറകളിൽലേക്ക് തിരിച്ചു വിട്ടാൽ വ്യവസായ പുരോഗതി കൈവരിക്കാൻ കഴിയും.

ഇതൊടെപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി കൊണ്ട് പഞ്ചായത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിച്ച് പരമ്പരാഗതമായ വ്യവസായങ്ങളായ കൈത്തറി, ഖാതി, കരകൗശല വസ്തു നിർമ്മാണം എന്നിവ വർഡുരൾ തോറും നടപ്പിലാക്കാവുന്നവുന്നവയാണ്.

പഞ്ചായത്തിന്റെ വിഭവശേഷിയെ വിദഗ്ദ്ധ പഠനത്തിനും വിധേയമാക്കി കൂടുതൽ പേർക്ക് തൊഴിൽ കിട്ടുന്ന തരത്തിലും ഉൽപാദനം, വിപണനം ചോദനം എന്നിവയുടെ സാധ്യതകൾ പരിശോധിച്ചും വേണം വ്യവസായം ആരംഭിക്കാൻ.

കരവാളൂർ ഗ്രമപഞ്ചായത്ത് ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ

വാർഡ്	റബ്ബർ	ഹോട്ടൽ	ചായക്കട	ബേക്കറി	ചുടുകട്ട	പലചരക്ക്	മറ്റിനം	ആകെ	തുക
1	-	-	-	-	2	1	1	4	70 20
2	3	2	12	3	2	2	14	38	10350
3	2	2	3	4	3	2	9	25	651
4	3	0	10	-	1	3	5	20	790
5	3	1	7	1	-	-	22	34	1095
6	2	-	2	1	-	-	2	7	75
7	1	-	17	-	-	-	3	15	365
8	3	-	9	1	2	3	8	25	745
9	4	-	9	1	-	3	10	27	850
10	2	-	6	-	1	-	4	13	415

കരവാളൂർ ഗ്രാമപഞ്ചായത്ത്

ചെറുകിടവ്യവസായം സംബന്ധിച്ചവിവരം.

ഇനം	10ൽ താഴെജോലി ചെയ്യുന്നവർ	10നു മുകളിൽ 20നു താഴെ	തൊഴിലാളികൾ പുരു:	സ്ത്രി:	ആകെ
ചുടുകട്ട	9	2	80	220	300
തടി	3	-	10	-	7
ടാപ്പിംഗ്	50	2	250	-	250
റബ്ബർവ്യാപാ:	23	-	23	-	23
മഷ്ടിനം	80	-	80	-	80
ആകെ	163	4	440	220	660

ഇരുമ്പുകൊണ്ടുള്ള പണിയായുധ നിർമ്മാണം, പാനെയ്ത്ത്, കുടനിർമ്മാണം, ഫർണീച്ചർ നിർമ്മാണം, ചെങ്കൽവ്യവസായം, സിമന്റ്കട്ട നിർമ്മാണം.എന്നിവയെല്ലാം പഞ്ചായത്തിൽ ചെറിയതോൽതിൽ നടന്നുവരുന്നു.മറ്റു ചെറുകിട വ്യവസായ സംരംഭങ്ങളായ ബേക്കറി, എണ്ണായാട്ട്, നെല്ലുകുത്തുമില്ലുകൾ, പ്രിന്റിംഗ്പ്രസ്, ലബു ൻെജിനീയറിഗ്, സ്ഥാപലങ്ങൾ എന്നിവയെക്കെ പഞ്ചായത്തിനകത്ത് പ്രവർത്തിച്ചുവരുന്നു.

പ്രശ്നങ്ങൾ

1 പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ അസംഘടിതരായതിനാൽആ മേഖലയിലെ ഉദ്ധാരണം നടക്കുന്നില്ല.

2. വനിതാ വ്യവസായ സംരംഭങ്ങൾ ഉണ്ടാകുന്നില്ല.

3 വ്യവസായ സംരംഭകർക്കും ചെറുകിടവ്യവസായികൾക്കും സാങ്കേതിക പരിശീലനം നൽകാനുള്ള സംവിധാനം ഇല്ല.

4 വിദേശ മലയാചികളുടെ സംമ്പത്ത് വ്യവസായരംഗത്തേക്ക് തിരിച്ചുവിടാത്തത്.

5 കംപ്യൂട്ടർ, അലക്ട്രോണിക് രംഗത്ത് സാങ്കേതിക പരിശീലനം നേടിയവരിടെ അഭാവം.

6 ബീഡി തൊഴിലാളികൾക്ക് വേണ്ട പ്രോൽസാഹനം ലഭിക്കാത്തത്

സാദ്ധ്യതകൾ

1 പരമ്പരാഗത വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാനുള്ള നവീകരണ നടപടികൾ സ്വീകരിക്കുക

2 തൊഴിൽ സംരംഭകർ ജില്ലാ കളക്ട്രറ്റിലുള്ള സെൽഫ് എംപ്ലോയിമെന്റ് എക്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തുക.

3 വായപകൾ സൗജന്യങ്ങൾക്കുമുള്ള വരുമാന പരിധി കാലോചിതമായി വർദ്ധിപ്പിക്കുക.

4 പഞ്ചായത്തിൽ മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക

5 സഹകരണ സംഘങ്ങൾ രൂപീകരിച്ച് പരമ്പരൽഗത വ്യവസായങ്ങൾ, ഫർണീച്ചർ നിർമ്മാണം എന്നിവയെ പുഷ്ടിപ്പെടുത്തുക.

6 പഞ്ചായത്തിലെ പ്രധാന അന്ധസ്കൃത വസ്തുവായ റബ്ബർ ഉപയോഗിച്ച് റബ്ബർ ഉൽപന്നങ്ങളായ

ചെരിപ്പ് കൈയ്യുറ, റബ്ബർ ഫോം, റബ്ബർ ബോർഡുകൾ തുടങ്ങിയവ ഉത്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

7 വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പിക്കിൾസ്, മസാല , കറിപൗഡർ, പപ്പായ ഫ്രൂട്ടിയൂണിറ്റുകൾ എന്നിവ സ്ഥാപിക്കുക.

8 കുരുമുളക് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഒരു പെപ്പർ പ്രോസസിഗ് യൂണീറ്റ് ആരംഭിക്കുക.

9 പഞ്ചായത്തിൽ നിലവിലുള്ള ബീഡിതൊഴിലാളിളെ ഒരു യൂണീറ്റാക്കി ബീഡിവ്യവസായം പോഷിപ്പിക്കുക

10 പഞ്ചായപന്റെ വിവിധ മേഖലകളിൽ സോപ്പ്, തീപ്പട്ടി, ബുക്ക്മേക്കിഗ്, ട ബയൻഡിംഗ് യൂണീറ്റുകൾ എന്നിവ സ്ഥാപിച്ച് വിപണനം ചെയ്യുന്നതിനായി ൻരു കേന്ദ്രവും സ്ഥാപിക്കുക.

11 പഞ്ചായത്ത് കമ്മറ്റിയും, പഞ്ചായത്ത് കമ്മറ്റി രൂപീകരിക്കുന്ന ഒരു വിദഗ്ദ്ധ സമിതിയും കൂടിച്ചേർന്നുകൊണ്ട് പഞ്ചായത്തിന്റെ വിവിധ മേഖലകളി' അഭ്യസ്ത വിദ്യരായതൊഴിൽ രഹിതർക്കുവേണ്ടി ആരംഭിക്കാവുന്ന വ്യവസായ സംരംഭങ്ങളെക്കുറിച്ച് പഠനം നടത്തി സ്ഥാപിക്കുക.

12 പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ലഭിക്കുന്ന പ്രധാന അസംസ്കൃത വസ്തുവായ റബ്ബറിന്റെ ഒട്ടുകറ ഉപയോഗിച്ച് ഒരു ക്രേപ്പ് ഫാക്ടറി സ്ഥാപിക്കാവുന്നതാണ്.

ഗതാഗതം

നമ്മുടെ പഞ്ചായത്തിൽ പൂർവ്വകാല ഗതാഗതചരിത്രം പരിശോധിക്കുകയാണെങ്കിൽ 1938 മുതലാണണ് ആദ്യമായി ബസ്സർവ്വീസ് തുടങ്ങിയത്. അതിനു മുമ്പ് കാൽനടയായിട്ടായിരുന്നു ജനങ്ങളുടെ യാത്രമുഴുവൻ. ചരക്കുകൾ കൊണ്ടു വരുന്നതിനായി കാളകളേയും ഏതാനും ജൻമികുടുംബങ്ങളേയും യാത്രക്കായി വില്ലുവണ്ടികളും ഉപയോഗിച്ചിരുന്നു. പഞ്ചായത്ത് ഭരണസമിതികൾ രൂപംകൊണ്ടതിനു ശേഷമാണ് ഗതാദതരംഗത്ത് ഗണനീയമായ പുരോഗതികൾ ഉണ്ടായത്. പുനലൂർ, തിരുവനന്തരപുരം റോഡ് പഞ്ചായത്തിൽകൂടി കടന്നുപോകുന്നതിനാൽ, 1234 വാർഡുകളിലെ ജനങ്ങൾ വലിയതോതി' യാത്രാക്ലേശം അനുഭവിക്കുന്നില്ല. 100ലധികം ബസ് സർവ്വീസുകൾ ിതുവഴി കടന്നുപോകുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ യാത്രാക്ലേശം രൂക്ഷമാണ്. ഏതാനും ചില സർവ്വീസുകൾ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന മാത്ര വെഞ്ചെമ്പ് ഭാഗങ്ങളിൽ കൂടി പോകുന്നുണ്ടെങ്കിലും ഈ പ്രദേശങ്ങളിലെ ജനങ്ങൾ ഓട്ടോ, ജീപ്പ്, കാർ തുടങ്ങിയ സ്വകാര്യ വാഹനങ്ങളെയാണ് കൂടുതലായിും ആശ്രയിക്കുന്നത്. ഇതു കാരണം വർദ്ധിച്ചചെലവുകൾ ജനങ്ങൾക്ക് അനുഭവപ്പെടുന്നു. സ്കൂൾ, കോളേജ് കുട്ടികൾ യാത്രാസൗകര്യം ഇല്ലാത്തതിനാൽ വളരെ ബുദ്ധിമുട്ടുന്നുണ്ട്. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിച്ചേരത്തക്കവണ്ണം ബസ്സർവ്വീസ് നിലവിലില്ല. പുനലൂർ മുനിസിപ്പാലിറ്റിയിൽ ചെന്നിട്ട്വേണം പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ എത്തിച്ചേരാൻ. ഇതുകാരണം ഈ മേഖലയിലെ ജനങ്ങൾ പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളുമായി കൂടുതൽ ബന്ധം പുലർത്താറില്ല.

കൃഷിക്കാരൻ തങ്ങളുടെ കാർഷികോൽപന്നങ്ങൾ വിപണിയിലെത്തിക്കാ നും ആതുര ശുശ്രൂഷാകേന്ദ്രങ്ങളുമായി ബന്ധപ്പെടുന്നതിനും പുനലൂരിനെയാണ് ആശ്രയിക്കുന്നത്. ഇതുപോലെ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്തുള്ളവരും പുനലൂർ, അഞ്ചൽ മാർക്കറ്റുകളെയാണ് കൂടുതലായി ആശ്രയിക്കുന്നത്. ആയതിനാൽ പഞ്ചായത്തുതലത്തിൽ മുൻകൈയ്യെടുത്ത് അടിയന്തിരമായി ടാർ ചെയ്ത് ബസ്സർവ്വീസുകൾക്ക് വേണ്ടി ശ്രമിക്കേണ്ട ഏതാനും റോഡുൾ പഞ്ചായത്തിലുണ്ട്. ഇത് നടപ്പിലായാൽ വലിയ ബുദ്ധിമുട്ടില്ലാതെ പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും എത്തുന്നതിനും പഞ്ചായത്തിലെ ഉൽപന്നങ്ങൾ ഇവിടുള്ള മാർക്കറ്റുകളിൽതന്നെ വിറ്റഴിക്കുന്നതിനും സാധിക്കുന്നകതാണ്.

പഞ്ചായത്തിലെ വിവിധ റോഡുകളും അവയുടെ നിലവാരവും.

പട്ടിക 1

PWD ഉടമസ്ഥതയിലുള്ളവ

ക്രമനമ്പർ	റോഡിന്റെ പേര്	നീളം	വീതി
1	തൊളിക്കോട്-കനാൽ ജം	5 Km	
2	അടുക്കളമൂല-കോക്കാട് ഗുരുമന്ദിരം റോഡ്	6Km	
3	കരവാളൂർ-കുഞ്ചാണ്ടിമുക്ക് ജം	2	

4 ചെമ്മന്തൂർ-നരിക്കൽപള്ളിമുക്ക് 5Km

KIP റോഡ്

പുത്തൂർ-മണലിൽ റോഡ് 4Km

പഞ്ചായത്തിലെ ഉടമസ്ഥതയിലുള്ളവ

ക്രമനമ്പർ	റോഡിന്റെ പേര്	നിളം	വീതി	ടാർഉള്ളവ
1	പാണയം-തച്ചക്കോട് ഏലാറോഡ്		540	5
2	പാണയം മണലിൽറോഡ്		1800	7.5
3	മണലിൽ-ഒരിച്ചിക്കൽറോഡ്		2200	7 1000
4	എരിച്ചൽകുറുമ്പൻമുക്ക് നിലമ്പാൾ		1700	8
5	വേങ്ങവിള-രെമത്ത് ഏല		350	3.5
6	വേങ്ങവിള-എരിച്ചിക്കൽതോട്		150	3
7	കറുമ്പൽമിക്ക്-പൊയ്കയിൽമുക്ക്		150	3
8	അച്ചിയിൽ തേരിക്കുന്ന്-ചൂലറ്റ് ഏല		350	3.25
9	**കുറുമ്പൻമുക്ക്**-വെട്ടിക്കോണം ഏല		180	4
10	**നിരപ്പിൽ**-ചാലക്കോട് ഏലാ		270	4
11	**നിരപ്പത്ത്**-തച്ചൂട് ഏല		950	4.5
12	നീലമ്മാൾ എസ്റ്റേറ്റ് പുത്തുതലകലാൽ		1800	5
13	നെടുമ്മണ്ണറ-പാണങ്ങോട്ഏല		1035	6
14	നീലമ്മാൾ-കൊട്ടക്കാട്ട് ഏല		150	4
15	പിറക്കൽ-പെരിയിക്കൽ റോഡ്		1500	8
16	പെരിയിക്കൽ-ദർഭയിൽ വിതുക്കൽ		250	3.5
17	പൊയ്കയിൽ മുക്ക്-പുത്തയം ഏല		520	4.5

18	മല്ലശേരി വിതുക്കൽ-ഒറ്റാലി പള്ളിചരിവ് ഏല	180	4
19	പൊയ്കയിൽമുക്കിനു സമീപം-ഉണ്ണിക്കാൻ കോ	425	3.5
20	ഉണ്ണിക്കുന്ന് കോളനി-ഒറ്റാലിപ്പള്ളി ചരിവ് ഏല	150	6
21	പിറക്കൽമാർത്തോമ പള്ളി-ഉണ്ണിക്കുന്ന് കോളനി	625	5
22	പടിഞ്ഞാറ്റിൻകര ജം:-പടിഞ്ഞാറ്റിൻകര കരമേൽ	160	3.5
23	പടിഞ്ഞാറ്റിൻകരമുതൽ കരമേൽവരേയും കല്ലുചിറവയൽ	180	3
24	നിരപ്പത്ത് പടിഞ്ഞാറ്റിൻകര-പട്ടത്ത് ഏലാറോഡ്	675	2.8
25	നിരപ്പത്ത്-പിറക്കൽ വയൽ റോഡ്	675	5
26	സാമിൽ-നരിക്കോട്ടറ ഏലാറോഡ്	90	3.25
27	കോട്ടവിളവാതുക്കൽ-നരിക്കട്ടേറ ഏല	150	2.25
28	കോട്ടവിള വാതുക്കൽ-പടിഞ്ഞാറേതോട്	200	2.25
29	പോങ്ങും മുകൾവാതുക്കൽ-മണ്ണാംകടക്കൽ ഏല	100	2.75
30	അമ്പിയിൽവാതുക്കൽ-കൊച്ചുവീട്ടിൽഏല	60	3.3
31	കരവാളൂർചന്തമുക്ക്-കൊച്ചുവീട്ടിൽഏല	85	3
32	കൊച്ചുവീട്ടിൽ കാവ് മണ്ണാംകടക്കൽ ഏല	120	3.5
33	മണിപ്പിള്ളസ്മാരകംമുതൽ-പടിഞ്ഞാറ്റിൻകരശിവക്ഷേത്രം	210	3
34	കരവാളൂർ-മണ്ണംകടക്കൽ റോഡ്	240	3.70
35	കരവാളൂർസൊസൈറ്റി ജും: മണ്ണംകടക്കൽ റോഡ്	1600	7
36	വടക്കേവിള വിതുക്കൽ-കായം കതുഞ്ഞ് റോഡ്	120	3.7
37	നരിക്കോട്ടറഏല-പെപ്പക്കോസ്തു പള്ളി റോഡ്	550	4.75
38	നരിക്കോട്ടറഏല പെന്തക്കോസ്തുപള്ളി ഫോഡിൽ നിന്നും കൊച്ചുവീട്ടിൽഏലയിലേക്കുള്ള റോഡ്	110	3

39	കതരവാളൂർ ചന്തമുക്ക് മാടൻ നടറോഡ്	500	
40	പൊയ്കയിൽ മുക്ക് റോഡ്-മൂക്കൻകുന്ന് പാലം വരെയുള്ള റോഡ്	320	4
41	മലയാറ്റു തേരിയിൽ നിന്നും -നരിക്കോട്ടറ ഏല റോഡ്	280	4
42	പൂത്തുതടം-കല്ലിറക്കിൽ വഴി കരിയിലും മുകൾ	1600	4
43	കുരിയിലും മുകൾകല്ലിറക്കിൽ 4 സെന്റ് കോളനി ഏലറോഡ്	350	3
44	കല്ലുവിള മുതൽ തനാൽ പാലംവരെ	425	6
45	കരിയിലും മുകൾ-ചമ്പക്കാം ഏല	250	3
46	കരിയിലും മുകൾ-കല്ലിറങ്ങിൽ റോഡ്	410	3
47	കല്ലിരങ്ങിൽ നേടുമങ്ങറ റോഡ്	275	3.5
48	കളങ്ങരഴികത്ത്-കരിയില മുകൾ ജം:	900	6
49	ഉദിക്കോട്ടുതടം ചെമ്മൂശ്ശേരി ഏല	300	3
50	പീഠിക ഭഗവതി ക്ഷേത്രം-ചമ്പക്കര റോഡ്	180	4
51	കരവാളൂർ സെസൈറ്റി ജം:-മഠത്തിൽ വാതുക്കൽ ഏലാറോഡ്	325	7
52	ചേലക്കാട് ജം:പാണക്കാട്ട് ഏല	850	3.5
53	ചൂളമുക്ക് മുതൽ-കൊട്ടക്കാട് ഏല	725	5
54	മാടൻകാവിൽനിന്നും കവർപൊയ്ക വഴി മഠത്തിൽ വാതുക്കൽ ഏല	520	3
55	നെടുമല-വല്ലാറ്റുതൊട് റോഡ്	240	5
56	മൈലമൂട്ടിൽജം:വല്ലാറ്റ് ഏല റോഡ്.	310	4

57	മങ്കുന്ന്ജും:-:വല്ലാറ്റ് ഉടയൻകാവ് ദേവീക്ഷേത്രം	460	4
58	തിരുവഴി മുക്ക്-മഞ്ഞളറഏല	600	5.30
59	മാമൻമുക്ക്-മഞ്ഞളറ ഏല റോഡ്	240	4
60	തിരുവഴി മുക്ക്-ലക്ഷം വീട്കോളനി റോഡ്	90	4
61	തിരുവഴി മുക്ക്-തെങ്ങും പള്ളി ഏലാ റോഡ്	580	6
62	തിരുവഴി മുക്ക്-തൂമ്പശേരിജും: റോഡ്	1250	6
63	തൂമ്പശേരി മുക്ക് -ചൂട് ഏലലാ റോഡ്	450	5
64	വെട്ടുവിള ജും:വാറ്റിയോട്ടു റോഡ്	275	3..5
65	തൂമ്പശേരി എസ്റ്റേറ്റ്-കുണ്ടമൺ ജും: റോഡ്	675	5
66	തൂമ്പശേരിഎസ്റ്റേറ്റ്-മംഗലത്ത് ഏല റോഡ്	500	5
67	CPI ഓഫീസ് -ഊന്നംകല്ലിൽ റോഡ്	210	3,30
68	പുല്ലരിമല-പടിഞ്ഞാറ്റിൻകര	250	3.30
69	മാത്ര Jn - ദേവിക്ഷേത്രം റോഡ്	600	5
70	മാത്ര താഴെവാതുക്കൽ - അയിരവല്ലിക്ഷേത്രം	150	6
71	മാത്രതാഴെവാതുക്കൽ - വോർകോളനി റോഡ്	150	6
72	മാഞതഴെവിതുക്കൽ - നിരഷത്ത് റോഡ്	325	3.5
73	നിരഷത്ത് - മാത്രകലുങ്കുംകൾ റോഡ്	270	3
74	itc - നിരഷത്ത് ആല്യംമുക്ക് റോഡ്	375	3.5
75	മാത്ര ൦ല പടിഞ്ഞാറ്റിൻ കര ഏലാ റോഡ്	750	6
76	മാത്ര ൦ല - അമ്പലം കുന്ന് റോഡ്	135	3
77	മാത്ര ആയിരവില്ലക്ഷേത്രം റോഡ്	90	3
78	നിരഷത്ത് റോഡ്ു മങ്ങിളാ ഏലീ മദ്ധ്യഭാഗം റോഡ് 2100	305	

DIA 3.3


PUNALUR
9° 3'
VILAKKUDI
VETTIKKA-VALA
Edamulakkal
Anchal
Eroor
8° 58'
76° 49'
76° 56'
KARAVALOOR PANCHAYAT
LANDFORM
N
250 125 0 125 250m
INDEX
V VALLEY
S1 SIDE SLOPE - GENTLE (slope below 5°)
S2 SIDE SLOPE - MODERATE (slope 5°-10°)
S3 SIDE SLOPE - MODERATELY STEEP (slope 10°-18°)
T HILL CREST / RIDGE CREST
STREAM / NALA
DRAINAGE DIVIDE
SLOPE DIRECTION
PANCHAYAT BOUNDARY
VATTAMAN
ADUKKALAMCOLA
MATHRA
MANIYAR
KARAVALOOR
VETTEMBU
THUMBU 554 m

80 മാത്ര റല - നെടുമല റോഡ്	700	6
81 നിരഷത്തു റോഡ് മങ്ങളാ ഏലാ	125	4
82 മാത്ര നെടുമല റോഡ് - തേറാക്കുന്ന് വഴി കുഞ്ഞിണ്ടി മുക്ക് റോഡ്	700	5
83 മാത്ര മുക്കടമുക്ക് - തുരഷൻ പച്ച വട്ടമൺ റോഡ്	2300	7
84 തുറഷൻ പച്ച വെട്ടിക്കാട്ട് റോഡ്	725	4
85 താഴെവാതുക്കൽ - ആനപ്പാറ വെട്ടിക്കാട് വട്ടമൺറോഡ്	730	6
86 വട്ടമൺ സംസാക്കാരിക നിലയം- മായിക്കൽ റോഡ്	1700	6
87 വട്ടമൺ ലക്ഷംവീട് കോളനി - IDC എബനസർ ഹാൾ റോഡ്645	5	
88 മാത്ര ITC - വട്ടൺ ലക്ഷംവീട് കോളനി	310	3.5
89 അടുകളമൂല Jn മുരുപ്പേൽ റോഡ്	270	3.5
90 അടുക്കളമൂല - തൊച്ചകാട്	290	3.5
91 പഞ്ചായത്ത് ആഫിസ് - വിലൂമിന്ത്രർ ഏലാ റോഡ്	190	3
92 മാത്ര ശിശുമന്ദിരം - ബാട്ടുക്കുളം ഏലാറോഡ്	210	3.26
93 ബഥേൽ മാർത്തോമ്മാചർച്ച് - പോളകുശി റോഡ് വെട്ടിക്കാട് എസ്റ്റേറ്റ് വരെ	1000	8
94 വട്ടമൺ സർക്കാർമുക്ക് - മുളമുക്ക് കല്ലടമുക്ക് റോഡ്	900	7
95 മുളമുക്ക് - അടച്ചുകെട്ടി റോഡ്	150	3.25
96 മുളമുക്ക് - കൊച്ചച്ചത്ത് ഏലാറോഡ്	280	3.25
97 മുളമുക്ക് - കണ്ടിയരികുഴി - ഗുരുമന്ദിരം റോഡ്	425	3
98 മരുതിമൂട് - വട്ടമൺ പാമ്പാടി റോഡ്	3000	8
99 കാന്തിമതി എസ്റ്റേറ്റ് - പനക്കുറ്റി റോഡ്	845	3.5

100 ദേവികോണം - കൊച്ചുവട്ടമൺ പട്ടികജാതി കോളനി റോഡ്	720	6	720
101 കുതിരച്ചിറ - മുറഞ്ഞി കലുങ്ക് റോഡ് (വിളക്കുടി പഞ്ചായത്തിൽ അവസാനിക്കുന്ന റോഡ്	120	8	
102 കല്ലടമുക്ക് - കണിയാരു കുഴി എലാറോഡ്	300	2.5	
103 വട്ടകൈത Jn പ്ലക്കോട് ഏലാറോഡ്	210	4	
104 വട്ടകൈത Jn - പ്ലക്കോട് ഏലാ	210	4	
105 അരുവണ്ണൂർ Jn - കോന്നിമുക്ക് റോഡ്	460	8	
106 കലയപുരം Jn - കാക്കാരുവിള റോഡ്	1000	6.25	
107 കാക്കാരുവിള ചപ്പാത്ത് - ഏലത്തൂണ്ടിൽ ഏലാറോഡ്	300	4	
108 പൗവ്വത്ത് വിളക്കൽ - എലത്തുണ്ടിൽ ഏലാറോഡ്	425	4	
109 പ്ലിത്തറ ഗുരിമന്ദിരം - വിളക്കുടി പഞ്ചായത്ത് അതിർത്തിറോഡ്	280	4	
110 നരിക്കൽ ബഹോൾ Jn - പ്ളാത്തറ ഗുരുമന്ദിരം വരെ	1450	3	
111 ചിന്നക്കട Jn ഇലത്തുണ്ടിൽ വയൽ റോഡ്	430	3	
112 ഓണ്ടേണി ?ഇലത്തുണ്ടിൽ വയൽ റോഡ്	130	3	
114 വഴവിള - കാക്കാരുവിള റോഡ്	275	3	
115 വാഴവിള - ലക്ഷം വീട് കോളനി റോഡ്	125	3	
116 വാഴവിള - ആയിരവല്ലി തോടു റോഡ്	290	5.5	
117 വാഴവിള ലക്ഷംവീട് കോളനി - കടവുകുഴി തോട് റോഡ്	275	3	
118 വാവിള - കുനം കുഴി റോഡ്	525	4	

119 തേവിയോട് - നെടുകുഴി റോഡ്	495	4
120 തേവിയോട് - തെക്കേക്കരറോഡ്	470	4
121 തേവിയോട് വിഷൻ തോട്ടു മുതൽ-തേവിയോട് ഏലിറോഡ്	180	4
122 വോഇച്ചിറ എസ്റ്റേറ്റ് - വെഞ്ചെമ്പ് L.P.S Jn	410	4
123 റാന്നി തോട്ടം - പറയികോണം റോഡ്	370	4
124 റാന്നിതോട്ട് - വെഞ്ചോമ്പ് ആയൂർവേദ ആശുപത്രി Jn റോഡ്	275	3
125 വെഞ്ചോമ്പ് ശിവക്ഷേത്രം - പണചിലഴികത്ത് റോഡ്	160	4
126 വെഞ്ചെമ്പ് L.P.S Jn - കനാൽ റോഡ്	600	5
127 കനാൽ പാലം മുതൽ - വെഞ്ചെമ്പ് p.o Jn വരെ	1200	8
128 കാനൽ മുതൽ താഴക്കാട് വാതുക്കൽ റോഡ്	200	3
129 കനാൽ മുതൽ താഴക്കാട് വാതുക്കൽ റോഡ്	200	3
130 വിഷ്ണു ക്ഷേത്രം - കതാൽ റോഡ്	150	4
131 കാണ്ടിരം മുക്ക് - ചലിക്കോട് ഏലാ	325	5
132 നരിക്കൽ ബെൽത്ത് സെന്റർ - എറത്ത് വിളക്കൽ ഏല റോഡ്	1100	8
133 ഹെൽത്ത് സെന്റർ - ഭർതൻ മുക്ക് പൂക്കോട് ഏലാ	450	5
134 പാലനിരപ്പ് - പൂക്കോട് ഏലാ	450	4
135 പാച്ചൻ മൂക്ക് മൂത്തചിവരനട റോഡ്	200	3
136 ഭരതൻ മുക്ക് - എഴുവന്നൂർ ഏലാ	320	5
137 കല്ലടമുക്ക് - ബഞ്ചേസ് സഥേൽ മർത്തോമ്മചർച്ച് റോഡ്	1600	8

129 കനാൽ മുതൽ താഴക്കാട് വാതുക്കൽ റോഡ്	200	3
130 വിഷ്ണു ക്ഷേത്രം - കതാൽ റോഡ്	150	4
131 കാണ്ടിരം മുക്ക് - ചലിക്കോട് ഏലാ	325	5
132 നരിക്കൽ ബെൽത്ത് സെന്റർ - എറത്ത് വിളക്കൽ ഏല റോഡ്	1100	8
133 ഹെൽത്ത് സെന്റർ - ഭർതൻ മുക്ക് പൂക്കോട് ഏലാ	450	5
134 പാലനിരപ്പ് - പൂക്കോട് ഏലാ	450	4
135 പാച്ചൻ മൂക്ക് മൂത്തചിവരനട റോഡ്	200	3
136 ഭരതൻ മുക്ക് - എഴുവന്നൂർ ഏലാ	320	5
137 കല്ലടമുക്ക് - ബബേസ് സഥേൽ മർത്തോമ്മചർച്ച് റോഡ്	1600	8
138 ബഥേൽ മുക്ക് റോഡിൽ നിന്നും വെഞ്ചെമ്പ് H.S Jn റോഡ്	250	3
139 വെഞ്ചെമ്പ് - അബദ്കർ കോളനി റോഡ്	600	4
140 വെഞ്ചെമ്പ് H.S - അയത്തിക്കോട് റോഡ്	380	6
141 വെഞ്ചെമ്പ് അയത്തിക്കോട് നിന്നും കരിമ്പുഴിക്കാട്ട് ഏലിയിലേക്കുള്ള റോഡ്	310	3
142 വേലം കോണം Jn - പ്ലാവറ എലാറോഡ്	390	5
143 വേലം കോണം Jn - മൂഴിയിൽ തോട് റോഡ്	420	4

144 വേലം കോണം - കോട്ടൂർ ഏലാറോഡ്	300	3.5
145 കളിക്കൽ വിളക്കൽ - രോഹിണി എസ്റ്റേറ്റ് റോഡ്	300	3
146 അയത്തിക്കോട് - ഒരുനട റോഡ്	600	3.5

ക്രമ നമ്പർ റോഡിന്റെ പേര്	നീളം (മീറ്ററിൽ)	വീതി(മീറ്ററിൽ)
ചേറുകുഴി - മുഴിയൻ	1170	4
148 ചേറുകുഴി പള്ളിമുക്ക് -		
കരിക്കത്തിൽ കേൽക്കർ റോഡ്	420	4
149 ചാവറ മൂക്ക് - കൂടാരം റോഡ്	270	5
150 ചേറുകുഴി - കഴകുണ്ടയം ഏലിറോഡ്	510	6
151 ജവഹർ Jn - കോലിയക്കോട് റോഡ്	990	4
152 പള്ളിമുക്ക് - അരീക്കൽ ഏലാറോഡ്	310	315
153 നെടുങ്കുഴി - ജവഹർ Jn റോഡ്	460	5
154 ജവഹർ Jn - തോയിത്തല ഏലറോഡ്	910	4.25

പട്ടിക 3 പഞ്ചായത്ത റോഡുകളുടെ സംക്ഷിപ്ത രൂപം

വാർഡ്	റോഡുകളുടെ എണ്ണം	നീളം
1	14	12975
2	27	9580
3	13	7139

4	14	6130
5	14	4870
6	11	8370
7	8	6440
8	20	8400
9	20	9500
10	13	7050
ആകെ	154	80445 M

പട്ടിക പഞ്ചായത്തിൽ ടാർ ചെയ്യേണ്ട റോഡുകളുടെ വിവരം

1 മാത്ര, നിരപ്പത്ത്, പിറക്കൽ, പൊയ്കമുക്ക്, എരിച്ചിക്കൽ, മണലിൽ റോഡ്

2. മായിക്കൽ- വട്ടമൺ റോഡ്

3. വെഞ്ചെമ്പ്, അയണിക്കോട്, അരിപ്പിലിച്ചി റോഡ്.

4 കല്ലടമുക്ക്- പൂത്തോട് റോഡ്, ബഥേൽ മാർത്തോമ്മചർച്ച് മാത്ര, വോളകുഴി റോഡ്

5. വെഞ്ചോമ്പ് പോസ്റ്റോഫീസ് - നരിക്കൽ ബാങ്ക് റോഡ്

6. മരുതി മൂക്ക് - വട്ടമൺ റോഡ്

7 നരിക്കൽ - കോട്ടവട്ടം റോഡ് (200 m)

8. കരവാളൂർ സൊസൈറ്റി ജംഗ്ഷൻ, പൊയ്കമുക്ക്, കറുമ്പൻ മുക്ക്, നീലമ്മാൾ റോഡ്.

9 വെഞ്ചോമ്പ് - ചേറുകുഴി റോഡ് വേഞ്ചെമ്പ് ജുവഹൻ ജംഗ്ഷൻ റോഡ്

10 നരിക്കൽ സൊസൈറ്റി ജംഗ്ഷൻ മുതൽ വാഴവിള ജംഗ്ഷൻ വരെയുള്ള

11 കരവാളൂർ ചന്തമുക്ക് Jn മുതൽ മാടൻ നടവരെയുള്ള റോഡ്

12. നരിക്കൽ കോട്ടവട്ടം - കാക്കാരുവിള റോഡ്

പട്ടിക 5

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

23 കലങ്കുമുകൾ - വട്ടമൺ ലക്ഷംവീട് റോഡ്

24 വാലുമാന്നൂർ പൊട്ടുകുളം, പോളക്കുഴി റോഡ്

25 മാത്ര മൂലാരം, കാരോട് ഏലാ റോഡ്

26 പാലോട്ടുകോണം റോഡ്

27 നിരപ്പത്ത് - കറുത്തകുന്നിൽ റോഡ്

28 കൊച്ചുവട്ടമൺ ഏലിയിൽ

29 തിരുവഴിമുക്ക് ഹെൽത്ത് സെന്റർ, നിലമേൽ ഭാഗം വഴി മാമർമൂക്ക്

പട്ടിക 6

കലങ്കുകൾ

10 പൊലിക്കോട് ഏലായിൽ

11 കൊച്ചുവട്ടമൺ ഏലിയിൽ

12 പാലോട്ടുകോണം ഭാഗത്ത്

13 പലികാല Jn - പുലരിമലറോഡ്

പട്ടിക 4

ടാർ ചെയ്യേണ്ട റോഡ്

13 ബഥേൽ മാത്തോഡ ചർച്ച് പോളക്കുഴിറോഡ് വെട്ടിക്കാട്ട് എസ്റ്റേറ്റ് വരെ

14 കല്ലടമുക്ക് വട്ടമൺ സർക്കാർ മുക്ക് റോഡ്

15 കൊച്ചുവട്ടമൺ പട്ടികജാതി കോളനി റോഡ് (ടീ ടാർ)

16 കുതിരച്ചിറ മരിഞ്ഞ കലുങ്ക് റോഡ് ഭാഗികം ടാർ ചെയ്യുക

പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. തച്ചക്കോട് - നീലമ്മാൾ (ലിങ്ക് റോഡ്)

2. കരവാളൂർ കാവ് - പടിഞ്ഞാറ്റിൽ കര റോഡ്

3. കുണ്ടമൺ - തുമ്പശ്ശേരി എസ്റ്റേറ്റ് റോഡ്

4 തുമ്പശ്ശേരി, കണ്ടമൺ, തിരുവഴിമുക്ക് റോഡ്

5. മാത്ര താഴെ വാതുക്കൽ - പട്ടികവർഗ്ഗ കോളനി റോഡ്

6. കലുങ്കുമുകൾ - നിരപ്പത്ത് റോഡ്

7. മാത്ര - തിരുവഴി മുക്ക് റോഡ്

8. നിരപ്പത്ത് - മണ്ണൂത്തറ ഏലി റോഡ്

9. വട്ടമൺ, ആനപ്പാറ - മടയ്ക്കമൺകോണം റോഡ്

10 കല്ലടമുക്ക് - പ്ലളത്തറ റോഡ്

11 തേവീയോട്, വെഞ്ചെമ്പ് നെടുങ്കുഴി, ജവഹർ ജംഗ്ഷൻ റോഡ്

12 കളക്കരഴികത്ത് മുകൾഭാഗം - കരിയിലുംമുകൾ റോഡ്

13 കരവാളൂർ ചന്ത, മാടൻനട, ചമ്പക്കര റോഡ്

14 വെഞ്ചെമ്പ്, ആയണിക്കോട്, നെടമല റോഡ്

15 വെഞ്ചെമ്പ് ശിവക്ഷേത്രം അബേദ്കർ കോളനി റോഡ്

16 നരിക്കൽ ചാവരുകാവ് - പൂക്കോട്ട് അമ്മുമ്മക്കാവ് റോഡ്

17 വെഞ്ചെമ്പ് ജവഹർ Jn വെഞ്ചെമ്പ് തടിക്കാട് റോഡ്

18 നരിക്കൽ കക്കാരുവിള റോഡ് - വാഴവിള റോഡ്

19 കരവാളൂർ ഉണ്ണിക്കുന്ന് - പുത്തയം റോഡ്

20 വെഞ്ചെമ്പ് ചേറുകുഴി റോഡ്, വെഞ്ചെമ്പ് തടിക്കാട് റോഡ്

21 കളിയ്ക്കൽ വാതുക്കൽ മുതൽ രോഹിണി എസ്റ്റേറ്റ് വരെയുള്ള റോഡ്

22 കുരുവിക്കോണം ചേറുകുഴി മണ്ണാംപാൽ റോഡ് വെഞ്ചെമ്പ് ഫോസ്റ്റാഫീസ്

പട്ടിക 6 പഞ്ചാലത്തിൽ കലങ്കുകൾ ആവശ്യമായ സ്ഥലങ്ങൾ

1 കരിമ്പുഴിക്കേട് ഏലാ - വല്ലറ്റ്ഭാഗം

2 റാന്നി എസ്റ്റേറ്റ് റോഡ് - പറയിറക്കം ഏലാ

3. പോളിച്ചിറക്കൽ - പൂക്കോട്ട് റോഡിൽ 2 കലുങ്ക്

4 ആരീക്കൽ ഏലാ - കൂടാരത്തു മൂഴി ഏലാ 2 കലുങ്ക്

5 തോയിത്തല ഏലായിൽ

6. വെഞ്ചെമ്പ് കോലിയക്കോട് ഏലാ

7 നരിക്കൽ പ്ലത്താ റോഡ്

8. തേവിയോട് നെടുംകൂഴി എലാ

9. നരിക്കൽ പൂങ്ങോട് റോഡിൽ കൊച്ചഴികത്ത് ഏലാ

പട്ടിക 7 പഞ്ചായത്തിൽ പാലങ്ങൾ വേണ്ട മേഖലകൾ

1 നിരപ്പത്ത്, പിറക്കൽ റോഡിൽ - പിറക്കൽ തോടിനു കുറുകെ

2. വെഞ്ചെമ്പ് കൊച്ചു തഴക്കാട്ട് ഭാഗ

3. മാത്ര താഴെവാതുക്കൽ - പട്ടികവർഗ്ഗ കോളനി

4. തുമ്പാശ്ശേരി എസ്റ്റേറ്റ് - പ്ലകാല ജ്ഗ്ഷൻ റോഡ്

5. പ്ലകാല ജ്ഗ്ഷൻ - മംഗലത്ത് ഏലാ റോഡ്

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ മിക്ക റോഡുകളുടെയും നിലവാരം വളരെ മോശമാണ്

2. ഒട്ടുമിക്ക റോഡുകൾക്കും കാനകളില്ല. ടാർ റോഡുകളിൽ വെള്ളം കെട്ടി നിന്നും മറ്റ് റോഡുകളുടെ നടുവിലൂടെ വെള്ളം ഒഴുകിയും റോഡുകൾ വേഗം കേടാവുന്നു.

3 റോഡുകളിലേക്കുള്ള വെള്ളക്കെട്ട് പറമ്പുകളിലേക്ക് തിരിച്ചു വിൻ കഴിയാത്തുകൊണ്ട് റോഡുകൾ കുണ്ടും കുഴിയുമാകുന്നു.

4. റോഡുകൾ നന്നാക്കുന്നതിള്ള നടപടി ക്രമങ്ങൾ ഏറ്റവും വലിയ പ്രശ്നമാണ്

5. പഞ്ചായത്തിന്റെ പ്രധാന സ്ഥാപനങ്ങളിലേക്ക് (പഞ്ചായത്ത് ആഫീസ്, വില്ലേജ് ആഫീസ്, കൃഷിഭവൻ, മൃഗാശുപത്രി, ആയൂർവേദാശുപത്രി തുടങ്ങിയവ)എത്തിച്ചേരാൻ വാഹന സൗകര്യമില്ല.

സാദ്ധ്യതകൾ

1. കഴിയുന്നത്ര റോഡുകൾ കാനകൾ നിർമ്മിക്കണം

2. വെള്ളക്കെട്ടു കൊണ്ട് കുണ്ടും കുഴിയുമാകുന്നിടങ്ങൾ കോൺക്രീറ്റ് ചെയ്യണം

3. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ എത്തിച്ചേരുന്നതിനായി ബസ് സർവ്വീസുകൾ ആരംഭിക്കുണം. ഇത് പഞ്ചായത്തിലെ ജനങ്ങളുടെ പണം പഞ്ചായത്തിനുള്ളിൽ തന്നെ ചെലവഴിക്കപ്പെടുന്നതിനും ഇടയാക്കും.

സർവ്വീസ് വേണ്ട റൂട്ടുകൾ

1 കൊട്ടാരക്കര നിന്നും വാളകം, തടിക്കാട് വഴി വെഞ്ചെമ്പ് ചന്തമുക്ക്, കുഞ്ചണ്ടിമുക്ക്, മാത്ര, പിറക്കൽ, പൊയ്കമുക്ക്, എരിച്ചിക്കൽ വരെ റോഡ് ടാർ ചെയ്യണം.

2 കൊട്ടാരക്കര, ചിരട്ടക്കോണം, കോക്കാട്, വെഞ്ചെമ്പ് ചന്തമുക്ക്, കുഞ്ചാണ്ടിമുക്ക്, കരവാളൂർ, പുത്തൂത്തടം, മണലിൽ വഴി വിളക്കുപാറ.

3. പുനലൂർ, നരിക്കൽ, വാഴവിള, വെഞ്ചെമ്പ്, തടിക്കാട് വഴി

4. പുനലൂർ, മാത്ര, വെഞ്ചെമ്പ്, അഗസ്തിക്കോട് , കുരുവിക്കോണം, അഞ്ചൽ

5. പുനലൂർ നരിയ്ക്കൽ കല്ലടമുക്ക് പൊളക്കുഴി കൂഞ്ചാട്ടിമുക്ക് മാത്ര, കരവാളൂർ, അഞ്ചർ

കൊട്ടാരക്കര നരിക്കൽ വട്ടമൺ മരുതിമൂടു പുനലൂർ ബസ് സർവ്വീസ് ആരംഭിക്കുക.

DIA 3.9


Punalur
9° 3'
Vilakkudi
Vettikkavala
8° 58'
Edamulakkal
Anchal
Eroor
76° 49'
76° 56'
KARAVALOOR PANCHAYAT
RELIEF & DRAINAGE
N
INDEX
1
2
3
4
5
6
7
8
9
10

സാമൂഹ്യക്ഷേമവും പാർപ്പിടവും.

ഗ്രാമീണ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സമൂഹത്തിന്റെ മൊത്തത്തിലുള്ള സമഗ്രവികസനം ലക്ഷ്യമാക്കിയും ഉള്ള വിവിധ ക്ഷേമപദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇത്തരം സാമൂഹ്യക്ഷേമ പദ്ധതിയുടെ ഗുണഫലങ്ങൾ താഴെത്തട്ടിലുള്ള ജനങ്ങളിലേക്ക് വേണ്ടത്ര എത്തുന്നില്ല എന്നതാണ് യാഥാർഥ്യം

ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തുല്യതോതിൽ ചെലവ് പങ്കിട്ട് നടപ്പാക്കുന്ന പദ്ധതിയാണ് ഐ. ആർ. ഡി. പി. സ്വയം തൊഴിൽ സംരഭങ്ങൾ ഏറ്റെടുത്ത് ദാര്യദ്ര്യ രേഖയ്ക്കു മുകളിൽ താഴെ തട്ടിലുള്ളവരെ എത്തിക്കുകയാണ് ലക്ഷ്യം IRDP ലിസ്റ്റിൽ പ്പെട്ടവരാണ് ഗുണഭോക്താക്കൾ. 11000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളെയാണ് ലിസ്റ്റിൽ പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ വരുമാന പരിധി കേരളം പോലുള്ള സംസ്ഥാനങ്ങളിൽ അശാസ്ത്രീയമാണ് .അതിനാൽ ഈ പരിധി 25000രൂപ ആയെങ്കിലും ഉയർത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ I, II, III, IV, VII വാർഡുകൾ വരുന്ന കരവാളൂർ സർക്കിളും V, VI, VIII, IX, X വാർഡുകൾ ചേർന്ന മത്ര സർക്കിളുമായി തിരച്ചിരിക്കുന്നു.

	IRDP ലിസ്റ്റിൽ ഉള്ള കുടുംബങ്ങൾ	പട്ടികജാതി	മറ്റുള്ളവർ
കരവാളൂർ സർക്കിൾ	1169	141	1028
മാത്രസർക്കിൾ	904	155	749

1992-93 മുതൽ 95-96 വരെ IRDP പ്രകാരം സഹായം ലഭിച്ച കരവാളൂർ സർക്കിളിലെ 88 കുടുംബങ്ങളിൽ 54 പട്ടികജാതി വിഭാഗത്തിപ്പെടുന്നു മാത്ര സർക്കിളിലെ 66 കുടുംബങ്ങളിൽ 35 കുടുബങ്ങയാണ് പട്ടികജാതിയിൽപ്പെടുന്നത്.

ട്രൈസം

ഗ്രാമീണയുവജനങ്ങൾക്ക് ചെറുകിടകുടിൽ വ്യവസായ സർവീസ് മേഖലയിൽ സ്വായം തൊഴിൽ കണ്ടെത്തുന്നതിനായി സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽക്കുന്നു. 1992-93 വർഷം മുതൽ 1996 വരെ കരവാളൂർ സർക്കിളിൽ 14 പേർക്കും മാത്രസർക്കിളിൽ 15 പേർക്കും ട്രെയിനിംഗ് നൽകി.

കരവാളൂർ സർക്കിളിൽപ്പെട്ട IV-ാം വാർഡിൽ തിരുവഴിമുക്ക് കേന്ദ്രമായി 10 വനിതകൾ ചേർന്ന് ഒരു റെഡിമെയിഡ് യൂണിറ്റ് പ്രവർത്തിക്കുന്നു. മാത്രയിൽ ഒരു ഡയറിയൂണിയറ്റ് 10 അംഗങ്ങൾ ചേർന്ന് നടത്തുന്നു. ഇതുപോലെ മറ്റ് വാർഡ്കളിലും യുണിറ്റുകൾ ആരംഭിക്കണം.

വിവിധ പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം (1995-96)

1. കർഷകതൊഴിലാളി പെൻഷൻ - 370
2. വിധവാപെൻഷൻ - 80
3. വാർദ്ധക്യകാലപെൻഷൻ - 24
4. വികലാംഗപെൻഷൻ - 49
5. ക്ഷയരോഗപെൻഷൻ - 1

അംഗൻവാടികൾ

പ്രാഥമിക വിദ്യാഭ്യാസം, പോഷകാഹാരവിതരണം, രോഗ പ്രതിരോധം എന്നിവ കുട്ടികൾക്കു ലഭ്യമാക്കുക എന്നതാണ് അംഗൻവാടികളുടെ ലക്ഷ്യം. നമ്മുടെ പഞ്ചായത്തിൽ മാത്ര അംഗൻവാടി സാമാന്യം ഭേദമായി പ്രവർത്തിക്കുന്നു. എല്ലാവർഡിലും അംഗൻവാടികൾ രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. ജനങ്ങൾ കുട്ടികളുടെ ആരോഗ്യപോഷകകാര്യത്തിൽ ശ്രദ്ധിക്കുന്നതുകൊണ്ട് ഗുരുതരമായ പോഷകക്കുറവുള്ളവർ കുറവാണ്

കുട്ടികളുടെ ആരോഗ്യനിലവാരം

പ്രായം	നോർമൽ		1-ാംഗ്രേഡ്		2-ാംഗ്രേഡ്		3-ാംഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
വയസ്സിൽ താഴെ	105	108	14	14	7	11	2	4
1 മുതൽ വയസ്സുവരെ	284	292	12	10	13	18	49	3
3മുതാൽ 6 വയസ്സുവരെ	255	245	24	26	19	21	11	16

1-ാം ഗ്രേഡ് ലഘുവായ പോഷണകുറവുള്ളവർ

2-ാം ഗ്രേഡ് മിതമായ പോഷണക്കുറവുള്ളവർ

3-ാംഗ്രേഡ് ഗുരുതരമായ പോഷണക്കുറവുള്ളവർ

പ്രതിരോധ കുത്തി വെയ്പ്പുകൾ എല്ലാ കുട്ടികൾക്കും ലഭിക്കുന്നുണ്ട്.

തൊഴിലാളിക്ഷേമനിധി

സംഘടിത ആസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി വിവിധ ക്ഷേമനിധികൾ നടപ്പിലാക്കിവരുന്നു. കർഷകതൊഴിലാളി, കെട്ടിടനിർമ്മാണ തൊഴിലാളി, തയ്യൽ തൊഴിലാളി എന്നിവർക്കായുള്ള ക്ഷേമപദ്ധതിയിൽ പഞ്ചായത്തിലെ ചെറിയ ഒരു ഭാഗം തൊഴിലാളികൾ മാത്രമേ അംഗളായിട്ടുള്ളു. ബഹുഭൂരിപക്ഷവും ഇത്തരം പദ്ധതിയുടെ ഗുണത്തെപ്പറ്റി ബോധവാന്മാരല്ല. മുഴുവൻ തൊഴിലാളികൾക്കും ക്ഷേമനിധി സൗകര്യം ലഭിക്കുന്നതിന് പഞ്ചായത്തിൽ ക്ഷേമനിധി പ്രാദേശിക കേന്ദ്രം ആരംഭിക്കണം.

പൊതുവിതരണം.

പഞ്ചായത്തിൽ 'പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ പഞ്ചായത്തിലില്ല. പൊതുവിതരണ സമ്പ്രദായം കുറെകൂടി മെച്ചപ്പെടുത്തണം.

പ്രശ്നങ്ങൾ

1. പല ക്ഷേമപദ്ധതികളുടെയും നടത്തിപ്പ് കാര്യക്ഷമമല്ല.

2. IRDP വഴിയുള്ള സാമ്പത്തിക സഹായം ബഹുഭൂരിപക്ഷത്തിനും ലഭിക്കുന്നില്ല.

3. അംഗൻവാടികൾ ഇല്ലാത്തത് പ്രാഥമിക വിദ്യാഭ്യാസത്തിനും പോഷകാഹാരവിതരണത്തിനും പ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നതിനും യഥാസമയം കഴിയാതെ വരുന്നു.

4. പെൻഷൻ ആനുകൂല്യങ്ങൾ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും ലഭുക്കുന്നില്ല.

5. തൊഴിലാളി ക്ഷേമനിധിയിൽ ആംഗമാകുതിന് വിഷമതകൾ നേരിട്ടുന്നു

6. ആവശ്യത്തിന് പൊതുവിതരണ കേന്ദ്രങ്ങളും മാവേലിസ്റ്റോറുകളും ഇല്ല

7.മഹിളാസമാജുങ്ങൾ പ്രവർത്തനസജ്ജമല്ലാത്ത അവസ്ഥ.

സാധ്യതകൾ - നിർദ്ദശങ്ങൾ

1 IRDP വഴിയുള്ള ധനസഹായം വർദ്ധിപ്പിക്കണം അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളേയും ലിസ്റ്റിൽ ഉൾപ്പെടുത്തി സഹായം നൽക്കുക.

2 അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും പെൻഷൻ ലഭുക്കുന്നുവെന്ന് ഉറപ്പ് വരുത്തുക. ഇതിനായി സന്നദ്ധ പ്രവർത്തകരുടെ സേവനം ഉറപ്പു വരുത്തുക.

3. ട്രൈസം പരിശീലനം നേടിയവർക്ക് തൊഴിൽ ലഭിക്കുന്നന്നുവെന്ന് ഉറപ്പു വരുത്തുക.

4. വിവിധ തൊഴിലാളിക്ഷേമപദ്ധതിയിൽ അംഗമാക്കുന്നതിന് അതാത് രംഗങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുക

5. എല്ലാവാർഡുകളിലും അംഗൻവാടികളും മഹിളാസമാജുങ്ങളും രൂപീകരിക്കുക.

പാർപ്പിടം

നമ്മുടെ പഞ്ചായത്തിൽ നിന്നും നമ്പരിട്ടിട്ടുള്ള വീടുകൾ 6312 ആണ് ഇവയുടെ വാർഡ് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

വാർഡ്	I	II	III	IV	V	VI	VII	VIII	IX	X
1991	422	558	568	476	490	445	345	512	506	483
1996	522	742	627	618	710	548	437	762	719	627

കേരളത്തിലെ പൊതുസ്ഥിതി പോലെതന്നെ നമ്മുടെ പഞ്ചായത്തിലും കൂട്ടു കുടുംബങ്ങൾ ഇല്ലാതായി കൊണ്ടിരിക്കുന്നു. അതുകൊണ്ട് തന്നെ പുതിയ പാർപ്പിടങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യം ഏറിവരുന്നു കാലത്തിനനുസരിച്ച് കെട്ടിടനിർമ്മാണ സാമഗ്രികളിലും വാസ്തു ശില്പമാതൃകയിലും വമ്പിച്ചമാറ്റം ഉണ്ടായിട്ടുണ്ട്. മേൽക്കുരയ്ക്കായി ഓല ഉപയോഗിക്കുന്നത് ഇപ്പോൾ കുടിലുകൾക്ക് മാത്രമാണ്. പുതുതായി നിർമ്മിക്കുന്നതിൽ കോൺക്രീറ്റ് മേൽക്കൂരയ്ക്കാണ് പ്രാധാന്യം.

ദരിദ്രജനങ്ങൾക്കായി NREP, RLEGP, JRY, I,A,Y തുടങ്ങിയ പദ്ധതികൾ മുഖേനയും മതസംഘടനകൾ, മറ്റു സന്നദ്ധസംഘടനകളുടെ നേതൃത്വത്തിലും വീടുകൾ നിർമ്മിച്ച് നല്കിയിട്ടുണ്ട്. വിദഗ്ധ നിർമ്മാണ തെഴിലാളികളുടെ ലഭ്യതക്കുറവ്, സാധന സാമഗ്രികളുടെ വിലക്കയറ്റം എന്നിവ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ് ഇതുപരിഹരിക്കുന്നതിന് ബഹുജനങ്ങളും തൊഴിലാളികളും ചേർന്ന് സഹകരണ സംഘങ്ങൾ രൂപീകരിച്ച്

താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്

1. ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് ബോധവല്ക്കരണവും പരിശീലനവും നൽകുക.

2. തൊഴിലില്ലാത്ത യുവജനങ്ങളെ ഈ രംഗത്തേക്ക് കൊണ്ടുവരിക.

3. പാരമ്പര്യ നിർമ്മാണരീതി കൈവിടാതെ ആധുനിക രീതികളുമായി സമന്വയിപ്പിച്ച് ആരോഗ്യകരമായ പാർപ്പിടങ്ങളുടെ നിർമ്മാണം പ്രോൽസാഹിപ്പിക്കുക.

നമ്മുടെ പഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികളിലായി ആനുവദിക്കപ്പെട്ട (ദുർബല വിഭാഗക്കാർക്കായി) വീടുകളെ സംബന്ധിക്കുന്ന വിവരങ്ങൾ.

വർഷം	പ്രദേശം	അനുവദിക്കപ്പെട്ടവീടുകളുടെ എണ്ണം
1985-86	നീലമ്മാൾ	20
1986-87	മാത്ര	5
	വിഴവിള	20
	നരിക്കൽ	5
	വട്ടാണ	10
	പൂക്കുഴിഞ്ഞി	5
1987-88	ചുടുകട്ടകോളനി	8
1988-89	വെഞ്ചെമ്പ്	
	അംബേദ്കർ കോളനി	27
1990-91	വാഴവിള	24
	നീലാമ്മാൽ	5
1991-92	എരിച്ചക്കൽ	5
1992-93	മാത്രനിരപ്പത്ത്	7
1993-94	നീലാമ്മാൾ	8
	മാത്ര കോളനി	16
1994-95	ഉണ്ണിക്കുന്ന്	5
1995-96	മാത്ര	20
	കല്ലറങ്ങിൽ	8

പ്രശനങ്ങൾ

1. കെട്ടിടനിമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിലക്കയറ്റവും
2. വിദഗ്ദധ തൊഴിലാളികളുടെ അഭാവം.
3. വായ്പകൾ ലഭുക്കാനുള്ള ബുദ്ധിമുട്ട്
4. സ്വന്തമായി ഭൂമി ഇല്ലാത്ത പ്രശ്നങ്ങൾ
5. ഗതാഗത സൗകര്യക്കുറവ്
6. ദാരിദ്യ രേഖയ്ക്കു താഴെയുള്ളവർക്കായുള്ള വിവിധപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.
7. ദുർവ്യയമില്ലാതെ വീടു നിർമ്മിക്കുന്നതിനുള്ള വിദഗ്ദരുടെ അഭാവം.

സാധ്യതകൾ നിർദ്ദേശങ്ങൾ

1. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഹകരണസംഘം രൂപികരിച്ചു അതിന്റെ മേൽ നോട്ടത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുക

2 കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണവും വിപണനവും

3 കെട്ടിട നിർമ്മാണ രംഗത്ത് വിദഗ്ദരായ തൊഴിലാളികളുടെ സേവനം

4 നിർമ്മിതികേന്ദ്ര മാതൃകയിൽ ചിലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് തൊഴിൽ രഹിതരായ യുവാക്കളെ പരിശീലിപ്പിക്കുക

4 ഭവനനിർമ്മാണ രംഗത്തെ ദുർവ്യയത്തെ നിരുത്സാഹപ്പെടുത്തുന്ന വിധത്തിൽ നികുതി ഘടനയിൽ മാറ്റം വരുത്തുക

5 ഗതാഗതസൗകര്യം മെച്ചപ്പെടുത്തി നിർമ്മാണ ചെലവ് കുറയ്ക്കുക,

6 പഞ്ചായത്തിലെ എല്ലാവാർഡുകളിലും വീടില്ലാത്തവർക്ക് വീടും കക്കൂസും അനുവദിക്കുക.

സഹകരണം

കരവാളൂർ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന് ഈ നൂറ്റാണ്ടിന്റെ പ്രാരംഭ കാലത്തോളം തന്നെ പഴക്കമുണ്ട്. ഈ സമുദായത്തിലെ സാമൂഹ്യ സാംസ്ക്കാരിക – വിദ്യാഭ്യാസ രംഗത്ത് വിലപ്പെട്ടതും, കനപ്പെട്ടതുമായ ഒട്ടനവധി സംഭാവനകൾ നൽകിയ 'വെള്ളാള'സമുദായക്കാരാണ് സഹകരണ പ്രസ്ഥാനത്തിന് ഇവിടെ രൂപവും ഭാവവും നൽകിയത്.

ഈ പഞ്ചായത്തിലെ 'മാത്ര' കേന്ദ്രമായി രൂപീകരിച്ച 'വെള്ളാള' പരസ്പര സഹായ സഹകരണ സംഘം ആണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണപ്രസ്ഥാനം. 1922-ൽ ആണ് ഇത് രജിസ്റ്റർ ചെയ്തത്. നെല്ല്ചിട്ടി ആയിരുന്നു ആദ്യത്തെ പ്രവർത്ത നരംഗം. പരമാവധി വായ്പ 50 രൂപ മാത്രവും.

പത്തനാപുരം താലൂക്കിലെ വെള്ളാള സമുദായക്കാർക്കെല്ലാം ഇതിൽ അംഗത്വം എടുക്കാമായിരുന്നു. വേമ്പനാട്ട് സുബ്ബയ്യാ പിള്ള വലിയ വീട് വടക്കതിൽ മുത്തുഭൈരവൻ പിള്ള എന്നിവരാണ് ഇതിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചവർ. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ 'മാത്ര സരസ്വതി വിലാസം വെള്ളാള സമുദായ സ്ക്കൂൾ' നടത്തി വരികയും 1124-ൽ അത് സർക്കാരിലേക്ക് വിട്ടുകൊടു ക്കുകയും ചെയ്തു.

1956 വരെ വെള്ളാള സമുദായക്കാർക്ക് മാത്രം അംഗത്വം കൊടുത്തിരുന്ന ഈ സഹകരണപ്രസ്ഥാനം അന്ന് നേരിട്ട പ്രതിസന്ധിയെ തരണം ചെയ്യാനായി മറ്റു സമുദായക്കാരെക്കൂടി ഉൾക്കൊള്ളാൻ തയ്യാറാവുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ഇത് പരസ്പു സഹായസഹ കരണസംഘം എന്നായി മാറുകയും ചെയ്തു.

1956-ൽ മാത്ര കരയിലുള്ളവരെ മാത്രം ഉൾപ്പെടുത്തിയാണ് അംഗത്വം കൊടുത്തിരുന്നതെങ്കിൽ 1964 ആയപ്പോൾ കരവാളൂർ കരക്കാരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനം വിപുലീകരിച്ചു.

ഇതേ കാലഘട്ടത്തിൽ വെഞ്ചേമ്പ് കര, നരിക്കൽ കര എന്നീപ്രദേശങ്ങൾ കൂട്ടിച്ചേർത്ത് നരിക്കൽ സഹകരണ സംഘം എന്ന പേരിൽ നരിക്കൽ കേന്ദ്രമാ ക്കി ഒരു സഹകരണ സംഘം നല്ലരീതിയിൽ പ്രവർത്തി ച്ചിരുന്നു. പിന്നീട് അതിന്റെ പ്രവർത്തനം നിലക്കുകയും അത് ലിക്വിഡേറ്റ് ചെയ്യുകയും ചെയ്തു.

1964-ൽ ശ്രീ. പൊന്നപ്പൻ പിള്ള സെക്രട്ടറി ആയതിനുശേഷമാണ് പരസ്പര സഹായ സഹകരണ സംഘം അതിന്റെ വളർച്ചയുടെ പടവുകൾ കടന്നു കയറുന്നത്. സംഘത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിനും, പ്രവർത്തനങ്ങൾ വൈവിദ്ധീകരി ക്കുന്നതിനും, റേഷൻകടകൾ, കൺസ്യൂമർ സ്റ്റോർ, വളം ഡിപ്പോ എന്നിവ സ്ഥാപിക്കുന്നതിനും സംഘത്തിന് അന്നാണ് കഴിഞ്ഞത്. 1968-ലാണ് മാത്രയിലുള്ള ഇന്നത്തെ ഹെഡ് ഓഫീസ് കെട്ടിടം പണി പൂർത്തിയാ ക്കുന്നത്. 1969-ലെ കേരളാ സംഘം നിയമം നടപ്പിലാ യപ്പോൾ 'പരസ്പര സഹായ സഹകരണസംഘം' മാത്ര സർവ്വീസ് സഹകരണ സംഘമായി മാറുകയും കരവാളൂർ പഞ്ചായത്തിലെ പ്രദേശങ്ങളെല്ലാം ഇതിന്റെ പരിധിയിൽ ആയി തീരുകയും ചെയ്തു.

ആദ്യത്തെ സഹകരണസംഘം.

കരവാളൂർ പഞ്ചായത്ത് രൂപം കൊള്ളുന്നതിന് മുമ്പ് തന്നെ ആരംഭിച്ച 'വെള്ളാള പരസ്പര സഹായ സഹകരണസംഘം' തന്നെയാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘവും. പുനലൂർ പഞ്ചായത്തി ന്റെ ഭാഗമായിരുന്ന കരവാളൂർ നിന്നതായ പഞ്ചായത്താ യത്തിനുശേഷം ക്രെഡിറ്റ്, നോൺ ക്രെഡിറ്റ് മേഖലയിൽ പുതിയ സഹകരണ സംഘങ്ങൾ ഉണ്ടായിട്ടില്ല. 'വെള്ളാള പരസ്പര സഹായ സഹകരണ സംഘം' 'പരസ്പരസഹായ സഹകരണ സംഘം' ആവുക യും, പിന്നീടത് 'മാത്ര സർവ്വീസ് സഹകരണ സംഘം ആയി തീരുകയുമാണ് ഉണ്ടായത്.

ഇന്ന് ഇതിന്റെ കീഴിൽ രണ്ട് ബ്രാഞ്ച് പ്രവർത്തിച്ച് വരുന്നു. കരവാളൂർ ബ്രാഞ്ചും, നരിക്കൽ ബ്രാഞ്ചും. 1982-ൽ, ശ്രീ. മാത്തൻ ഇട്ടി പ്രസിഡന്റാ യിരുന്ന കാലത്താണ് കരവാളൂർ ബ്രാഞ്ച് ആരംഭിച്ചത്. ലിക്വിഡേഷനിലായിരുന്ന നരിക്കൽ സഹകരണ സംഘം മാത്ര സർവ്വീസ് സഹകരണ സംഘത്തിന്റെ കീഴിലാക്കു കയും ഒരു ബ്രാഞ്ചായി 20.01.96 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

സഹകരണ സംഘം

സ്ഥാപനത്തിന്റെ പേര്	മാത്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ .314
പ്രവർത്തനപരിധി	കരവാളൂർ പഞ്ചായത്ത്.
ക്രെഡിറ്റ്/നോൺ ക്രെഡിറ്റ്	ക്രെഡിറ്റ്.
ഒരു ഓഹരി യുടെ വില	10 രൂപ.
അംഗീകൃത ഓഹ രിമൂലധനം	30,00000
പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം	22,00000
സർക്കാർ ഓഹരി	94000
പരമാവധി കടം എടുക്കാവുന്നതുക	845400000

Groundwater Potential of Anchal block



NAME OF BLOCK		ANCHAL
TOTAL GROUNDWATER RECHARGE/YEAR IN MILLION CUBIC METRE		93.65
UTILISABLE GW FOR IRRIGATION IN * MCM PER YEAR		74.92
GROSS DRAFT IN MCM AS ON 31-3-92.		8.73
GROUND WATER BALANCE IN MCM		68.81
STAGE OF DEVELOPMENT (PERCENTAGE)	PRESENT	8.16
	AT 5 YEARS	21.58
CATEGORY OF THE BLOCK		WHITE
STAGE OF GROUND-WATER DEVELOPMENT %		BELOW 65 %
REMARK		NO RESTRICTION FOR FURTHER DEVELOPMENT.

SOURCE- CESS, GROUNDWATER DPT. PROCESSED BY PRM, CESS

ഇരുപത് പേരാണ് ഈ മൂന്ന് സ്ഥാപനങ്ങളിലും കൂടി ആകെയുള്ള സ്റ്റാഫുകൾ. 60,000 രൂപയോളം ശംബളഇനത്തിൽ ബാങ്ക് പ്രതിമാസം ചിലവിടുന്നു.

സ്ഥാപനം	പ്രവർത്തനം ആരംഭിച്ചവർഷം	ഡെപ്പോസിറ്റ്	വായ്പ
മാത്രസർവ്വീസ് സഹകരണബാങ്ക്	1922		
കരവാളൂർ ബ്രാഞ്ച്	1982	11/2 കോടി	1കോടി75ലക്ഷം
നരിക്കൽ ബ്രാഞ്ച്	1996	3ലക്ഷം	15 ലക്ഷം.

വായ്പകൾ കാർഷികം, കാർഷികേതരം എന്നീ രണ്ടിനങ്ങളിലാണ് അംഗങ്ങൾക്ക് നൽകി വരുന്നത്. കടം വീട്ടലിന്, ചെറിയ കച്ചവടം, കെട്ടിടം നന്നാക്കുന്നതിന്, അംഗങ്ങളുടെ കുടുംബത്തിലെ വിവാഹ ആവശ്യത്തിന് എന്നീ വകകൾ മാത്രമാണ് കാർഷികേതര വായ്പ വിതരണം ചെയ്യുന്നത്.

സ്ഥാപിതം ജീവനക്കാരുടെഎണ്ണം ഓഹരിമൂലധനം
ആകെഅംഗങ്ങൾ നിക്ഷേപം ലാഭം
1922 20 30 ലക്ഷം
10700 41/2 കോടി 50,000

അഞ്ചൽ-പുനലൂർ റോഡ് സൈഡിൽ കരവാളൂർ ബ്രാഞ്ചിനഭിമുഖമായി ഷോപ്പിംഗ് സെന്റർ പണിയുന്നതിനായി സ്ഥലം വാങ്ങിയിട്ടുണ്ട് രജിസ്ട്രാരുടെ അംഗീകാരം കിട്ടിയാലുടനേ അവിടെ ഷോപ്പിംഗ് സെന്റർ പണികഴിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി സംഘം ഭരണസമിതി മുന്നോട്ടു പോകുന്നു.

വായ്പകൾ.

കാർഷികം 27 ലക്ഷം
കാർഷികേതരം 2 കോടി മുപ്പത്തെട്ടു ലക്ഷം
ഗോൾഡ് ലോൺ 57 ലക്ഷം
ഡെപ്പോസിറ്റുകളുടെ ഈടിന്മേൽ 28 ലക്ഷം

1996 ജനുവരിയിലാണ് ശ്രീ വി. രാമചന്ദ്രൻ പിള്ള പ്രസിഡന്റായുള്ള ഇപ്പോഴത്തെ ഭരണസമിതി നിലവിൽ വന്നത്. ബാങ്കിന്റെ പുരോഗതിക്കുവേണ്ടിയുള്ള കൂട്ടായ പരിശ്രമം അവിരാമം തുടരുന്നു. കിട്ടാക്കടം ബാങ്കിൽ നിലവിലില്ല, എന്നാൽ മുൻ വർഷങ്ങളിലെ കിട്ടാനുള്ള തുക സമയത്ത് കിട്ടാത്തതിനാൽ ലാഭം കുറഞ്ഞു വരുന്നു. ജില്ലയിലെ ഒരു ക്ലാസ്-1 ബാങ്കാണിത്. പത്തനാപുരം താലൂക്കിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്നതും ഏറ്റവും മികച്ചതുമായ ഒരു സഹകരണ പ്രസ്ഥാന മാണിത്.

നിത്യോപയോഗ സാധനങ്ങൾ ഹെഡ് ഓഫീസിൽ നിന്നും, രണ്ട് ബ്രാഞ്ചുകളിൽ നിന്നും വിതരണം നടക്കുന്നുണ്ട്. എന്നാൽ മതിയായ അളവിൽ എല്ലാ സാധനങ്ങളും വിതരണം നടത്തുന്നതിന് കഴിയുന്നില്ല. കർഷകർക്കാവശ്യമുള്ള വളം, കീടനാശിനികൾ എന്നിവ വിതരണം നടത്തുന്നുണ്ട്. എങ്കിലും പല സമയങ്ങളിലും യഥാവസരം ഇവ കർഷകർക്ക് നൽകുന്നതിന് പ്രയാസം അനുഭവപ്പെടുന്നുണ്ട്.

നിക്ഷേപ സമാഹരണം.

ഗവൺമെന്റ് നിശ്ചയിക്കുന്നതിനേക്കാൾ ഉയർന്ന ടാർജറ്റ് നിശ്ചയിക്കുകയും അത് പിരിച്ചെടുക്കുന്നതിന് ജീവനക്കാരും, ഭരണ സമിതി അംഗങ്ങളും തീവ്രയജ്ഞ പരിപാടി ആസൂത്രണം ചെയ്യാറുണ്ട്. ഏറ്റവും കൂടുതൽ തുക നിക്ഷേപ സമാഹരണത്തിലൂടെ സംഭരിക്കുന്നതിന്, 10,000 രൂപയുടെ പാരിതോഷികം ഈ സ്ഥാപനത്തിന് വർഷങ്ങളായി ലഭിച്ചുവരുന്നുണ്ട്.

വായ്പാ പരിധി.

കാർഷികം കാർഷികേതരം സ്വർണ്ണപണയം
ആൾജാമ്യം വസ്തുജാമ്യം
ലദീസതെ
മെപാസയോഗമ

25000 25000 25000 2000
5000 25000

റബ്ബർ കൃഷി, ടോളർ വാങ്ങൽ, കാർഷികാവശ്യത്തിനുള്ള കിണർ കുഴിക്കൽ, പമ്പുസെറ്റ് സ്ഥാപിക്കൽ എന്നിവയ്ക്കായി, പല സ്കീമുകളുടെ അടിസ്ഥാനത്തിൽ ദീർഘകാല വായ്പകൾ നൽകുന്നുണ്ട്. പരമാവധി 8 വർഷത്തേക്കാണ് ഇളവ് നൽകി വരുന്നത്. സ്കീമുകളിൽപ്പെടുത്തിയല്ലാതെ ദീർഘകാല വായ്പകൾ ലഭ്യമാക്കുവാൻ സംഘത്തിന് കഴിയുന്നില്ല.

അപേക്ഷിക്കുന്ന മുഴുവൻ ആളുകൾക്കും വായ്പ നൽകുവാൻ ഇന്നത്തെ സാമ്പത്തിക സ്ഥിതി ബാങ്കിനെ

അനുവദിക്കുന്നില്ല. വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നതും, ജനകീയമായതുമായ മറ്റൊരു ധനകാര്യ സ്ഥാപനവും ഈ പഞ്ചായത്തിലില്ല.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ശാഖ കരവാളൂരിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവിടുത്തെ ആളുകൾക്ക് എങ്ങനെ വായ്പ ലഭ്യമല്ലാതാക്കാം എന്നതാണിവിടുത്തെ പലപ്പോഴും ഉള്ള പ്രവർത്തനങ്ങളിൽ നിന്നും മലസസിലാക്കുന്നത്. വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് വായ്പ ലഭ്യമാക്കാൻ വൈമുഖ്യം കാണിക്കുന്നു. ലക്ഷക്കണക്കിന് രൂപ നിക്ഷേപമായി സ്വീകരിച്ചിട്ട് അവ മറ്റു പ്രദേശങ്ങളിൽ വായ്പയായി അനുവദിക്കുന്നതിനാണ് കൂടുതൽ താല്പര്യം കാണിക്കുന്നത്. ഈ പഞ്ചായത്തിന്റെ വികസനത്തിന് ഇത് പ്രയാസങ്ങൾ ഉണ്ടാക്കുന്നു. കൂടാതെ പഞ്ചായത്തില എല്ലാ വാർഡുകളും ഇതിന്റെ പരിധിയിലാക്കിയിട്ടുമില്ല.

കൃത്യമായി പലിശയും മുതലും തിരിച്ചടയ്ക്കുന്ന സഹകരണ സംഘത്തിലെ അംഗത്തിന് നൽകുന്ന 'പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ്'ന്റെ ഭൂരിഭാഗം അംഗങ്ങൾക്കും ലഭിക്കാതെ പോകുന്നുണ്ട്. കൃത്യസമയത്ത് വായ്പ പുതുക്കിയെടുക്കുവാൻ കഴിയാതെ പോകുന്നതുകൊണ്ടാണിത്. ഭൂരിപക്ഷം വായ്പകളും ഒരു വർഷത്തേക്ക് മാത്രമായിട്ടാണ് അനുവദിക്കപ്പെടുന്നത്. ഒരു വർഷം പൂർത്തിയാകുമ്പോൾ കൃത്യമായി തിരിച്ചടയ്ക്കുവാൻ കഴിയാതെ വരുന്നു.

മിൽക്ക് സൊസൈറ്റികൾ.

പ്രാഥമിക സഹകരണ സംഘം കഴിഞ്ഞാൽ ഈ പഞ്ചായത്തിലുള്ള സഹകരണ പ്രസ്ഥാനം മിൽക്ക് സൊസൈറ്റികൾ മാത്രമാണ്. രണ്ട് സൊസൈറ്റികളാണ് ഈ ഇനത്തിൽ നിലവിലുള്ളത്. കരവാളൂർ ക്ഷീരോല്പാദക സഹകരണ സംഘവും മാത്ര കേന്ദ്രീകരിച്ചുള്ള മങ്കുന്ന് ക്ഷീരോല്പാദക സഹകരണ സംഘവും.

കരവാളൂർ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം ഒട്ടും തന്നെ തൃപ്തികരമല്ല. സംഘത്തിൽ കൊണ്ടുവരുന്ന നാമമാത്രമായ പാൽ മാത്രം വിലയ്ക്കെടുക്കുകയും അവിടെ വച്ച് തന്നെ വില്പന നടത്തുകയും ചെയ്യുന്നു. കർഷകരുടെ വീടുകളിലെത്തി പാൽ കളക്ട് ചെയ്യുന്നതിനോ, വീടുകളിൽ പാൽ എത്തിക്കുന്നതിനോ സംവിധാനമില്ല. സ്വന്തമായി കെട്ടിടമോ, ആധുനിക സാധന സാമിഗ്രികളോ ഇല്ല. ഡിപ്പാർട്ട്മെന്റിന്റെ സഹായവും തൃപ്തികരമല്ല. ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായി കളക്ട് ചെയ്യുവാൻ സാധിക്കുന്നില്ല. കൂടുതൽ പാൽ വാങ്ങിയാൽ അതിന്റെ വിപണനം ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയാതെ വരുന്നു. ജീവനക്കാർക്ക് ശംബളം കൊടുക്കാൻ പോലുമുള്ള വരുമാനം സംഘത്തിനില്ല. കരവാളൂർ സംഘം ലിക്വിഡേഷന്റെ വക്കത്താണ്. തെരഞ്ഞെടുപ്പിന്റെ സമയം കഴിഞ്ഞിട്ടും അത് നടത്തിയെടുക്കുവാൻ പോലും പ്രയാസം അനുഭവപ്പെടുന്നു. മിനിമം പാൽ നൽകിയ കർഷകരുടെ എണ്ണം മതിയായി ഇല്ലാത്തതാണിതിന് കാരണം.

മാത്ര കേന്ദ്രീകരിച്ചുള്ള മങ്കുന്ന് ക്ഷീരോല്പാദക സംഘത്തിന് പ്രാദേശിക വില്പന കഴിഞ്ഞ് ബാക്കി പാൽ കൊടുക്കുവാൻ കഴിയുന്നില്ല. ആയതിനാൽ തന്നെ കൂടുതൽ പാൽ കളക്ട് ചെയ്യുവാനും കഴിയുന്നില്ല. ഒരു വിധം നല്ല പ്രവർത്തനങ്ങൾ നടക്കുന്ന ഒരു സംഘമാണിത്. ഒരു പ്രോഡക്ട് യൂണിറ്റ് ഇതിന്റെകീഴിൽ പ്രവർത്തിക്കുന്നുണ്ട്. വളരെയേറെ ക്ഷീര കർഷകർ ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവരുല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും വിലയ്ക്കെടുക്കാൻ കഴിയാതെ വരുന്നു.

മിൽമായുടെ കളക്ഷൻ വാഹനം 5 കി. മി. അകലെ വരെ വരുന്നുണ്ട്. അവ ഈ സംഘങ്ങളിൽ നിന്നുകൂടി പാൽ കളക്ട് ചെയ്താൽ സംഘത്തിന് ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിക്കും., കാലിതീറ്റയുടെ അമിതമായ വില വർദ്ധനവ് മൂലം ക്ഷീര കർഷകർക്ക് ലാഭകരമായി കന്നുകാലികളെ വളർത്തി പാലുല്പാദനം നടത്താൻ കഴിയാതെ വരുന്നു. അതിനാൽ സംഘത്തിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് കാലിതീറ്റ സബ്സിഡി നിരക്കിൽ കൊടുക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.

ക്രമനമ്പർ	സംഘത്തിന്റെപേര്	അംഗങ്ങൾ	ഒരുദിവസം കയറ്റി അയക്കുന്നത്	മിച്ചം	കമ്മി	ജീവനക്കാർ
1	കരവാളൂർ ക്ഷീരോല്പാദക സഹകരണസംഘംചദ.ൺ.69	78	40 ലിറ്റർ	മൊത്തം ഇല്ല	ഇല്ല	ഇല്ല
2	മങ്കുന്ന് ക്ഷീരോല്പാദക സഹകരണസംഘം ചദ.ൺ.78	238	125 ലിറ്റർ	50%	50%	50% .2

സ്ഥിരം–1 ഡെയ്ലി വേജസ്–1

ക്ഷീര സംഘത്തിലെ ജീവനക്കാർക്ക് സഹകരണ സംഘം ആക്ട് പ്രകാരമുള്ള വേതനം നൽകുന്നതിന് കഴിയുന്നില്ല.

ബഹു ഭൂരിപക്ഷം ആളുകളും കൃഷിക്കാരും, അനുബന്ധ ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവരുമാണ് എങ്കിൽ പോലും സഹകരണാടിസ്ഥാനത്തിലുള്ള മറ്റൊരു സംരംഭവും പഞ്ചായത്തിൽ ഇല്ല. സഹകരണാടിസ്ഥാനത്തിൽ കന്നുകാലി വളർത്തുന്നതിനോ പാൽ വിതരണവും സംഭരണവും കാര്യക്ഷമമാക്കുന്നതിനോ കഴിഞ്ഞിട്ടില്ല. പ്രാദേശിക വില്പനയെ മാത്രം ആശ്രയിച്ചാണ് ക്ഷീരസംഘങ്ങൾ പ്രവർത്തിച്ച് വരുന്നത്.

ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ളതും അടിയന്തിരമായി നടപ്പാക്കേണ്ടതുമായ പദ്ധതികൾ

1. ആൾജാമ്യത്തിൽ നൽകുന്ന വായ്പ പരിധി 25000 രൂപയാക്കി ഉയർത്തണം.

2. ആൾജാമ്യത്തിന് മൂന്ന് അംഗങ്ങൾ വേണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്ത് ഒന്നോ ഏറിയാൽ രണ്ടോ ആക്കി മാറ്റണം.

3. അപേക്ഷകർക്കെല്ലാം വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

4. കൃഷിക്കാർക്ക് ദീർഘകാലത്തേക്ക് കാർഷിക വായ്പ, ലഭ്യമാക്കമണം. പലിശനിരക്ക് കുറയ്ക്കണം.

5. കാർഷിക വായ്പകൾ കൃത്യ സമയത്ത് തന്നെ വിതരണം ചെയ്യണം

6. കരവാളൂർ പഞ്ചായത്തിലെ കൃഷിക്കാരുടെ പൂർണ്ണ വിവരങ്ങൾ അടങ്ങിയ ലാന്റ് രജിസ്റ്റർ സൂക്ഷിക്കണം. ഈ ലിസ്റ്റിലുള്ളവർക്കായി കാർഷിക വായ്പ ലബ്യമാക്കണം.

7.5% പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് നൽകുന്നതിനെക്കുറിച്ച് അംഗങ്ങളെ ബോധവാന്മാരാക്കണം. കാർഷിക വായ്പ തിരിച്ചടക്കുമ്പോൾത്തന്നെ അടുത്ത വായ്പ ലഭിക്കുവാനുള്ള സംവിധാനങ്ങൾ കൈക്കൊള്ളണം. അതുവഴി കുടിശിക കുറച്ചുകൊണ്ടുവരുവാനുള്ള സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം.

8. ചെറുകിട വ്യവസായങ്ങൾക്കും സ്വയം തൊഴിൽ സംരംഭകർക്കും വായ്പ ലഭിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

9. റബ്ബർ സംഭരണം പുനഃസ്ഥാപിക്കണം.

10 കറവമാട്, ഉഴവമാട്, ആടുവളർത്തൽ, വെറ്റില കൃഷി എന്നിവക്ക് വായ്പലഭ്യമാക്കണം.

11. മാത്ര സർവ്വീസ് സബകരണബാങ്ക് കരവാളൂരിൽ വാങ്ങിയ സ്ഥാലത്ത്ബാങ്ക് വക ഷോപ്പിംഗ് സെന്റർ എത്രയും വേഗം നിർമ്മിക്കണം

12 ഗൾഫ് യാത്രക്ക് ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്നത് പുനഃസ്ഥാപിക്കണം. അതിന്റെ പരിധി 50000 രൂപയാക്കി ഉയർത്തണം.

13 പുതിയതരം നിക്ഷേപപദ്ധതികൾ ആരംഭിക്കുകയും നിക്ഷേപമൂലധനം ചെയ്യണം.

14. പുതിയ പദ്ധതികളുണ്ടാക്കി വായ്പകൾ നൽക്കുവാൻ തയ്യാറാക്കണം.

15 അംഗങ്ങളായ കൃഷികാരുടെ കാർഷികേല്പന്നങ്ങൾ സഹകരണ ബാങ്ക് ആരംഭിക്കണം.

16. വിലക്കയറ്റം പിടിച്ചു നിർത്താൻ കൺസ്യൂമർ സ്റ്റോറുകളുടെ മാതൃകയിൽ പുനഃസംങ്കടിഷിക്കുകയും കാര്യക്ഷമമാക്കുകയും വേണം

17 കഴിയാവുന്ന സ്ഥലങ്ങളിലൊക്കെ ക്ഷീരസഹകരണ സംഘങ്ങൾ ആരംഭിക്കണം

18. പാലുൽപന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥപനങ്ങൾ ആരംഭിക്കണം.

19. കൃഷിക്കാർക്ക് കറവമാടുകളെയും കാലിത്തീറ്റയും സബസിഡി നിരക്കിൽ വിതരണം ചെയ്യുകയും കാലിത്തൊഴുത്ത് നിർമ്മാണത്തിനായി സബ്സിഡിയോടെ വായ്പ ലഭ്യമാക്കുകയും ചെയ്യുക.

20 കാർഷികോലൽപന്നങ്ങൾ ട്രാക്റ്റർ, ടില്ലർ, എന്നില കൃഷിക്കാർക്ക് ലഭ്യമാക്കുവാൻ നടപടികൾ കൈക്കൊള്ളുക.

പഞ്ചായത്തിൽ നടഷിലാക്കാവുന്ന പദ്ധതി നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണ സംഘം ആരംഭിക്കണം.

2.പഞ്ചായത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി മോട്ടോർ ട്രാൻസ്പോർട്ട്, ആട്ടോറിക്ഷാ തൊഴിലാളി സംഘങ്ങൾ, സഹകരണ അച്ചടിശാല എന്നിവ സ്ഥാപിക്കുക.

3. മരഷണിക്കാർ ഇരുമ്പു പണിക്കാർ, മൺ പാത്ര നിർമ്മാണക്കാർ, കരകൗശല നിർമ്മാണക്കാർ എന്നിവർക്കായി സഹകരണ സംഘം രൂപീകരിക്കണം.

4.കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, പന്നിവളർത്തൽ സഹകരണ സംഘങ്ങൾ രൂപികരിക്കണം.

5. ലേബർ കോൺട്രാക്ട് സൊസൈറ്റി വിജയകരമായി നടഷിലാക്കുവാൻ സാധിക്കും.

6.മെറ്റർ ഫാമിങ് സംഘങ്ങൾ രൂപീകരിക്കണം.

7. പഞ്ചായത്തു തലത്തിൽ മാർക്കറ്റിംഗ് സഹകരണ സംഘം. കൺസ്യൂമർ സഹകരണ സംഘം എന്നിവ സ്ഥാപിക്കണം.

8. പട്ടിക ജാതി - പട്ടികവർഗ്ഗം എന്നിവരുടെ ഉന്നമനത്തിനായി സഹകരണ സംഘം സ്ഥാപിക്കണം

9. വനിതകൾ മാത്രം അംഗങ്ങളായുള്ള വനിതാ സഹകരണ സംഘം സ്ഥാപിക്കണം

10 പരമ്പരാഗത തൊഴിലാളികളെ ഉൾപ്പെടുത്തി ഗ്രാമ വ്യവസായ സഹകരണ സംഘം രൂപീകരിക്കണം

11. നരിക്കൽ, വാഴവിള, വെഞ്ചെമ്പ് എന്നീ പ്രദ്ദേശങ്ങളിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കണം

12. ഈ പഞ്ചായത്തിൽ സുലഭമായ റബ്ബർ ഉപയോഗപ്പെടുത്തി ഒരു വ്യവസായശാല സഹകര മേഘലയിൽ ആരംഭിക്കണം.

കുടി വെള്ളം

ഒരു പഞ്ചായത്തിലെ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് കുടി വെള്ളം. വന വശീകരണം, തോടുകളുടെയും, നീരുറവകളുടെയും സംരക്ഷണമില്ലായ്മ, പാടശേഖരങ്ങൾ നികത്തൽ എന്നിവമൂലം വർഷാവർഷം കുടി വെള്ള ക്ഷാമം ഉണ്ടാവുകയും, ഇതൊരു സാമൂഹ്യ പ്രശ്നമായി മാറിക്കൊണ്ടിരുക്കുകയുമാണ്. തകച്ചും ഒരു അവികസിത പ്രദേശമായ കരവാളൂർ പഞ്ചായത്ത് രുക്ഷമായ കുടി വെള്ള പ്രശ്നത്തിൽപ്പെട്ട് പലപ്പോഴും ആടിയുലഞ്ഞിട്ടുണ്ട് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം

കാണാൻ ഇന്നും കഴിഞ്ഞിട്ടില്ല. കരവാളൂർ പഞ്ചായത്തിന്റെ ഭൂമിശ്രാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും, പ്രത്യേക കൃഷിരീതി കൊണ്ടും ഉള്ള പ്രശ്നങ്ങളും അതിന്റെ അടിസ്ഥാനത്തിൽ ജല ലഭ്യത യും ജല ദൗർലഭ്യതയും പഠനവിഷയമാകേണ്ടത് അത്യാവശ്യമാണ് ജനങ്ങളുടെ ആരോഗ്യ കാര്യത്തിൽ വളരെയധികം സ്വാധീനം ചെലുത്തുന്ന ഘടകമാണ മല്ലോ ശുദ്ധജല ലഭ്യതയും അതിന്റെ ഉപയോഗവും. 50% ലെറ്റ അസുഖങ്ങളും ശുദ്ധ ജല വിതരണം വഴി മാറ്റിയെടുക്കാമെന്നാണ് വൗദഗ്ദഭിപ്രായം. അക്കാരണം കൊണ്ടു തന്നെ പൊതുജനരോഗ്യത്തിനായി മുടക്കുന്നതിന്റെ നല്ലൊരു ഭാഗം, തീർച്ചയായും, കുടി വെള്ള പ്രശ്നം പരിഹരിക്കുവാനും ചെയ്യുന്നതിനും ചെലവഴിക്കേണ്ടതാണ്. ഈ പഞ്ചായത്തിന് സംബന്ധിച്ചിടത്തോളം ഈ പ്രശ്നത്തിന് അതിന്റെ ദൗര വത്തിനനുസരണമായ പ്രാധാന്യം ഇനിയും കൊടുത്തിട്ടില്ല.

പഞ്ചായത്തിലെ കുടിവെള്ളത്തിനുള്ള മുഖ്യ സ്രോതസ്സ് കിണറുകൾമാത്രമാണ്. മറ്റൊരു തരത്തിലു ള്ള ശുദ്ധ ജല പദ്ധതികളും നാളിതുവരെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നത് ദുഃഖകരമായ ഒരു യാഥാർത്ഥ്യം മാത്രമാണ്. പഞ്ചായത്തിൽ ആകെയുള്ള 6019 കിണറുകളിൽ 1742 ഒണ്ണം വേനൽക്കാലത്ത് വറ്റുന്നവയാണ്. നീലാമ്മാൾ, തേരിക്കുന്ന്, കാരിയിലും മുകൾ, കല്ലുവിന്ന, നാല് സെന്റ്, ചൂട്ടുയിൽ കുന്നുപുറം, തിരുവഴി ലക്ഷം വീട് കോളനി, നിരപ്പത്ത് ചുടുകട്ട, തുരുവഴി, നെടുമല, ആയിരവല്ലിക്കുന്ന്, കുഞ്ചാണ്ടി മുക്ക്, പൊട്ടകുളം കൊച്ചുമൺകാട്, കാരോട്ട് ഭാഗം, ലക്ഷംവീട് തുവരൺ പച്ച, മായിക്കൽക്കോണം, പാ ലുക്കുന്ന് ആനപ്പാറ, പനം കുറ്റി, ദേവികോണം, അണ്ണാച്ചിമല, വട്ടനൺ കുര്യാൽ എസ്റ്റേറ്റിനു സമീപം, വട്ടമൺ സാംസ്കാരികനിലയം ജംഗ്ഷൻ, വട്ടമൺ പള്ളിമുക്ക്, മരുതിമൂട്, തേവിയോട് കാക്കരുവിന്ന, പ്ലാ ത്തറ, പള്ളിമുക്ക്, കല്ലടമുക്ക്, കിനം കുഴി എയ ണിക്കോട്, ചേറുകുഴി ഒരു നട, വെഞ്ചേമ്പ് മാർക്കറ്റ് ഭാഗം, കുട്ടപ്പാറ, ജവഗർ ജംഗ്ഷൻ എന്നിവിടങ്ങളിൽ സ്ഥിരമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുമ്പോൾ 1/2 കിലോമീറ്റർ മുതൽ 1.5 കിലോമീറ്റർ വരെ തലച്ചുമടായി കുടിവെള്ളം കൊണ്ടു വരേണ്ട അവസ്ഥ ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

ഈ പഞ്ചായത്തിന്റെ സമീപമായ പുനലൂരിന്റെ വിരിമാറിലൂടെ ഒഴുകുന്ന കല്ലടയാറു കൊണ്ട് ഈ പഞ്ചായത്തിൽ ഒരു ഉപകാരവും ഉണ്ടാകുന്നില്ല. ഈ നദിയിലെ ജലം ഉപയോഗപ്പെടുത്തി റൂറൽ വാട്ടർ സപ്ലൈസ്കിം എഃ പഞ്ചായത്തുകളിൽ കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുണ്ട്. പുനലൂരുമായി വളരെ അടുത്തു കിടന്നിട്ടും 1964 വരെ പുനലൂർ പഞ്ചായത്തിന്റെ ഒരു ഭാഗമായിരുന്നിട്ടും ഈ പഞ്ചായത്തിന് ഈ സ്കീമുകൾ അന്യമായാണ് കാണപ്പെടുന്നത്. അടിയന്തിരമായി പൈപ്പുലൈനുകൾ ഈ പ്രദേശത്തുക്കൂടി വ്യാപിപ്പിക്കുകയും വാട്ടർകണക്ഷനുകൾ നൽക്കുകയും ചെയ്യണം.

കരവാളൂർ പഞ്ചായത്തിന്റെ ൻരു അരികിൽ കുടി കല്ലട ജലസേചന പദ്ധതിയുടെ ഇടതുകര മെയിൽ കനാൽ കടന്നു പോകുന്നുണ്ട്. വേനൽക്കാലത്ത് വെള്ളം ഇതിലുടെ തുറന്നു വിട്ടാൽ അതിന്റെ സമീപ പ്രദേശങ്ങളിലുള്ളവർക്ക് വാട്ടർ അതിന്റെ പ്രയോജനം ലഭിക്കും.

നാമമാത്രമായി കഴിച്ചട്ടുള്ള കുഴൽ കിണറുകളിൽ ഒന്നെഴികെ മറ്റെല്ലാം പ്രവർത്തിക്കുന്നവയിൽ കൂടി തന്നെ തുരുമ്പു വെള്ളമാണ് പ്രവഹിക്കുന്നത്.

നിലവിലുള്ള ചില കുളങ്ങളെങ്കിലും വേണ്ടതരത്തിൽ സംരക്ഷിക്കുകയും അറ്റകുറ്റപണി നടത്തുകയും ചെയ്താൽ കുടി വെള്ള വിതരണത്തിന് ഭാഗ്യകമായി ഉപയോഗിക്കാവുന്നതാണ്. സ്വകാര്യസ്ഥലത്തുള്ള എതാനും കുളങ്ങൾ ഏറ്റെടുക്കുകയും വാട്ടർ സപ്ലൈ സ്കീമുകൾക്കായി ഉപയോഗിക്കാവുന്നതുമാണ്.

	വെള്ളമുള്ളവ	വറ്റുന്നവ	ആകെ
പൊതുകിണറുകൾ	45	16	22
സ്വകാര്യകിണറുകൾ	4277	1742	6019

പഞ്ചായത്തിലെ കുഴൽക്കിണറുകൾ

ക്രമനമ്പർ	സ്ഥലം	ഇന്നത്തെസ്ഥിതി
1	കരവാളൂർജംഗ്ഷൻ	പ്രവർത്തനരഹിതം
2	കറുമ്പൻമുക്ക്	പ്രവർത്തന

3 നീലാമ്മാൾ പ്രവർത്തന രഹിതം
4 തച്ചക്കോട് പ്രവർത്തന രഹിതം
5 ഉണ്ണിക്കുന്ന് ലക്ഷംവീട് പ്രവർത്തന രഹിതം
6 കരിയിലും മുകൾ പ്രവർത്തന രഹിതം
7 തുമ്പശ്ശേരി മുക്ക് പ്രവർത്തന രഹിതം
8 നെടുമല പ്രവർത്തന രഹിതം
9 വാഴവിള പ്രവർത്തന രഹിതം
10 മാത്ര-മുട്ടറമുക്ക് പ്രവർത്തന രഹിതം
11 ജവഹർജംഗ്ഷൻ പ്രവർത്തന രഹിതം
12 വേലൻകോണം പ്രവർത്തന രഹിതം
13 സാംസ്കാരികനിലയം പ്രവർത്തന രഹിതം
14 ITC ജംഗഷൻ പ്രവർത്തന രഹിതം
15 മാത്ര, അമ്പലംകുന്ന് പ്രവർത്തന രഹിതം
16 നരിക്കൽജ്ഗഷൻ പ്രവർത്തന രഹിതം

കുളങ്ങൾ

ക്രമനമ്പർ സ്ഥിതിചെയ്യുന്ന സ്വഭാവം

സ്ഥലങ്ങൾ

1 കരവാളൂർ കരവാളൂർദേവീക്ഷേത്രത്തോടനുബന്ധിച്ച്,ദേവസം ബോഡിന്റെ അധീനതയിലുള്ളതാണ്.

2 വെഞ്ചേമ്പ് പുതുവീട്ടിൽ ചിറ, വെള്ളം വറ്റുകയില്ല.

3തൂമ്പാശേരിചിറകൾ തുമ്പശേരി എസ്സ്റ്റേറ്റിനകത്ത് സ്ഥിതിചെയ്യുന്നു.

3 ഒരിക്കലും വെള്ളവറ്റാത്ത നാലു ചിറകൾ സ്വകാര്യആവശ്യത്തിനായി മാത്രം ഉപയോഗിക്കുന്നു

4 മാത്ര തേറാക്കുന്നിൽ ചിറ സ്വകാര്യ വസ്തുവിലാണ്

5 മുടക്കമൺകോണം സ്വകാര്യചിറ

6 കല്ലിറങ്ങിൽ4 സെന്റ് 4 സെന്റിൽ 4 നാലു സെന്റായി സ്ഥിതിചെയ്യുന്നു

7 തേവിയോട്- കുളത്തിനായി 3 സെന്റ് സ്ഥലം കിടപ്പുണ്ട്. ഇതു കുഴിച്ച്നെടുംകുഴി ആവശ്യത്തിന് ഉപകരിക്കും വിധം ശരിയാക്കണം.

8 മാമൻമുക്ക്- കുളമായി രൂപാന്തരപ്പെടു ത്തണം. താഴ്ഭാഗം

9കാരോട്ട് ഏലാ ചേമ്പും കോണംത്തലക്കുന്ന്

10 മാത്ര താഴെ വാതുക്കൽ ഏലാത്തലയ്ക്കൽ ഒരിക്കലും വറ്റാത്തതാണ്.

സ്വകാര്യം

പുതിയ കുഴൽ കിണറുകൾ സ്ഥാപിക്കേണ്ട ശ്ഥലങ്ങൾ

വാർഡ്

സ്ഥലങ്ങൾ

1 എരിച്ചിക്കൽ
മണലിൽ, കാരിക്കുഴി, തേരിക്കുന്ന്

2 കരവാളൂർ വടക്ക്
പൊയ്കമുക്ക്, പുളിക്കതോട്ടത്തിൽ വളവ്

3 കരവാളൂർ കിഴക്ക്
കല്ലുവിള, ചാലക്കോട്മുക്ക്, ഉദിങ്ങോട്, ചമ്പക്കര

4 മങ്കുന്ന്
തിരുവഴിമുക്ക്, ഹെൽത്ത് സെന്റർ, കുണ്ടമൺ, മാമൻമുക്ക്

കാഞ്ഞിരംവിള ഭാഗം, മങ്കുന്ന്, പ്ലാങ്കാല

5 മാത്ര
തേറാക്കുന്നിൽഭാഗ, ചുടുകട്ട, നിരപ്പത്ത്, പടിഞ്ഞാറ്റിൻകര ഭാഗം

6 മാത്ര വടക്ക്
ആനപ്പാറ, തുരവും പച്ച, പൊട്ടുകുളം, കൊച്ചുമൺകാട് പള്ളി

7 വട്ടമൺ
ദേവികോണം, പാമ്പാടിമുക്ക്, മുളമുക്ക്, മരുതിമൂട്, വട്ടമൺ-പള്ളി

പനംകുറ്റി

8 നരിക്കൽ
തേയിയോട്,നരിക്കൽനിരപ്പത്ത്, കാക്കാരുവിവിള ,കല്ലടമുക്ക്

കാലാവസ്ഥ കലണ്ടർ



ചിത്രം 3.4

SOURCE- PRM, CESS

9 വെഞ്ചെമ്പ് വടക്ക് നരിക്കൽകാഞ്ഞിരമുക്ക്, മൂത്തചാവരുമുക്ക്, ഭരതൻമുക്ക് മൂർത്തിക്കുന്ന്, വെഞ്ചെമ്പ് കനാൽ ജംഗ്ഷൻ

10 വെഞ്ചെമ്പ് പടിഞ്ഞാറ് ഒരുനട, വേലൻ കോണം, ചേറ്റുകുഴി, കുട്ടപ്പാറ അടിയന്തിരമായി നടപ്പിലാക്കേണ്ട പദ്ധതികൾ

ക്രമനമ്പർ
പദ്ധതി

1 തിരുവഴി മുക്ക് ലംക്കംവീട് പൊതുകിണർ ആഴംകൂട്ടുക

2 നെടുമല പൊതുകിണർ ആഴംകൂട്ടുക

3 ഉണ്ണിക്കുന്ന് ലക്ഷംവീട് പൊതുകിണർ ആഴംകൂട്ടുക

4കരവാളൂർ 4 സെന്റ് പൊതുകിണർ ആഴംകൂട്ടുക

5 വട്ടമൺ സാംസ്കാരികനിലയം പൊതുകിണർ ആഴംകൂട്ടുക

6 വട്ടമൺ ജംഗ്ഷൻ പൊതുകിണർ ആഴംകൂട്ടുക

7 വാഴവിള ലംക്ഷംവീട് പൊതുകിണർ ആഴംകൂട്ടുക

8 നിരപ്പത്ത് ലക്ഷം വീട് പൊതുകിണർ ആഴംകൂട്ടുക

9 നീലാംമാൾ സ്കൂളിനു സമീപത്തുള്ള പൊതുകിണർ ആഴംകൂട്ടുക

10 കാരിക്കുഴി പൊതുകിണർ ആഴംകൂട്ടുക

11 നെടുമല, വട്ടമൺലക്ഷം വീട് പൊതുകിണർ ആഴംകൂട്ടുക

12 ഒഴുക്കുംപാറ ഭാഗത്തെ നീർച്ചാല് ഏതു വേനൽക്കാലത്തുംശുദ്ധജലം ലഭിക്കുന്നഈ നീർച്ചാലിൽ ടാങ്ക് കെട്ടി ശുദ്ധജലം സംഭരിക്കണം.

13 കൊച്ചു വട്ടമണിലുള്ള നീർച്ചാലിൽ വെള്ളം സംഭരിക്കുന്നതിന് ടാങ്ക് കെട്ടണം.

14 മാത്ര, വെഞ്ചെമ്പ്, പബ്ലിക് മാർക്കറ്റിൽ പൊതുകിണർ കുഴിക്കണം.

15 കനാൽ ജംഗ്ഷനു സമീപമുള്ള നാലു സെന്റിൽ, കല്ലട ഇറിഗേഷൻ പദ്ധതി കനാൽ സിമന്റ്ഏറിയയിൽ നിന്ന് ഒഴിപ്പിച്ചുകൊണ്ടുവന്ന് പാർപ്പിച്ചിരിക്കുന്ന സ്ഥലത്ത് ടാങ്ക് കെട്ടി പൈപ്പിട്ട് ജലവിതരണം നടത്തണം.

ഗ്രാമ സഭകളിൽ നിന്ന് ഉയർവന്നിട്ടുള്ള പ്രശ്നങ്ങൾ പരിഹാര മാർഗ്ഗങ്ങളും.

വാർഡ് 1 എരിച്ചിക്കൽ, മണലിൽ, കേരിക്കുന്ന്, നീലാമ്മാൾ, തച്ചക്കോട്, എന്നീ പ്രദേശങ്ങളിൽ പൊതുകിണറുകളോ, കുഴൽകിണറുകളോ സ്ഥാപിക്കണം. കുടിവെള്ള പ്രശ്നംരൂക്ഷമാകുന്ന പ്രദേശങ്ങളാണ് വളരെയേറെ ദൂരം നടന്നു പോയി കുടിവെള്ളം കൊണ്ടുവരേണ്ടിവരുന്നു.

വാർഡ് 2 ഉണ്ണിക്കുന്ന് പ്രദേശം (ലക്ഷം വീടുകോളനി)യിൽ ധാരാളം കുടുംബങ്ങൾ താമസിക്കുന്നു.കുടിവെള്ള പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്നു. ഒരു കിലോമീറ്റർ വരെ നടന്നുപോയി തലച്ചുമടായി കുടിവെള്ളം കൊണ്ടുവ രേണ്ടിവരുന്നു.

വാർഡ് 3 കല്ലുവിള, കുരീലുംമുകൾ, ചാലക്കോട് എന്നീ പ്രദേശങ്ങളിലാണ് കുടിവെള്ളം ദൗർലഭ്യം തീഷ്ണമായി അനുഭവപ്പെടുന്നത്. പുനലൂരിൽ നിന്നും കേരളാ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുകയും കല്ലുവിള, ചാലക്കോട്, ഉദിങ്ങോട് എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുകയും ചെയ്യണം. കുരിയിലും മുകളിലെ കുഴൽകിണറിലെ ഇരുമ്പ് പൈപ്പുകൾ മാറ്റി പകരം PVC പൈപ്പുകൾ സ്ഥാപിക്കണം.അരക്കിലോമീറ്റർ വരെ നടന്നുപോയി വെള്ളം കൊണ്ടു വരേണ്ടി വരുന്നു..

വാർഡ് 4 നാലുസെന്റ് ചുട്ടയിൽ കുന്നംപുറം, തിരുവഴി ലക്ഷംവീടുകോളനി ന്നിവിടങ്ങളിൽ പൊതുകിണർ കുഴിക്കണം. വാട്ടർ അതോറിറ്റി പൈപ്പുലൈനുകൾ സ്ഥാപിക്കണം.

വാർഡ് 5 നിരപ്പത്ത്, ചുടുകട്ട,തിരുവഴി, നടുമല, ആയിരവല്ലിക്കുന്ന് എന്നിവിടങ്ങളിൽ ജല ക്ഷാമം അനുഭവപ്പെടുന്നു. ഇതു പരിഹരിക്കുന്ന തിനായി പൈപ്പുലൈൻ സ്ഥാപിക്കുകയും പൊതുകിണറുകൾ നിർമ്മിക്കുകയും ചെയ്യണം.

വാർഡ് 6 രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ഈ വാർഡിൽ മിക്ക പ്രദേശങ്ങളും. പൊട്ടുകുളം, കൊച്ചുമൻകാട്, കരോട്ട്, ലക്ഷംവീട്, തുവരൻപച്ച,മായിക്കൽകോണം, പാലുകുന്ന്, ആനപ്പാറ എന്നീ പ്രദേശങ്ങൾ പ്രത്യേകം പരിഗണന

അർഹിക്കുന്നു. ജലക്ഷാമം അനുഭവപ്പെടു മ്പോൾ അരകിലോമീറ്റർ വരെ നടന്നുപോയാണ് ജലം സംഭരിക്കുന്നത്. കൂടാതെ ലോറിയിൽ വെള്ളമെത്തിച്ചും പ്രശ്ന പരിഹാരംനടത്തിവരുന്ന റൂറൽ വാട്ടർ സപ്ലൈ സ്കീം സ്ഥാപിച്ചും, പൊതുകിണർ, കുഴൽകി ണർസ്ഥാപിച്ചും, നിലവിലുള്ള കിണർ ആഴം കൂട്ടിയും പ്രശ്നങ്ങൾക്ക് അറുതിവരുത്താം.

വാർഡ് 7 **ദേവികോണം, അണ്ണാച്ചിമല,** വട്ടമൺ സാംസ്കാരിക **നിലയം, വട്ടമൺ** പള്ളിമുക്ക്, മരുതിമൂട് എന്നീ **പ്രദേശങ്ങളിലാണ്** ജലക്ഷാമം ഉണ്ടാകുന്നത്. **ഒരു കിലോമീറ്റർ** വരെവരെ നടന്നുപോയി ജലം സംഭരിക്കേണ്ടിവരുന്നു. ജലവിതരണ പദ്ധതി നടപ്പിലാക്കിയും, പൊതുകിണറുകളും കുഴൽകിണറുകളും കുഴിച്ച് പ്രശ്നം പരിഹരിക്കാം.

വാർഡ് 8 തേവിയോട്, കാക്കാരുവിള, പ
സ്ഥലങ്ങൾ
ജലക്ഷാമം രൂക്ഷമാണ്. അരകിലോമീറ്റർ വരെ നടന്നുപോയി ജലസംഭരണം
നടത്തേണ്ടിവരുന്നു. പൊതുകിണറുകളും, **കുഴൽകിണറുകളും**, സ്ഥാപിക്കണം. റൂറൽ **വാട്ടർസപ്ലേ** സ്കീം നടപ്പിലാക്കണം.

വാർഡ് 9 നരിക്കൽ, കാഞ്ഞിരമുക്ക്, മൂത്തചാവേരുമുക്ക്, ഭരതൻമുക്ക്, മൂർത്തിക്കുന്ന്, വെഞ്ചെമ്പ്കനാൽ ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ ജലക്ഷാമം ഉണ്ട്. ഈ സ്ഥലങ്ങളിൽ **കുഴൽകിണർ** സ്ഥാപിക്കണം. പൈപ്പ്ലൈൻ **സ്ഥാപിക്കണം.**

വാർഡ് 10 അയന്നിക്കോട്, വേലൻ **കോണം**, ചേറ്റുകുഴി, ഒരുനട, വെഞ്ചെമ്പ് മാർക്കറ്റ് ഭാഗം, കൂട്ടപ്പാറ, ജവഹർ ജംഗ്ഷൻ എന്നീ പ്രദേശങ്ങളിലാണ് ജലക്ഷാമ ദൗർലഭ്യം രൂക്ഷമാകാറുള്ളത്. ഒരു കിലോമീറ്റർ വരെ നടന്നുപോയി കുടിവെള്ളം സംഭരിക്കേണ്ട ഗതികേട് പല പ്രദേശങ്ങളിലും ഉണ്ടായിവരുന്നു. കുഴൽ കിണറുകളും പൊതു കിണറുകളും സ്ഥാപിച്ചും ജലവി തരണത്തിനായി പൈപ്പുലൈൻ സ്ഥാപിച്ചും പ്രശ്നപ രിഹാരം നടത്താം.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ **എല്ലാ വാർഡുകളിലും** ജല ദൗർലഭ്യം അനുഭവപ്പെടുന്നു.

2 നിലവിലുള്ള **കുഴൽകിണറുകളിലെ** വെള്ളത്തിൽ ഇരുമ്പ്, ഓര്, ഇവ **ഉള്ളതുമൂലം ഉപയോഗ** ശൂന്യമാണ്.

3 ഏറെ കുടുംബങ്ങൾക്കും ഭൂമി കുറവായതിനാൽ തൊഴുത്ത്, കക്കൂസ് എന്നിവയുടെ സമീപത്തു തന്നെ കിണറുകളും കുഴിക്കേണ്ടി വരുന്നു.

4 പല പ്രദേശങ്ങളിലും ഭൂമിക്കടിയിലെ പാറ കിണർ കുഴിക്കുന്നതിന് തടസങ്ങൾ ഉണ്ടാകുന്നു.

5 ഭൂമിക്കടിയിലെ ജല നിരപ്പ് വർഷാ വർഷം ക്രമാതീതമായി താഴുന്നതിനാൽ വർഷംപ്രതി കിണറുകളുടെ ആഴം കൂട്ടേണ്ടി വരുന്നു.

മറ്റ് നിർദ്ദേശങ്ങൾ

1. റൂറൽ വാട്ടർ സപ്ലൈ സ്കീം പഞ്ചായത്തിൽ അടിയന്തിരമായി നടപ്പിലാക്കണം

2 ജല മലിനീകരണം തടയാൻ നടപടികൾ കൈക്കൊള്ളണം.

3 കിണറുകളുടെ ആഴംകൂട്ടൽ പദ്ധതി ജലദൗർലഭ്യം ഉണ്ടാക്കുന്നതിന് മുമ്പുതന്നെ ആരംഭിക്കണം.

4 കുഴൽ കിണറുകൾ അറ്റ കുറ്റപണികൾ നടത്തുകയും ഇരുമ്പുപൈപ്പുമാറ്റി PVC പൈപ്പ് സ്ഥാപിക്കുകയും വേണം

പരിസര സുചിത്വം

ഒരു പ്രദേശത്തിന്റെ ജനതയുടെ ആരോഗ്യത്തിനും രോഗപ്രതിരോധത്തിനും ദീർഘായുസിനും അത്യാവശ്യം ഉണ്ടായിരിക്കേണ്ട ഒരു ഘടകമാണ് പരിസര സുചിത്വം. ഇതിലേക്കായി ഒരു വ്യക്തിയുടെ വസതിയിലെ സുചിത്വം പോലെ തന്നെ പ്രധാനമേറിയതാണ് ഒരു

പ്രദേശത്തിന്റെ സുചീകരണ പ്രവർത്തനങ്ങളും, എന്നാൽ നമ്മുടെ പഞ്ചായത്തിൽ വ്യക്തി സുചിത്വവും, സാമൂഹിക സുചിത്വവും ഭംഗിയായി നിറവേറ്റിക്കാണുന്നില്ല.ജനതകളുടെ അജ്ഞതയും സാമ്പത്തിക പരാധീനതകളുമാണ് വ്യക്തി സുചിത്വപരിപാലനത്തിൽ പിന്നോക്കം പോക്കിനുള്ള കാരണം.

വീടിനോടു ചേർന്ന് കക്കൂസുകളില്ലാത്ത വീടുകളുടെ എണ്ണം വളരെ കൂടുതലാണ്. പൊതു സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതിലൂടെ പല രോഗങ്ങളും ഉണ്ടാവുകയും വളരെവേഗം വ്യാപിപ്പിക്കുകയും ചെയ്യുന്നു.

കക്കൂസുകളെ സംബന്ധിച്ച പട്ടിക. (ഗ്രാമസഭാ റിപ്പോർട്ട്)

വാർഡ്	പേര്	
കക്കൂസുകളില്ലാത്തത്	ആകെ വീടുകളുടെ	എണ്ണം
1	എരിച്ചിക്കൽ	70%
2	കരവാളൂർ വടക്ക്	70%
3	കരവാളൂർ കിഴക്ക്	20%
4	മാങ്കുന്ന്	20%
5	മാത്ര	20%
6	മാത്ര	70%
7	വട്ടമൺ	68%
8	നരിക്കൽ	60%
9		40%
10		50%

ജലജന്യരോഗങ്ങളും വായു ജന്യരോഗങ്ങളും ഈ പഞ്ചായത്തിൽ കൂടുതലാണ്. വിരശല്ല്യം, വയറ്റിളക്കരോഗങ്ങൾ, ചെങ്കണ്ണ്, എന്നിവ വ്യാപകമാണ്. കക്കൂസുകളുടെ അഭാവത്തിന്റെ കാരണങ്ങളെ പ്രധാനമായും മൂന്നായി തരം തിരിച്ചിരിക്കുന്നു.

1 സാമ്പത്തിക പ്രയാസങ്ങൾ:

സർക്കാർ, ഇക്കാര്യത്തിൽ ഉദാരമായ നയമാണ് സ്വീകരിക്കുകയും,

ദാരിദ്രരേഖയ്ക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കായിട്ടെങ്കിലും ,കക്കൂസ് നിർമ്മാണത്തിനുള്ള സാമ്പത്തിക ബാദ്ധ്യത,ഏറ്റെടുക്കുകയും കക്കൂസ് നിർമ്മിച്ച് നൽകുകയും ചെയ്താൽമാത്രമേ ഈ പ്രദേശത്തിന് പരിഹാരംകാണുന്നതിന് കഴിയുക യുള്ളു. 11: സ്ഥല പരിമിതി100 കണക്കിനു കുടുംബങ്ങൾ ഈ പഞ്ചായത്തിൽ താമസിക്കുന്നത്. 2 സെന്റ്, 5 സെന്റുകൾ വരെയുള്ള വസ്തുവിലാണ് ിവിടെ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം കക്കൂസുകൾ നിർമ്മിക്കുവാൻ കഴിയാതെ വരുന്നുണ്ട്. കൂടാതെ കോളനികൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലുംകക്കൂസ് നിർമ്മാണം പ്രയാസകരമാകുന്നു. ഈ പ്രദേശങ്ങളിൽ പൊതുവായി സേപ്റ്റി ടാങ്ക് നിർമ്മിച്ചു നൽകുന്നു.പ്രശ്നങ്ങൾക്കുപരിഹാരം കാണേണ്ടതാണ്.

111 അജ്ഞത::

കക്കൂസുകളുടെ ആവശ്യകത, അതിന്റെ പ്രധാന്യം എന്നിവ ഉൾക്കൊള്ളുവാൻ കഴിയാത്ത ആളുകൾ ഇന്ന് ഈപഞ്ചായത്തിലുണ്ട്.ഇവരെ ബോധവാന്മാരാ ക്കുവാനുള്ള പരിപാടികൾ സംഘടിപ്പിക്കുകയും. ചർച്ചാക്ലാസുകളും, സിനിമാപ്രദർശനങ്ങളും നടത്തണം.

പരിസര സുചീകരണത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ കഴിയുന്ന വിഭാഗം എന്ന നിലയിൽ വനിതകൾക്ക് ഇക്കാര്യത്തിൽ പലതും ചെയ്യുവാൻ കഴിയുന്നു. മഹിളകളെ ഇക്കാര്യത്തിൽ ബോധവൽക്കരണം നടത്തുന്നതിലേക്കായി പ്രത്യേകം ഊന്നൽ നൽകണം. സെമിനാറുകൾ ഭരണക്ലാസുകൾ പ്രത്യേക പരിശീലനങ്ങൾ എന്നിവ നടത്തുവാൻ പരിശ്രമിക്കണം.മഹിളാ സമാജങ്ങൾ, അംഗൻവാടികൾ എന്നിവയിലെ പ്രവർത്തകരെ ഇതിന് പ്രാപ്തരാക്കാൻ കഴിയും

പഞ്ചായത്തു തലത്തിലുള്ള സുചീകരണ പ്രവർത്തനങ്ങൾ ജനങ്ങളുടെ ആരോഗ്യകരമായ വളർച്ചയ്ക്കും നാടിന്റെ പുരോഗമന പ്രവർത്തനങ്ങൾക്കും പര്യാപ്തമല്ലാത്ത പബ്ലിക് മാർക്കറ്റുകൾ വൃത്തിയാക്കുന്നതിന് പലപ്പോഴും കഴിയാറില്ല. കരവാളൂർ ജംഗ്ഷനിൽ ഉള്ള ചപ്പുചവറുകൾ ജംഗ്ഷനിൽ തന്നെ കൂട്ടിയിടാറാണുള്ളത്. ഇത് വലിയൊരു പരിസ്ഥിതി

പ്രശ്നമാണ്. പഞ്ചായത്തിലെ വിവിധ പൊതു പ്രദേശങ്ങളുടെ സുചീകരണത്തിന് സ്ഥിരം സംവിധാനം ഇല്ല. ആരെയെങ്കിലും എപ്പോഴെങ്കിലും നിയമിച്ചാലായി എന്നതാണ് സ്ഥിതി. ഒരു ചെറു മഴ പെയ്താൽ പോലും കരവാളൂർ ജംഗ്ഷനിൽ വെള്ളപ്പൊക്കമുണ്ടാകും. നിലവിലുള്ള ഓട അടയ്ക്കുകയും ശരിയായ പരിചരണമില്ലാതിരിക്കുന്നതുമാണ് ഇതിനു കാരണം.

കരവാളൂർ പഞ്ചായത്തിലെ വിവിധ ഇറച്ചിക്കടകളിലേക്ക് ആവശ്യമായ മാടിനെ വെട്ടുന്നത് 100 കണക്കിനു കുടുംബങ്ങൾ ഇടതിങ്ങിപാർക്കുന്ന കരവാളൂർ ജംഗ്ഷനിലുള്ള പബ്ലിക് മാർക്കറ്റിൽവച്ചാണ്. ഇറച്ചിക്ഷണങ്ങൾ, എല്ലും കഷ്ണങ്ങൾ, മാടിന്റെ അവശിഷ്ടങ്ങൾ കാക്ക, പരിന്ത് എന്നിവ കൊത്തിയെടുത്ത് സമീപ പ്രദേശങ്ങളിലെ കിണറുകളിൽ കൊണ്ടിടാറുണ്ട്, പട്ടികൾ ഇവ കടിച്ചെടുത്ത് റോഡിലും സമീപപ്രദേശങ്ങളിലും നിക്ഷേപിക്കുന്നു. മാട്ടിന്റെ രക്തം കരവാളൂർ പബ്ലിക് മാർക്കറ്റിൽ കെട്ടിക്കിടക്കുന്നത് സ്ഥിരം കാഴ്ചയാണ്. ഇത് നിയന്ത്രിക്കുന്നതിന് പഞ്ചായത്തിന് പരിപാടിയില്ല. ദുർഗന്ധം കാരണം സമീപവാസികൾ പൊറുതി മുട്ടുന്നു. മഴക്കാലത്ത് കൊതുകു പെറ്റുപെരുകുന്ന കൊതുകുത്പാദന കേന്ദ്രമായി ഇവിടം മാറുന്നു. ഇതുമൂലം കരവാളൂർ നിവാസികൾക്ക് ഒട്ടനവധി അസുഖങ്ങൾ പിടിപെടാറുണ്ട്. ഇവിടെ വെട്ടുന്ന മാടിനെ ഉപയോഗയോഗ്യമാണോ എന്നറിയുന്നതിനോ പരിശോധിക്കുന്നതിനോ മറ്റ് മാർഗ്ഗമില്ല. ഇറച്ചി തുറസായവണ്ടികളിൽ കയറ്റി 'കുരുവിക്കോണം, അടുക്കളമൂല' എന്നിവിടങ്ങളിലേക്ക് കൊണ്ടുപോകുന്നത് നിത്യകാഴ്ചയാണ്.

കരവാളൂർ പഞ്ചായത്തിലെ പബ്ലിക് മാർക്കറ്റുകൾ.

വാർഡ്സ്ഥലംപ്രവർത്തനമേഖല. 4. കരവാളൂർ ജംഗ്ഷൻ കരവാളൂർ1,2,3,4,5 എന്നീ വാർഡുകളിൽ നിന്നും സാധനങ്ങൾ ക്രയവിക്രയം ചെയ്യുന്നതിനായി എത്തിച്ചേരുന്നഏക മാർക്കറ്റാണ്6മാത്രവട്ടമൺ,നിരപ്പത്ത്, മാങ്കുന്ന് ഈ പ്രദേശം8. നരിക്കൽ നരിക്കൽ, വട്ടമൺ, 9-ാം വാർഡ് വെട്ടിക്കവല പഞ്ചായത്ത്10വെഞ്ചമ്പ്വെഞ്ചമ്പ്, അയണിക്കോട്മാസത്തിൽ രണ്ടു ദിവസമുള്ള കാളചന്തമൂലം ചാണകം മറ്റ് അവശിഷ്ടങ്ങൾ എന്നിവ മൂലം കരവാളൂർ LPS ഭാഗം മുതൽ ജംഗ്ഷൻ വരെയുള്ള സ്ഥപദേശങ്ങൾ മലിനമാകുകയും നടക്കാൻപോലും കഴിയാതാവുകയും ചെയ്യുന്നു. മാടിനെ കെട്ടുന്നതും വിൽപന നടത്തുന്നതും പ്രധാനമായ റോഡരുകിലാണ്. ഈ സ്ഥിതി അടിയന്തിരമായി മാറ്റണം.

പൊതു സ്മശാനം ഈ പഞ്ചായത്തിലില്ല. 2 സെന്റുമുതൽ 5സെന്റുവരെ വസ്തുമാത്രം നിലവിലുള്ള കുടുബങ്ങളിലെ അംഗങ്ങൾ മരിച്ചാൽ മറവു ചെയ്യുന്നതിന് ഏറെ ബുദ്ധിമുട്ടിൻ അനുഭവപ്പെടുന്നു. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽപോലും വീട്ടുവളപ്പിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുവാനും മറ്റും ഇതുമൂലം കഴിയേണ്ട സാഹചര്യങ്ങളാണ് ഉള്ളത്. അനാഥപ്രേതങ്ങൾ, തമിഴ് നാട്ടിൽനിന്നും മറ്റും വന്നു താമസിക്കുന്നവർ മരണമടഞ്ഞാൽ മറവുചെയ്യുന്നതിനും മാർഗ്ഗമില്ല. ഇക്കാരണത്താൽ അടിയന്തിരമായി പഞ്ചായത്തുവക പൊതു സ്മശാനമുണ്ടാക്കണം.

വർഷകാലങ്ങളിൽ പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കാറുണ്ട്. നീലാമ്മാൾ, വാഴവിള, കാരിക്കുഴി എന്നീ ഹരിജൻ കോളനികളിലും വെഞ്ചമ്പ്, കുരിയിലും മുകൾ 4 സെന്റ്, എന്നിവിടങ്ങളിലും ഈ പ്രക്രിയ വ്യാപകമാണ്. ഇതിനെതിരേയുള്ള പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. മുൻകാലങ്ങളിൽ DDT പ്രയോഗം, ക്ലോറിനേഷൻ എന്നിവ ഉണ്ടായിരുന്നെങ്കിലും ഇന്ന് പറയാനെന്ന് നിലവിലില്ല. വെള്ളം അണുവിമുക്തമാക്കാൻ കിണറുകളിൽ ക്ലോറിനേഷൻ ചെയ്യുകയും മലിനജലം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക എന്നിവ അടിയന്തിരമായി നടപ്പിലാക്കണം. കൊതുകു നസീകരണത്തിനായി പ്രത്യേകം പരിപാടികൾ ഉണ്ടാക്കണം.

തെരുവുനായ്ക്കളുടെ ശല്ല്യം ക്രമാതീതമായുള്ള ഒരു പഞ്ചായത്താണിത്. കരവാളൂർ പബ്ലിക് മാർക്കറ്റ് തന്നെ ഒരു പട്ടിവളർത്തൽ കേന്ദ്രമായി മാറിയിരിക്കുകയാണ്. അശാസ്ത്രിയമായ മാടിനെ വെട്ടുന്നതുകൊണ്ട് ചുടുചോര നക്കിനുണയുന്നതിന്, പച്ചമാംസം കടിച്ചുതിന്നുന്നതിന് മാടിനോളം വലിപ്പമുള്ള പട്ടികൾ ഈ മർക്കറ്റിലെ ഒരു ദൃശ്യമാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പട്ടിശല്ല്യം രൂക്ഷമാണ്. പട്ടിയെ പിടച്ച് നശിപ്പിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമല്ല.

അവ കർശനമായി നടപ്പിലാക്കണം.

പ്രശ്നങ്ങളും പ്രതിവിധികളും

1 എല്ലാ വീടുകളിലും കക്കൂസ് സ്ഥാപിക്കുന്നതിന് കഴിയുന്നില്ല.

2 കോളനികൾജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പൊതു സേഫ്ടി ടാങ്ക് പണിയണം.

3 പരിസര ശുചീകരണം അവയുടെ ആഴ്ശ്യകത പ്രാധാന്യം എന്നിവയെപ്പറ്റി ബോധ വൽക്കരണം നടത്തണം.

4 സ്ഥിരമായി ശുചീകരണ ജോലിക്കാരെ നിയമിക്കണം

5 മാടിനെ വെട്ടുന്നതിന് സ്ലാട്ടർ ഹൗസ് സ്ഥാപിക്കണം, ഇവിടെവെച്ചു മാത്രമേ കശാപ്പു നടത്താവു എന്ന് നിയമം കർശനമാക്കണം.

6 കൊതുക്, ഈച്ച, എന്നിവയെ നശിപ്പിക്കുവാൻ നടപടി കൈക്കൊള്ളണം.

7 വെട്ടുന്നമാടിന് രോഗങ്ങൾ ഇല്ലെന്നും, ഭക്ഷ്യയോഗ്യമാണെന്നും ഉറപ്പുവരുത്തണം.

8 കാളചന്ത ദിവസങ്ങളിൽ മാട്ടിനെ ചന്തയിൽ വെച്ച് മാത്രം വിൽപന നടത്തുന്നുവെന്ന് ഉറപ്പു വരുത്തണം.ചന്ത കഴിഞ്ഞാലുടൻ ശുചീകരണം ഉണ്ടാകണം

9 പഞ്ചായത്തുവക പൊതു സ്മശാനം സ്ഥാപിക്കണം.

10 തെരുവു നായ്ക്കളെ കണ്ടുപിടിച്ചു നശിപ്പിക്കുവാൻ നടപടി ഉണ്ടാകണം

വിദ്യാഭ്യാസം

19 ാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിലും 20ാം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിലും അങ്ങിങ്ങായി ചില നിലത്തെഴുത്താശന്മാർ വഴിയുള്ള വിദ്യാഭ്യാസ മായിരുന്നു പഞ്ചായത്തിൽ നിലനിന്നിരുന്നത്. കൃഷിയിലും കാലിവളർത്തലിലും ഏർപ്പെട്ടിരുന്ന ഇവിടുത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസം ഒരാവശ്യമായി തോന്നിയിരുന്നില്ല. കൂടാതെ ഭൂമിശാസ്ത്രപരമായ കിടപ്പുമൂലം മഴ പെയ്താലുടൻ വെള്ളം പൊങ്ങുന്ന തോടുകളും വിദ്യാഭ്യാസത്തിന് കുട്ടികളെ അയ്ക്കുന്നതിന് തടസമുണ്ടായിരുന്നു. എന്നാൽ നാട്ടുപ്രമാണിമാർ, വിദ്യാഭ്യാസത്തിന് കുട്ടികളെ അയക്കുന്നതിന് തടസമുണ്ടായിരുന്നു. എന്നാൽ നാട്ടുപ്രമാണിമാർ, വദ്യാഭ്യാസ പ്രമുഖർ, സമുദായക സംഘടനങ്ങൾ തുടങ്ങിയവരുടെ പ്രവർത്തനവും പത്തനാപുരം താലൂക്കിനെ നിർബന്ധിത വിദ്യാഭ്യാസ മേഖലയായി തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീചിത്തിരതിരുനാൾ വിളംബരം പുറപ്പെടുവിച്ചതും കുട്ടികളെ സ്കുളുകളിൽ എത്തിക്കുന്നതിന് രക്ഷാകർത്താക്കളെ പ്രേരിപ്പിക്കുകയും അത് പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിന് മുതൽക്കൂട്ടാവുകയും ചെയ്തു.

ഇന്ന് പഞ്ചായത്തിൽ 2 ഹൈസ്ക്കുളുകളും (U.P.S) കൂട്ടിചേർന്നത്) 4 എൽ. പി. എസുകളും, ഒരു അൺ എയിഡഡ് സ്കുളും അക്കാദമിക് രംഗത്തും ഒരു ITC, 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്ടിട്യൂട്ടുകൾ, ഒരു കമ്പ്യൂട്ടർ സെന്റർ എന്നിവ സാങ്കേതിക വിദ്യാഭാസ രംഗത്തും പ്രവർത്തിക്കുന്നു. കൂടാതെ 4 പാരലൽ കോളേജുകളും ഏതാനും ട്യൂഷൻ സെന്ററുകളും ഒരു അംഗൻവാടിയും പ്രവർത്തിച്ചുവരുന്നു. കുടാതെ 3 വായനശലകളും പഞ്ചയാത്തിൽ ഉണ്ട്

പഞ്ചായത്തിലെ സ്ക്കുളുകൾ

വെഞ്ചേമ്പ് L.P.S

പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം 1917 സ്ഥലത്തെ നാട്ടുപ്രമാണിമാരും, വിദ്യഭ്യാസ പ്രമുഖരും ചേർന്ന് സ്ഥാവിച്ചു. തുടർന്ന് ഈ സ്കൂളിനെ ഗവൺമെന്റ് ഏറ്റെടുത്തു. ഇപ്പോൾ 5 അദ്ധ്യാപകരും 236 കുട്ടികളുമുണ്ട് ഈ സ്കുളിൽ

കരവാളൂർ L.P.S

1923 ൽ കൊച്ചുവീട്ടിൽ ശ്രി കാളിപിള്ള ശങ്കരപിള്ള സ്ഥാപിച്ച കരവാളൂർ L.P.S ആണ് ഇന്ന് പഞ്ചായത്തിലെ ഏറ്റവും വലിയ L.P.S ഇന്ന് ഗവൺമെന്റ് L.P.S ആയ ഇവിടെ 348 കുട്ടികളും 9 അദ്ധ്യാപകരും ഉണ്ട്. ഷെഡിന്റെ അപര്യാപ്തത മൂലം ഷിഫ്റ്റ് സമ്പ്രദായത്തിലാണ് ക്ലാസുകൾ നടക്കുന്നത്.

മാത്ര L.P.S

1927- ൽ സ്ഥാപിതമായ ഈ സ്കൂൾ ഇന്ന് ഗവർമെന്റ് സ്കൂളാണ്. മാത്ര വെള്ളാള സമാജത്തിന്റെ വകയായി ആരംഭിച്ച ഈ സ്കൂളിൽ. 240 കുട്ടികളും 7 അദ്ധ്യാപകരുമുണ്ട്

AMMHS കരവാളൂർ

1953 ൽ U.P.S ആയി ആരംഭിച്ച ഈ സ്കൂൾ മർത്തോമ്മാ സഭായുടെ സ്കൂളാണ്. 1983 ലാണ് ഇത് ഹൈസ്ക്കുളാളത്

W.L.P.S നീലമ്മാൾ

പട്ടികജാതി - പട്ടികവർഗ്ഗ പെട്ടവരെ വിദ്യാഭ്യസരംഗത്ത് പുരോഗതിയിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി അവർ കൂടുതലായി പാർക്കുന്ന മേഖലകളിൽ വെൽഫെയർ സ്കൂളുകൾ സ്ഥാപിക്കാൻ ഗവൺമെന്റ് തീരിമാനിച്ച പ്പോൾ ഈ സ്കൂളികളിലെ പ്രഥമ അദ്ധ്യാപകനായ ശ്രീ ദേവദാസ് സ്വന്തം സ്ഥലത്ത് 1995 ലാണ് സ്ക്കൂൾ സ്ഥാപിച്ചത് . 1960 മുതൽ ഈ സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തു. 71 കുട്ടികൾ പഠിക്കുന്ന ഈ സ്ക്കുളിൽ 4 അദ്ധ്യപകരെ ആവശ്യമുണ്ടെങ്കിൽ 2 പേർ മാത്രമേയുള്ളു

N.G.P.M..H.S വെഞ്ചേമ്പ്

കരവാളൂർ പഞ്ചായത്തിലെ അദ്യത്തെ ഹൈ സ്കൂൾ 1956 ൽ കൊച്ചുവീട്ടിൽ ശ്രി. ഉ. കേശവപിള്ളയാണ് ഈ സ്കൂൾ സ്ഥാപിച്ചത്. ആവശ്യമായ സൗകര്യങ്ങൾ ഇവിടെയുണ്ട്.

N.G.P.M ഇംഗ്ളീഷ് മീഡിയം സ്ക്കൂൾ

പഞ്ചായത്തിലെ ഏക ആൺ എയിഡഡ് വിദ്യാലയം വെഞ്ചേമ്പ് കൊച്ചുവീട്ടിൽ ശ്രീ. പി. പ്രകാശ്കുമാർ ആണ് 1993 മുതൽ പ്രവർത്തിച്ചുവരുന്ന ഈ സ്കുളിന്റെ മാനേജർ L.K.G, U.K.G തുടങ്ങി സ്റ്റൻഡോർഡ് വരെ ഇപ്പോഴുണ്ട് 106 കുട്ടകളും 4 അദ്ധ്യാപകരുടെ 1 ഏക്കർ 25 സെന്റ് സ്ഥലുള്ള ഈ സ്കൂളിനെ ഗവൺമെറ്റന്റ് അംഗീകൃത അൺ എയിഡഡ് സ്കൂളാക്കാവുന്നതാണ്.

K.V.M.S I.T.C മാത്ര.

കരവാളൂർ പഞ്ചായത്തിലെ പ്രമുഖ സാങ്കേതി വിദ്യാഭ്യാസ കേന്ദ്രം KVMS പത്തുനപുരം താലൂക്ക് യൂണിയന്റെ ഉടമസ്ഥതയിൽ താഴതിൽ വീട്ടിൽ ശ്രീ രാമചന്ദ്രൻ പിള്ള

സംഭാവന നാൽകിയ സ്ഥലത്ത് 1978-ൽ പ്രവർനം ആരംഭിച്ചു. 2 ട്രേഡുകളിലായി 21 കുട്ടികൾ പഠിക്കുന്നു. 4 അദ്ധ്യാപകരുമുണ്ട്

മുൻ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ നിന്നും എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നുണ്ട്. ഇംഗ്ലീഷ് മീഡിയത്തിനെടുള്ള താൽപര്യം, മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, ഫാമിലിപ്ളാനിംഗ് തുടങ്ങിയവ ഇതിന് കാരണങ്ങളാണ്.

പ്രശ്നങ്ങൾ.

1) വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

2) പഞ്ചായത്തിന് പുറത്തേക്കുള്ള സ്കൂളുകളിലേക്ക് കുട്ടകളുടെ ഒഴുക്ക് വർദ്ധിക്കുന്നു. ഇത് മൂലം മിക്ക സ്കുളുകളിലേക്ക് കുട്ടികളുടെ എണ്ണം കാഎുവരുന്നു.

3) അദ്ധ്യാപകരിൽ ഭൂരിപക്ഷവും വനിതകളായതിനാൽ പാഠ്യേതര പ്രവർത്തനങ്ങളിൽ അലംഭാവും

4) ശിശുവിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യമില്ലയ്മ

5) മിക്ക സർക്കാർ സ്കൂളുകളിലും ആവശ്യമായ അദ്ധ്യപകരില്ലാത്തത്

6) പാഠപുസ്തകങ്ങൾ കിട്ടാനുള്ള കാലതാമസം.

7) കുട്ടികളുടെ കലാ - കായിക പരിശീലനത്തിനുള്ള സൗകര്യക്കൂറവ്.

8) അദ്ധ്യാപകരുടെ പുതിയ പാഠ്യപദ്ധതിയിലുള്ള ഉദാസിനതയും അനുഭവക്കുറവും

9) സമീപ പ്രദേശങ്ങളിലെ അൺ - എയിഡഡ് സ്കൂളുകളുടെ വളർച്ച.

10) അംഗൻവാടികളുടെ അഭാവം.

നിർദ്ദേശങ്ങൾ

1). പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിനു മുമ്പെ വികരണം ചെയ്യുക.

2). ആവശ്യത്തിനുള്ള അദ്ധ്യപകരെ എല്ലാവർഷവും ജൂൺ 10 ന് മുമ്പ് നിർമ്മിക്കുക.

3) കെട്ടിട സൗകര്യത്തിന്റെ അഭാവം അനുഭവപ്പെടുന്ന കരവാളൂർ L.P.S ൽ PTA കമ്മിറ്റികളുടെയും ജനങ്ങളുടെയും സഹകരണത്തോടെ പുതിയ ഷേഡ് നിർമ്മിച്ച് ചിഫ്റ്റ് സദ്രായം മാറ്റുക.

4) പ്രൈമറി സ്കൂൾ തുറക്കുന്നതിന് മുമ്പ് തന്നെ പഞ്ചായത്തടിസ്ഥാനത്തിൽ ഇൻസർവ്വീസ് കോഴ്സുകൾ നടത്തുക.

6) എല്ലാ സ്കൂളുകളിലും വായനശാലകൾ നിർബന്ധമാക്കുക.

7) സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ള ബോധന സഹായികൾ പരമവധി ഉപയോഗപ്പെടുത്തുക.

8) ക്ലാസ് മുറിക്ക് വെളിയിലുള്ള കുട്ടികളുടെ കഴിവുകൾ കൂട്ടി കണക്കിലെടുത്ത് ബോധനപരീക്ഷാ സമ്പ്രദായങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുക.

9) ഹൈസ്കൂളുകളോടെ ചേർന്ന വരുന്ന L.P.S, U.P.S എന്നിവയുആപ്പെടുത്തി വിദ്യാഭ്യാസ കോംപ്ളക്സ് സ്ഥാപിക്കുക. കൂടാതെ ഉവയുടെ മേൽ നോട്ടത്തിനായി ഓരോ സ്കൂളുകളിലെക്ക് PTA കമ്മറ്റികളും വൗദ്യാഭ്യാസ പ്രമുഖരും ജനപ്രതിനിധികളുടെ മടങ്ങുന്ന വിദ്യാഭ്യാസ സമിതി രൂപീകരിച്ച് വിലയിരുത്തുക.

10). കലാ - കായിക മത്സരങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുകയും ബാലകലോത്സവങ്ങൾ, യുവജനോത്സവങ്ങൾ എന്നിവ കുട്ടികളുടെയും രക്ഷിതാക്കളുടെയും വൈരവൈര നിരുതനബോഘം വളർത്തുന്ന മത്സരങ്ങളായി തുടരാൻ അനുവദിക്കാതിരിക്കുക.

11)എല്ലാ വർഡുകളിലും 2 എംഗനവാട്ടികളെങ്കിലും സ്ഥാപിക്കുക.

12). നിരക്ഷരതാ നിർമ്മർജ്ജനത്തിനൽയി അനൗപചാരിക വിദ്യാങ്ങ്യാസ പ്രവർത്തനങ്ങൾ സജ്ജീവമാക്കുക.

13)നിലവിൽലുള്ള ഗ്രന്ഥശാലകൾ കാര്യക്ഷമായി പ്രവർത്തിപ്പിക്കുകയും കരവാളൂർ ഗ്രന്ഥശാലക്ക് കൊട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപാടികൾ സ്വീകരിക്കുക, കഴിയുമെങ്കിൽ വാർഡുതലങ്ങളിൽ വായനശാലകൾ തുടങ്ങുന്നതിന് വേണ്ട ലഹായ ൾ ചെയ്യുക.

14 ബൈസ്കൂളുകളോടെനുബന്ധിച്ച് PTA കദ്ധ

കരവാളൂർ പഞ്ചായത്ത് വികസന റിപ്പോർട്ട്.

വനിത

കരവാളൂർ പഞ്ചായത്തിലെ 1991 കണക്കും പ്രകാരം ആകെജനസംഖ്യയിൽ 11605 സ്ത്രീകളും 10122 പുരുക്ഷന്മാരുമാണ് മുന്നിൽ 1996 ലെ പഞ്ചായത്ത് കണക്കും പ്രകാരം 4724 കുടുംബങ്ങൾ ഉള്ളതിൽ 740 കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിൽ ഉള്ളവയാണ്. വിദ്യാഭ്യാസത്തിൽ പുരുക്ഷൻന്മാരേക്കാൾ സ്ത്രീകളാണ് കൂടുതൽ. കാർഷിക മേഖലയായ ഈ ഗ്രമത്തിൽ തൊഴിൽ മേഖലയിൽ സ്ത്രീകളാണ് പുരുഷൻന്മാരെക്കാൾ മുന്നിൽ.

പട്ടിക

തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ
കർഷകർ	250	50
കർഷക തൊഴിലാളികൾ	650	280
മൃഗസംരക്ഷണം	6	4
കെട്ടിടനിർമ്മാണം	180	120
ചുമട്ടു തൊഴിലാളികൾ	100	50
വ്യാപാരം	205	14
മറ്റുള്ളവ	23	8
ആകെ	1415	426

കർഷകതൊഴിലാളികൾ കെട്ടിടനിർമ്മാണതൊഴിലാളികൾ ചുമട്ടു തൊഴിലാളികൾ തുടങ്ങിയതിൽ സ്ത്രീ പങ്കാളിത്വം നിലവിലുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലമായി പരമ്പരാഗത തൊഴിലുകൾ കുറഞ്ഞു വരുന്നതിനാൽ അത്തരം മേഖലയിൽ പണിയെടുക്കന്നവരുടെ എണ്ണവും കുറഞ്ഞുവരുന്നു തൊഴിൽ ചെയ്തു വരുന്ന പുരുഷൻന്മാരിൽ 20 ശതമാനവും പോലും സ്ത്രീ തൊഴിലാളികളില്ലത്ത പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പൊതു പ്രവർത്തനത്തിന്റെ വിവിധമേഖലയിൽ വനിതകളുടെ പങ്കാളിത്വം വളരെ കുറവാണ് പൊതു മഹിളാ സമാജങ്ങൾ 8 എണ്ണവും വിവിധ മത സംഘടനകളുടെ ആഭിമുഖ്യത്തിൽ 5 സംഘടനകൾ ഉള്ളതായി പഠന സംഘത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. സ്വയം തൊഴിൽ പദ്ധതിയായി ഒരു ward യൂണിയറ്റു രജിസ്റ്റർ ചെയ്തു ഒന്നര ലക്ഷം രൂപ അനുവദിച്ചു എങ്കിലും പദ്ധതിപ്രകാരം 40 വനിതകൾക്ക് IRDP പദ്ധതിപ്രകാരം സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

കൂലിനിരക്ക് പുരുഷന്മാരെക്കാൾ സ്ത്രീകൾക്ക് 10–15 രൂപ കുറവാണ് റേഷൻ കടകളിൽ മാവോലിസ്റ്റോറുകളിലും 60% സ്ത്രീകളാണ് സാധനങ്ങൾ വാങ്ങി വരുന്നത്. മഹിളാസമാജങ്ങളും തൃപ്തികരമല്ല. മദ്യപാനം മൂലം ദാരിദ്ര്യമനുഭവിക്കുന്ന 10% സ്ത്രീകളും ഈ പഞ്ചായത്തിലുള്ളതായി ഗ്രാമസഭയുടെ റിപ്പോർട്ടിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിനു ഒരു പരിഹാരം കാണുന്നതിനു ഒരോവാർഡിലും കൂടി വ്യവസായം ഉണ്ടാകണം. മദ്യനിരോധനം പൂർണ്ണമായും നടപ്പിലാക്കുകയും മദ്യ ഉപയോഗത്തിനെതിരെ വ്യാപകമായ ബോധവൽക്കരണം ഗവൺമെന്റ് തലത്തിൽ നടത്തണമെന്ന ആശയം സഭയിൽ പൊന്തിവരികയുണ്ടായി. എല്ലാരാഷ്ട്രീയ സാമൂഹ്യ സന്നദ്ധ സംഘടനകളൊടെപ്പം അനുബന്ധ മഹിളാ സംഘങ്ങൾകൂടി വിവരിക്കുകയും ഭരണകാര്യങ്ങളിൽ വനിതകളെകൂടി തൽപ്രാപ്തരാക്കുകയും ചെയ്യണമെന്നും ആവശ്യപ്പെടുന്നു.

പട്ടികജാതി- പട്ടികവർഗ്ഗക്ഷേമം.

1991 ലെ കനേഷുമാരി കണക്കനുസരിച്ച് കരവാളൂർ പഞ്ചായത്തിൽ 3058 പട്ടികജാതിക്കാരും, 18 പട്ടികവർഗ്ഗക്കാരുമാണുള്ളത്. കഴിഞ്ഞ കാലഘട്ടത്തിൽ ഇവരുടെ ജീവിത നിലവാരം വളരെ പിന്നോക്കാവസ്ഥയിൽ ആയിരുന്നു. ഇപ്പോൾ ഈ അവസ്ഥയിൽ മാറ്റങ്ങൾ കണ്ടുവരുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 1 ഉം, 6 ഉം വാർഡുകളിലാണ് ഈ ജനവിഭാഗം കണ്ടുവരുന്നത്. പഴയ കാലഘട്ടത്തിലേപ്പോലെയുള്ള ജാതിചിന്തകൾക്ക് ഇന്ന് സമൂഹത്തിൽ സ്ഥാനമില്ല. സാമൂഹിക, സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലേയ്ക്കുള്ള ഇവരുടെ അഭാഗമനം ഇതിനൊരു പ്രധാന കാരണമാണ്.

അംഗീകരിച്ച കോളനികൾ

1. നിലാംമ്മൽ കോളനി കരവാളൂർ.
2. മാത്രവേടൻ കോളനി മാത്ര
3. വാഴവിള അംബേദ്കർ ഗ്രാമം: നരിക്കൽ.
4. കൊമ്പു വട്ടമൺ ഹരിജൻ കോളനി - വട്ടമൺ.
5. വെഞ്ചെമ്പ് അംബേദ്കർ കോളനി - വെഞ്ചെമ്പ്.

അംഗീകരിക്കാനുള്ള കോളനി.

1. ഉണ്ണിക്കുന്ന് ഹരിജൻ കോളനി.
2. പാലുകുന്ന് കാരേക്കുവേടൻ കോളനി.
3. ഇടനാം കുഴി ഹരിജൻ കോളനി.
4. വേലൻകോണം വെഞ്ചെമ്പ്. കണിയാരുകുഴി അടയ്ക്കാട്ടുകോളനി.
5. കാക്കാരുവിള കോളനി. പാലോട്ട്കോണം പുഞ്ചതനകോളനി.
6. കാരിക്കുഴി വേടൻകോളനി നെടുമല. നാലു സെന്റ് അംഗീകരിച്ചത്. കല്ലിറങ്ങിൽ നാലു സെന്റ്. കരവാളൂർ.

മുഖ്യപ്രശ്നങ്ങൾ.

1. കോളനികളിൽ വൈദ്യുതി, കുടിവെള്ളം, ഗതാഗതസൗകര്യങ്ങൾ, ശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള കക്കൂസുകൾ, തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ വൊതുവേ കുറവാണ്. 2. കുട്ടികൾ സ്ഥിരമായി സ്കൂളുകളിൽ വരാതായി മാറുന്നില്ല. രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ, ഗതാഗത സൗകര്യങ്ങളുടെ കുറവ്, തുടങ്ങിയവയാണ് കാരണങ്ങൾ. 3. കോളനികളിലും മറ്റ് ഭാഗങ്ങളിലും, പ്രത്യേകിച്ച് ഗണ്യമായ ഒരുവിഭാഗം കുടുംബങ്ങൾ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നു. സ്വന്തമായി സ്ഥലവും വീടുമില്ലാത്ത കുടുംബങ്ങളും ഉണ്ട്. 4. ചന്ദനവരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് സാമഗ്രികളുടെ ലഭ്യത കുറവും കൂലി ഉപേക്ഷിക്കേണ്ടതായി വന്നിട്ടുണ്ട്.

KARAVALOOR PANCHAYAT

BAR DIAGRAM SHOWS FLUCTUATION OF HUMIDITY(1994)



PROCESSED BY PRM, CESS

(Source - Observatory station, Punalur)


KASARAGOD
CANNANORE
WAYANAD
KOZHIKODE
PALGHAT GAP
TRICHUR
Tamil Nadu,,
Lakshadweep Sea
IDUKKI
KOTTAYAM
ALLEPPEY
TRIVANDRUM
KEY
High Land above 75 m.
Midland 8.75 m.
Low Land Blown 8 m.